# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്)
SUCI [C]
സംസ്ഥാന കമ്മിറ്റി മുഖപത്രം

ആഗസ്റ്റ് 2021 | വാല്യം 48 ലക്കം 4 | ചീഫ് എഡിറ്റർ: വി.വേണുഗോപാൽ | പേജ് 16 | വില 5.00 രൂപ


**കോവിഡ് മഹാവ്യാധി**

## രൂക്ഷമാകുന്ന ജീവിതപ്രതിസന്ധി; കരുണയറ്റ് സർക്കാരുകൾ

**കോവിഡ് മഹാവ്യാധിമൂലം സൃഷ്ടിക്കപ്പെട്ടിരിക്കുന്ന സാമ്പത്തിക പ്രതിസന്ധി, അളക്കാനാവാത്ത അനിശ്ചിതത്വത്തിലേക്കും ജീവിതക്ലേശങ്ങളിലേക്കും ജനങ്ങളെ എടുത്തെറിഞ്ഞിരിക്കുകയാണ്. സംസ്ഥാനത്തെ കുറെയധികം കുടുംബങ്ങളെയോ വ്യക്തികളെയോ മാത്രമല്ല, മറിച്ച് ജനങ്ങളെ ഒന്നാകെ അടിമുടി ഉലച്ചിരിക്കുന്ന പ്രതിസന്ധിയുടെ സ്വഭാവമാണ് അതിനുള്ളത്. വ്യാപാര-വ്യവസായ-തൊഴിൽ മേഖലകളുടെ തകർച്ച പരസ്പരം സ്വാധീനിക്കുന്നതിനാൽ അവയുടെ സഞ്ചിതമായ ആഘാതം, ആഴമാർന്നതും വ്യാപകവുമായ അസാധാരണ പ്രതിസന്ധിയുടെ രൂപത്തിലേക്ക് വളർന്നിരിക്കുന്നു.**

നിത്യവൃത്തിക്കുള്ള വരുമാനം സൃഷ്ടിക്കുന്ന എല്ലാ ഉറവിടങ്ങളും അടഞ്ഞുപോയി എന്നത് സംസ്ഥാനത്തെ മൂന്നേകാൽ കോടിവരുന്ന ജനസംഖ്യയുടെ മഹാഭൂരിപക്ഷത്തെയും ഗതികെട്ടവരാക്കിക്കഴിഞ്ഞു. ഇരുളടഞ്ഞ ഈ സാഹചര്യത്തിനുമപ്പുറം പ്രതീക്ഷയുടെ ചെറുകിരണംപോലും കാണാനാവാതെ, ജീവനൊടുക്കുന്ന ഗൃഹനാഥന്മാരുടെയും കുടുംബങ്ങളുടെയും വാർത്തകൾ നിരന്തരം പ്രവഹിക്കുകയാണ്. ചെറുകിട വ്യാപാരികൾ മാത്രം ഇതിനോടകം 29 പേർ ആത്മഹത്യ ചെയ്തു എന്ന ഹൃദയഭേദകമായ വസ്തുത വ്യാപാരികളുടെ സംഘടന വേദനയോടെ നമ്മെ അറിയിക്കുന്നു.

ഈ മഹാവ്യാധി നിമിത്തം ജനങ്ങൾ നേരിടുന്ന അതീവഗുരുതരമായ ജീവിത പ്രതിസന്ധിയെ നേരിടാൻ സർക്കാരുകൾ എന്താണ് ചെയ്യുന്നത്? കോവിഡ് സൃഷ്ടിച്ചിട്ടുള്ള സാമ്പത്തിക തകർച്ചയുടെ ആഴം ശാസ്ത്രീയമായി പഠിക്കാനോ അതിനനുസൃതമായ പരിഹാരം കണ്ടെത്താനോ ഒരു ചെറുപരിശ്രമംപോലും സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുന്നില്ല. സെന്റർ ഫോർ മോണിറ്ററിംഗ് ഇൻഡ്യൻ ഇക്കണോമിയുടെ സർവ്വേ പ്രകാരം 55 ശതമാനം ജനങ്ങളുടെയും ഗാർഹിക വരുമാനം ഇടിഞ്ഞിരിക്കുന്നു. വരുമാനത്തിൽ എന്തെങ്കിലും വർദ്ധ

(ശേഷം 2–ാം പേജിൽ)

## ഭീകര മർദ്ദനത്തെ അതിജീവിച്ച് കരിമണൽ ഖനനവിരുദ്ധ സമരം

പിണറായി സർക്കാരിന്റെ ഭീകരമായ പോലീസ് അടിച്ചമർത്തലിനെ നേരിട്ടും കോവിഡ് മഹാമാരിയെ അതിജീവിച്ചും ആലപ്പുഴയുടെ തീരത്ത് കരിമണൽ ഖനനവിരുദ്ധ സമരം മുന്നേറുകയാണ്. തീരവും തീരവാസികളുടെ ജീവിതവും തകർക്കുന്ന, തികച്ചും അശാസ്ത്രീയമായ ഖനനവും സാമൂഹ്യ വിരുദ്ധമായ മണൽകടത്തും തടഞ്ഞ സമരസമിതി പ്രവർത്തകരെ ക്രൂരമായാണ് പോലീസ് തല്ലിച്ചതച്ചത്.




കരിമണൽ ഖനനവിരുദ്ധ ഏകോപന സമിതിയുടെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 9ന് നടന്ന സെക്രട്ടേറിയറ്റ് മാർച്ചിനെ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടേറിയറ്റംഗം സഖാവ് ആർ.കുമാർ അഭിവാദ്യം ചെയ്യുന്നു

ക്രൂരമർദ്ദനത്തിനിരയായ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) നേതാവും കരിമണൽ ഖനനവിരുദ്ധ ഏകോപന സമിതി വൈസ് ചെയർമാനുമായ ബി.ഭദ്രനെയും സമിതി എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം രാജു വേലായിലിനെയും ആലപ്പുഴ മെഡിക്കൽ കോളേജ് ട്രോമാകെയർ യൂണിറ്റിൽ പ്രവേശിപ്പിച്ചു. വിപിൻ വിശ്വംഭരൻ, പ്രണവ്, പ്രിൻസ് എന്നിവരെ വിദഗ്ദ്ധ ചികിത്സയ്ക്ക് വിധേയരാക്കി. സമിതി ചെയർമാൻ എസ്.സുരേഷ് കുമാർ അടക്കമുള്ള ജനനേതാക്കളെ പോലീസ് കൈകാര്യം ചെയ്ത രീതി തീരദേശമേഖലയിലും സംസ്ഥാനത്തുടനീളവും കടുത്ത പ്രതിഷേധത്തിനിടയാക്കിയിട്ടുണ്ട്. സമരം അടിച്ചമർത്താമെന്ന സർക്കാരിന്റെ വ്യാമോഹം നടപ്പിലായില്ലെന്ന് മാത്രമല്ല കൂടുതൽ പങ്കാളിത്തത്തോടെ മുന്നേറുകയുമാണ്.

ജൂലൈ 29ന് സമരത്തിന്റെ അമ്പതാം ദിവസമാചരിച്ചുകൊണ്ട് 50 സത്യാഗ്രഹികളെയും സമരത്തിൽ പൊലീസ് മർദ്ദനമേറ്റവരെയും ആദരിച്ചു. തോട്ടപ്പള്ളിയിൽ കരിമണൽ ഖനനത്തെ തുടർന്ന് തകർന്നുപോയ കുട്ടികളുടെ പാർക്ക് വൃത്തിയാക്കി അതിലാണ് അനുമോദന ചടങ്ങ് നടന്നത്. അത് പോലീസ് മർദ്ദനത്തിനെതിരായ ശക്തമായ താക്കീതായി മാറി. സത്യാഗ്രഹികളും സമരസേനാനികളും കുടുംബാംഗങ്ങളും എത്തിച്ചേർന്ന പ്രൗഢ സദസ്സ് സമരത്തിന്റെ തീവ്രത ഏറ്റുവാങ്ങുന്ന ഒന്നായിരുന്നു. എഐഡിഎസ്ഒ നേതാക്കളായ ആർ.ജതിൻ, വി.പി.വിദ്യ, ആർ.മീനാക്ഷി എന്നിവരുടെ നേതൃത്വത്തിലെത്തിയ വിദ്യാർത്ഥിസംഘം സമരത്തെ അഭിവാദ്യം ചെയ്തത് കൗതുകകരവും ആവേശകരവുമായിരുന്നു. ഗായത്രി സ്വാമി നാഥന്റെ ഗാനാലാപനത്തോടെയാണ് ചടങ്ങ് തുടങ്ങിയത്.

കരിമണൽ ഖനന വിരുദ്ധ ഏകോപന സമിതി ചെയർമാൻ

(ശേഷം 7–ാം പേജിൽ)

## അഫ്ഗാനിസ്ഥാനിലെ സംഭവ വികാസങ്ങളെ സംബന്ധിച്ച്

അഫ്ഗാനിസ്ഥാനിലെ സംഭവ വികാസങ്ങളിൽ അത്യധികം ആശങ്ക പ്രകടിപ്പിച്ചുകൊണ്ട് എസ് യുസിഐ(കമ്മ്യൂണിസ്റ്റ്) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ്ഘോഷ് പുറപ്പെടുവിച്ച പ്രസ്താവന.

അമേരിക്കയുടെതന്നെ അതീവ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയും, യുഎസ് സാമ്രാജ്യത്വവാദികളുടെ യുദ്ധവെറിപൂണ്ട നടപടികൾക്കെതിരെ സ്വജനതയിൽ നിന്നുയരുന്ന ശക്തമായ രോഷവും അതോടൊപ്പം, ജനങ്ങളാൽ വെറുക്കപ്പെട്ടവരും അഴിമതിയിൽ മുങ്ങിയതുമായ അഫ്ഗാനിലെ അമേരിക്കൻ പാവസർക്കാരിനെ സംരക്ഷിക്കാൻ കഴിയാത്ത സാഹചര്യവും നേരിടുന്ന യുഎസ് സാമ്രാജ്യത്വം, സമകാലിക ലോകത്തെ ഏറ്റവും പിന്തിരിപ്പൻ ഇസ്ലാമിക മതമൗലികവാദ ശക്തികളായ താലിബാനുമായി രഹസ്യകരാർ ഉണ്ടാക്കിക്കൊണ്ട് അധികാരം അവർക്ക് വിട്ടുകൊടുത്തിരിക്കുന്നു.

അഫ്ഗാനിസ്ഥാനിൽ ഒരിക്കൽ ഉയർന്നുവന്ന ജനാധിപത്യ പ്രസ്ഥാനത്തെ തകർക്കുവാനായി ഇതേ താലിബാൻ നയിച്ച പ്രതിലോമ മതമൗലിക ശക്തികളെ പാലൂട്ടിവളർത്തിയതും അമേരിക്കൻ സാമ്രാജ്യത്വം തന്നെയായിരുന്നു. ഇന്നുമതിനെ പിൻതുണക്കുന്നത് സാമ്രാജ്യത്വത്തിന്റെ സ്വന്തം താല്പര്യം സംരക്ഷിക്കാൻ വേണ്ടിത്തന്നെയാണ്. അത്തരമൊരു ചെയ്തിയിലൂടെ സ്വാതന്ത്ര്യ കാംക്ഷികളായ അഫ്ഗാൻ ജനതയെ മൃഗീയ ശക്തി ഉപയോഗിച്ച് ഭയവിഹ്വലരാക്കി വേട്ടയാടുന്ന അങ്ങേയറ്റം മധ്യയുഗീനമായ ഭീകര ശക്തികളുടെ കീഴിലേക്ക് എറിഞ്ഞുകൊടുത്തുവെന്നത് ഞെട്ടലുളവാക്കുന്ന കാര്യമാണ്.

അധികാരം കൈയടക്കാൻ താലിബാന് അവസരം ഒരുക്കികൊടുത്തതിലൂടെ അവർക്ക് ഏറ്റവും അപരിഷ്കൃതമായ മധ്യകാല ഇസ്ലാമിക രാഷ്ട്രം പടുത്തുയർത്താനും അഫ്ഗാൻ ജനതയുടെ എല്ലാ വിധത്തിലുമുള്ള ജനാധിപത്യാഭിലാഷങ്ങളെ ചവിട്ടി മെതിക്കാനും ഇടനൽകിയിരിക്കുന്നു. എന്നുമാത്രമല്ല, ശക്തമായ മുൻകാല സോഷ്യലിസ്റ്റ് ചേരിയുടേയും തൊളിലാളിവർഗ്ഗ സമരങ്ങളുടെയും സാമ്രാജ്യത്വ വിരുദ്ധ മുന്നേറ്റങ്ങളുടെയും അഭാവത്തെ മുതലെടുത്തുകൊണ്ടും സാമ്രാജ്യത്വ -ഫാസിസ്റ്റ് ശക്തികളുടെ രക്ഷാകർത്തൃത്വത്തോടെയും, ആഗോള മത മൗലിക ശക്തികളെ ഊട്ടി വളർത്തി ശാസ്ത്രീയ ജനാധിപത്യ മതേതര ചിന്തകളെ തടയാൻ ഇത് വഴിയൊരുക്കുമെന്നു ഞങ്ങൾ ആശങ്കപ്പെടുന്നു.

ഈ സാഹചര്യത്തിൽ, അഫ്ഗാനിസ്ഥാനിലെ പുരോഗമന ജനാധിപത്യ ശക്തികൾ ജനാധിപത്യ ശയങ്ങളുടെ പാത സ്വീകരിച്ച കൊണ്ട് തങ്ങളുടെ സ്വന്തം രാജ്യത്ത് വിപ്ലവ മുന്നേറ്റങ്ങൾ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ പിന്തിരിപ്പൻ താലിബാൻ ഭരണകൂടത്തെ പരാജയപ്പെടുത്താനായി സംഘടിതമായി ഉയർന്നു വരുമെന്നും മുന്നേറുമെന്നും ഞങ്ങൾ പ്രത്യാശിക്കുന്നു. പ്രതിസന്ധി നിറഞ്ഞ ഈ നാളുകളിൽ അഫ്ഗാനിലെ ജനങ്ങളോടൊപ്പം നിലകൊള്ളണമെന്ന് ലോകമെമ്പാടുമുള്ള നേർദിശയിൽ ചിന്തിക്കുന്ന ജനങ്ങളോട് ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ■


8 സർക്കാരിനെതിരെ ഉയരുന്ന യുവജന രോഷം
9 ഓഹരിക്കമ്പോളത്തിലെ ഉയർച്ച സമ്പദ്ഘടനയുടെ രോഗാവസ്ഥ
14 അമേരിക്കൻ പിന്തുണയോടെ ക്യൂബയിൽ അട്ടിമറിശ്രമം

കോവിഡ് പ്രതിസന്ധി

# സമസ്ത മേഖലകളിലെയും തകർച്ച തൊഴിലില്ലായ്മ രൂക്ഷമാക്കിയിരിക്കുന്നു

(1-ാം പേജിൽ നിന്ന്)

നവ് ഉണ്ടായിട്ടുള്ളത്, വെറും മൂന്ന ശതമാനംപേർക്ക് മാത്രമാണ്. പഴയപടി തുടരുന്ന 42 ശതമാനത്തിന്റെ വരുമാനം പണപ്പെരുപ്പവും വിലക്കയറ്റവും നിമിത്തം ഇടിഞ്ഞതായിത്തന്നെ കരുതാം. അതായത് ജനസംഖ്യയുടെ 97 ശതമാനത്തിന്റെയും വരുമാനം ഇടിയുകയാണ് ഉണ്ടായിട്ടുള്ളതെന്ന ഞെട്ടിപ്പിക്കുന്ന ചിത്രമാണ് ഈ സർവ്വേ നൽകുന്നത്. തരംതാണ പോപ്പുലാരിറ്റിക്കും കൃത്രിമമായ പ്രതിഛായ നിർമ്മാണത്തിനുംവേണ്ടി സ്വീകരിക്കുന്ന തുച്ഛമായ സഹായപ്രവർത്തനങ്ങളുടെ തൊലിപ്പുറമെയുള്ള നടപടികളിലൂടെ പരിഹാരം കാണാവുന്ന പ്രതിസന്ധിയല്ല കേരളം നേരിടുന്നതെന്ന് ഇത് വ്യക്തമാക്കുന്നു.

## നിശ്ചലമായ തൊഴിൽ മേഖല

പതിറ്റാണ്ടുകളായിത്തന്നെ കേരളം അതിരൂക്ഷമായ തൊഴിലില്ലായ്മയെ അഭിമുഖീകരിക്കുന്ന സംസ്ഥാനങ്ങളിലൊന്നാണ്. കോവിഡ് മഹാവ്യാധി തൊഴിൽ മേഖലയിൽ സൃഷ്ടിച്ച ആഘാതമാകട്ടെ, ഈ സാമൂഹ്യപ്രശ്നത്തെ ഞെട്ടിപ്പിക്കുന്ന മാനത്തിലേക്ക് വളർത്തിയിരിക്കുന്നു. ജീവിതവ്യവഹാരങ്ങൾ വിലക്കപ്പെട്ടിട്ട് ഏതാണ്ട് ഒന്നര വർഷത്തോളമാകുന്നു. സൂക്ഷ്മ-ചെറുകിട വ്യവസായം, വ്യാപാര രംഗം ഒന്നടങ്കം, ഗതാഗതം, നിർമ്മാണം, ട്രാവൽ ആന്റ് ടൂറിസം, വിനോദം എന്നീ മേഖലകൾ മാഹാവ്യാധി സൃഷ്ടിച്ച ദുരന്തത്തിന് പ്രത്യക്ഷ ഇരയാണ്. ഈ രംഗങ്ങളിൽ പണിയെടുക്കുന്ന ലക്കണക്കിന് തൊഴിലാളികൾ പണിനഷ്ടപ്പെട്ട് നരകിക്കുകയാണ്. ചെറുതും വലുതുമായ എണ്ണമറ്റ തൊഴിലിടങ്ങളും സ്വയംതൊഴിൽ സംരംഭങ്ങളും പൂർണ്ണമായി ഒടുങ്ങി. ഓട്ടോ-ടാക്സി-ബസ് തൊഴിലാളികൾ, അസംഘടിത മേഖലയിലെ തൊഴിലാളികൾ, ഹോട്ടൽ-റസ്റ്റോറന്റ് ഉടമകൾ, തൊഴിലാളികൾ, കരാർ തൊഴിലാളികൾ എന്നുവേണ്ട എങ്ങനെയെങ്കിലും ജീവിതം കരുപ്പിടിപ്പിക്കാൻ മാർഗ്ഗമന്വേഷിച്ചിറങ്ങിയ സമൂഹത്തിന്റെ ഗണ്യമായൊരു വിഭാഗം അനിശ്ചിതമായ ജീവിതസാഹചര്യങ്ങളെ നേരിടാൻ വഴികാണാതെ ഉഴലുകയാണ്.

കൊല്ലത്ത് മിൽമയിൽ ഡ്രൈവർ തസ്തികയിലേക്കുള്ള ഒരു താൽക്കാലിക ഒഴിവിലേയ്ക്ക് ഇന്റർവ്യൂവിനെത്തിയ ആയിരത്തിലേറെ ഉദ്യോഗാർത്ഥികളുടെ നീണ്ട ക്യൂ കേരളം ഇന്ന് കടന്നുപോകുന്ന ആശങ്കാജനകമായ സാഹചര്യത്തിന്റെ നേർകാഴ്ചയാണ്. തന്നെ ആശ്രയിക്കുന്നവരെ പട്ടിണികൂടാതെ നിലനിർത്താൻ എവ്വിധവും ഒരു തൊഴിൽ ലഭിച്ചേ മതിയാകൂ എന്ന സമ്മർദ്ദത്തിൽ വീർപ്പുമുട്ടുകയാണ് കേരളത്തിലെ യുവാക്കളൊന്നാകെ. സംസ്ഥാനമെമ്പാടും വഴിയോരങ്ങളിൽ എന്തെങ്കിലും ഉൽപ്പന്നവും നിരത്തിവച്ച്, ഒരിക്കലും നടക്കാനിടയില്ലാത്ത കച്ചവടവും പ്രതീക്ഷിച്ച്, തലയും കൈയ്യിൽത്താങ്ങി നിരാശയോടെ കാത്തിരിക്കുന്ന പതിനായിരങ്ങളുടെ ദൃശ്യം ഒരു കോവിഡാനന്തര ദുരന്തമാണ്. അവർ നിരത്തിവച്ചിരിക്കുന്ന ഉൽപ്പന്നങ്ങളുടെ ആകെ വില ആയിരം രൂപയ്ക്കു താഴെ മാത്രമേ ഉള്ളുവെങ്കിൽ അവരുടെ ഒരു ദിവസത്തെ വരുമാനം എത്ര തുച്ഛമായിരിക്കും. എങ്കിലും അങ്ങേയറ്റം അനിശ്ചിതമായ വഴിയോരക്കച്ചവട രംഗത്തേക്ക് കടന്നുവരുന്നവരുടെ എണ്ണം കുതിക്കുകയാണ്. അതിരാവിലെ മുതൽ പാതിരാത്രി വരെ ഇരുചക്രവാഹനത്തിൽ ഓൺലൈൻ ഫുഡ് ഡെലിവറി നടത്തുന്ന ചെറുപ്പക്കാർ ഒരു ദിനം സമ്പാദിക്കുന്നത് വളരെ തുച്ഛമായ തുകയാണ്. എങ്കിലും ആ രംഗത്ത് വിയർപ്പൊഴുക്കാൻ ആയിരക്കണക്കിന് യുവാക്കൾ തയ്യാറാകുന്നത് തൊഴിൽ ലഭ്യതയുടെ രംഗത്ത് അവർ നേരിടുന്ന അരക്ഷിതാവസ്ഥ അത്രമേൽ കഠിനമാണെന്നതിനാലാണ്. നമ്മുടെ സംസ്ഥാനത്തെ ഗ്രസിച്ചിരിക്കുന്ന തൊഴിലില്ലായ്മയുടെയും വരുമാനത്തകർച്ചയുടെയും യഥാർത്ഥ സ്ഥിതി വ്യക്തമാകാൻ ഈ ഉദാഹരണങ്ങൾ മാത്രം മതി. കോവിഡിന്റെ പേരിൽ മരവിക്കപ്പെട്ടതിനാൽ അർഹമായ നിയമനം ലഭിക്കാതെപോയ റാങ്ക് ഹോൾഡേഴ്സ് ഉൾപ്പെടുന്ന ലിസ്റ്റ് റദ്ദാക്കപ്പെടുന്നത് തൊഴിൽരഹിതരുടെ കണ്ണീരൊഴുകുന്ന ഈ സംസ്ഥാനത്താണെന്നത് നാം വിസ്മരിക്കരുത്. കേരളീയസമൂഹം പേറുന്ന ഏറ്റവും ഗുരുത പ്രശ്നമായ തൊഴിലില്ലായ്മ ഇപ്പോൾ സംസ്ഥാനം ഭരിക്കുന്ന സർക്കാരിന് ഒരു പരിഗണനാവിഷയം പോലുമല്ല എന്നാണ് ഇതു തെളിയിക്കുന്നത്.

## തകർന്നടിഞ്ഞ് ചെറുകിട വ്യാപാരം

കോവിഡ് മഹാമാരിയെത്തുടർന്ന് ചെറുകിട വ്യാപാരമേഖല കടുത്ത പ്രതിസന്ധിയിലാണ്. 2020 മാർച്ചിൽ അപ്രതീക്ഷിതമായി പ്രഖ്യാപിക്കപ്പെട്ട ദേശീയ ലോക്ഡൗൺ മുതൽ കടകൾ ഏതാണ്ട് അടച്ചിട്ടിരിക്കുന്ന അവസ്ഥയിലാണ്. കടകൾക്ക് മുടക്കമാണെങ്കിലും വാടക, കറന്റ് ചാർജ്ജ്, വായ്പ തവണ ഇവയ്ക്കൊന്നിനും മുടക്കമില്ല. നിത്യനിദാന ച്ചെലവുകൾക്കുപോലും മാർഗ്ഗമില്ലാത്തവരായി ചെറുകിട കച്ചവടക്കാർ തകർന്നു. കഴിഞ്ഞ വർഷം, നീണ്ടകാലം കടകൾ പൊടുന്നനെ അടച്ചിട്ടതുവഴി സ്റ്റോക്കുചെയ്തിരുന്ന സാധനങ്ങളിൽ വലിയൊരു പങ്കം പാഴായി, ലക്ഷങ്ങളുടെ നഷ്ടമുണ്ടായി. 2020 വർഷാവസനത്തോടെ കോവിഡ് നിയന്ത്രണങ്ങളിൽ ഇളവുകൾ വന്നതോടെ കടകൾ തുറക്കുന്നതിനുവേണ്ടി ഭീമമായ വായ്പ എടുത്ത് വീണ്ടും സ്റ്റോക്ക് ചെയ്തു. 2021 ഏപ്രിൽ മാസത്തിൽ സംസ്ഥാന ലോക്ക്ഡൗണിലേക്ക് കേരളം പോയി. ഏതാണ്ട് രണ്ട് മാസത്തോളം പൂർണ്ണമായും അടച്ചിടേണ്ട ദുരവസ്ഥ വീണ്ടും സംജാതമായി. കടുത്ത നിയന്ത്രണങ്ങളിലായിരുന്ന വ്യാപാരസ്ഥാപനങ്ങൾ. തുറക്കുവാൻ അനുമതിയുള്ളതുതന്നെ ചുരുക്കം ദിനങ്ങളിൽ. തിരക്കേറുന്ന സായാഹ്നസമയത്ത് കട അടയ്ക്കുകയും വേണം. ശനിയും ഞായറും സമ്പൂർണ്ണ ലോക്ഡൗൺ. പ്രാദേശിക നിയന്ത്രണങ്ങൾ വേറെ. അടച്ചിടേണ്ടി വന്നതോടൊപ്പം വൻതോതിൽ കച്ചവടം കുറഞ്ഞതുവഴിയും വിൽപ്പനവസ്തുക്കളിൽ പകുതിയിലധികവും ഒരിക്കൽകൂടി നഷ്ടപ്പെട്ടതോടെ വ്യാപാരികളുടെ-പ്രത്യേകിച്ചും ചെറുകിട വ്യാപാരികളുടെ-സ്ഥിതി പരമദയനീയമായി. ഈ വ്യാപാരികളുടെ തലയിലേക്കാണ് കട അടയ്ക്കാൻ വൈകി എന്ന കുറ്റം ആരോപിച്ച് പോലീസ് ആയിരങ്ങളുടെ പിഴ അടിച്ചേൽപ്പിക്കുന്നത്. കോവിഡ് നിയന്ത്രണമെന്ന സാമൂഹ്യ ഉത്തരവാദിത്തത്തിന്റെ പേരിൽ ഏറ്റവുമധികം നഷ്ടവും ക്ലേശവും നേരിട്ട ഒരു വിഭാഗത്തിനുനേരെയാണ് ഈ ക്രൂരത കാട്ടുന്നതെന്ന് നാം വിസ്മരിക്കരുത്.

തിരക്കൊഴിവാക്കാൻ എല്ലാ ദിവസവും കൂടുതൽ സമയം കടകൾ തുറന്നുപ്രവർത്തിക്കുവാൻ അനുവദിക്കുകയാണ് വേണ്ടതെന്ന് ഐ.എം.എ ആവശ്യപ്പെട്ടിട്ടും ധിക്കാരപൂർവ്വം ഈ നിയന്ത്രണങ്ങൾ തുടരുകയാണ് ചെയ്തത്. വ്യാപാരികൾ പൊറുതിമുട്ടി, പോലീസിനോട് ഏറ്റുമുട്ടുന്ന സ്ഥിതി ഉണ്ടാകുന്നിടംവരെ സർക്കാർ കാത്തിരുന്നു. സർക്കാരിനെ നയിക്കുന്ന വിവരക്കേടിന്റെ അൽപ്പത്തരത്തിനും വിവേകരാഹിത്യത്തിനും അഹന്തയ്ക്കും വ്യാപാരികൾ വില നൽകേണ്ടി വന്നു. ശാസ്താംകോട്ടയിലെ കുരങ്ങിന്റെയും തെരുവിൽ അലയുന്ന പട്ടികളുടെയും ഭക്ഷണം ഉറപ്പാക്കാൻ പത്രസമ്മേളനം നടത്തിയ മുഖ്യമന്ത്രി, ആത്മഹത്യ ചെയ്യുന്ന വ്യാപാരികളുടെ ദുരിതം അറിഞ്ഞതേയില്ല.

ചെറുകിട കടകളുടെ ഉടമകളോടൊപ്പം അതിലേറെ തകർന്നത് ഈ സ്ഥാപനങ്ങളിൽ പണിയെടുക്കുന്ന ലക്ഷക്കണക്കിന് തൊഴിലാളികളും ജീവനക്കാരും അനുബന്ധ രംഗങ്ങളിൽ പണിയെടുക്കുന്നവരുമാണ്. പ്രതിസന്ധി മറികടക്കാനാകാതെ ഇരുപതിനായിരത്തിലേറെ കടകൾ പൂട്ടിയിട്ടുണ്ടെന്നാണ് സർക്കാർകണക്കെങ്കിലും പൂട്ടപ്പെട്ട വ്യാപാരസ്ഥാപനങ്ങളുടെ എണ്ണം അതിനുംമേലെയാണ്. ആത്മഹത്യ ചെയ്ത വ്യാപാരികളിൽ ആരുംതന്നെ ജീവിച്ച് കൊതിതീർന്നവരല്ല, അകപ്പെട്ടുപോയിരിക്കുന്ന പ്രതിസന്ധിയെ മറികടക്കാൻ ഉപായം കാണാതെ ജീവിതം അവസാനിപ്പിച്ചവരാണ്. രണ്ടാം വരവിന്റെ ഉന്മത്തതയിൽ മതിമറന്നിരിക്കുന്ന പിണറായി വിജയൻ സർക്കാർ ഇത് വിസ്മരിക്കുകയാണ്.

വ്യാപാരികളുടെ ശക്തമായ പ്രതിഷേധത്തെത്തുടർന്ന് ഒടുവിൽ കൊണ്ടുവന്നിട്ടുള്ള ഇളവുകൾ യഥാർത്ഥത്തിൽ കടുത്ത നിബന്ധനകളാണ്. രാത്രി ഒമ്പതുമണിവരെ കടകൾ തുറക്കാം, കടകൾ മാത്രമല്ല, മാർക്കറ്റുകൾ, ബാങ്കുകൾ, ധനകാര്യ സ്ഥാപനങ്ങൾ, ഫാക്ടറികൾ, വ്യവസായ യൂണിറ്റുകൾ, ടൂറിസം കേന്ദ്രങ്ങൾ എല്ലാം തിങ്കൾ മുതൽ ശനിവരെ തുറക്കാം. പക്ഷേ ആള് കയറില്ല. കാരണം ആളുകൾക്ക് പുറത്തിറങ്ങണമെങ്കിൽ കർശന നിബന്ധനകൾ മറികടക്കണം. ഒരു ഡോസ് വാക്സിനെടുത്ത് പതിനാല് ദിവസം പിന്നിട്ടവർ, കോവിഡ് പോസിറ്റീവ് ആയി ഒരു മാസംകഴിഞ്ഞവർ, ആർ.ടി.പി.സി.ആർ ടെസ്റ്റ് ചെയ്ത് നെഗറ്റീവ് ആയവർ ഇവർക്കൊക്കെ മാത്രമേ പുറത്തിങ്ങാൻ അനുവാദമുള്ളൂ. ഇത് ഗുരുതരമായ പൗരാവകാശ ലംഘനമാണ്. പ്രത്യക്ഷത്തിൽ കരുതലുള്ള ഇളവുകൾ എന്നുതോന്നുമെങ്കിലും സദാ പോലീസ് നിരീക്ഷണത്തിലാണ് തങ്ങളെന്ന് ഓരോ പൗരനിലും ബോധം സൃഷ്ടിച്ചെടുക്കുന്ന പ്രക്രിയയാണ് നിബന്ധനകളുടെ പിന്നിൽ ഒളിച്ചിരിക്കുന്നത്. ഒപ്പം വാക്സിനേഷനുവേണ്ടി ജനങ്ങൾ സ്വകാര്യ ആശുപത്രികളെ ആശ്രയിക്കാനും നിർബന്ധിതരാകും. പരമാവധി ആളുകൾ നിയമങ്ങളും നിബന്ധനകളും തെറ്റിച്ചുകാണണമെന്നു ആഗ്രഹിക്കുന്ന വികലമനോഗതിയാണ് സർക്കാരിനുള്ളത്.

മഹാവ്യാധിയുടെ സാഹചര്യം ഉപയോഗപ്പെടുത്തി ഓൺലൈൻ വ്യാപാരം വൻകുതിപ്പിലാണ്. കടകൾ തുറന്ന പ്രവർത്തിക്കാൻ അനുവദിക്കാതിരിക്കുകയും ഓൺലൈൻ വ്യാപാരം യഥേഷ്ടം അനുവദിക്കപ്പെടുകയും ചെയ്തത് ചെറുകിട വ്യാപാരത്തെ വൻതോതിൽ പ്രതികൂലമായി ബാധിക്കുകയുണ്ടായി. നോട്ടുനിരോധനവും ജിഎസ്ടിയുംമൂലം നടുവൊടിഞ്ഞ വ്യാപാരമേഖലയാണ് കോവിഡിൽ മൂക്കുംകുത്തി വീണിരിക്കുന്നത്. മുൻവർഷങ്ങളിലുണ്ടായ പ്രളയവും ചെറുകിടവ്യാപാരമേഖലയ്ക്ക് കനത്ത ആഘാതമേൽപ്പിച്ചാണ് കടന്നുപോയത്.

ചെറുകിട വ്യാപാരമേഖലയുടെ സംരക്ഷണത്തിന് സർക്കാർ അടിയന്തരമായി ഇടപെടണം. വ്യാപാരസ്ഥാപനങ്ങളും ബാങ്കുകളും ആഴ്ചയിൽ ആറുദിവസവും തുറക്കാൻ അനുവദിക്കുന്നതിനൊപ്പം ചെറുകിടവ്യാപാരികളുടെയും ചെറുകിട വ്യവസായികളുടെയും വായ്പ സമ്പൂർണമായും സർക്കാർ ഏറ്റെടുക്കണം. ലോക്ഡൗൺ കാലത്തെ വാടകയും കറന്റ് ചാർജ്ജും സർക്കാർ ഏറ്റെടുക്കണം.

## മോട്ടോർ തൊഴിലാളികൾ ഗുരുതരമായ തൊഴിൽ പ്രതിസന്ധിയിൽ

ലോക്ഡൗൺ, ഗതാഗതത്തെ നിശ്ചലമാക്കിയതോടെ ഈ രംഗത്ത് പണിയെടുക്കുന്ന പത്ത് ലക്ഷത്തോളം വരുന്ന ഓട്ടോ ടാക്സി തൊഴിലാളികൾ മുമ്പൊരിക്കലും നേരിട്ടിട്ടില്ലാത്ത തൊഴിൽ പ്രതിസന്ധിയാണ് നേരിടുന്നത്. തൊഴിൽ നഷ്ടപ്പെട്ട ബസ് തൊഴിലാളികളുടെ എണ്ണം ഇതിൽ ഉൾപ്പെട്ടിട്ടില്ല. ഗതാഗത മേഖലയുടെ അനുബന്ധമായ വർക്ഷോപ്പ് തൊഴിലും നിലച്ചതോടെ അവിടെയും പണി നഷ്ടപ്പെട്ടവർ ആയിരങ്ങളാണ്. വായ്പയെടുത്തും വാടകയ്ക്കും വാഹനം വാങ്ങി ആരംഭിച്ച ഒരു തൊഴിൽ മാർഗ്ഗം അടഞ്ഞതോടെ നിത്യവൃത്തിക്ക് വകയില്ലാതെയായി എന്ന മാത്രമല്ല വായ്പാത്തവണ മുടങ്ങിയതിനാൽ വാഹനവും നഷ്ടപ്പെട്ടുമെന്ന സ്ഥി

> **മടങ്ങിയെത്തിയിരിക്കുന്ന പ്രവാസികളിൽ അധികവും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരാണെന്നും 51 ശതമാനത്തിനും സ്വന്തമായി കിടപ്പാടമില്ലെന്നും കേന്ദ്രവിദേശകാര്യവകുപ്പ് നടത്തിയ സർവ്വേ പറയുന്നു. അറബ് രാഷ്ട്രങ്ങളിൽമാത്രം ആകെ തൊഴിൽ സാധ്യതയുടെ 33 ശതമാനവും ഇല്ലാതാകും എന്ന് 2020 ഏപ്രിലിൽ ബിബിസി പ്രസിദ്ധീകരിച്ച പഠനം ചൂണ്ടിക്കാണിക്കുന്നു. മടങ്ങിവരുന്ന പ്രവാസികളുടെ എണ്ണം ഇനിയും വർദ്ധിച്ചേക്കാം. വരാനിരിക്കുന്ന വലിയ ആപത്തിന്റെ സൂചനയാണിത്.**

(ശേഷം 3-ാം പേജിൽ)

# ജനങ്ങൾക്ക് നേരെയുള്ള സാമ്പത്തിക അതിക്രമങ്ങൾക്ക് കോവിഡ് കാലത്തും ശമനമില്ല

(2–ാം പേജിൽ നിന്ന്)

തിയാണ് ഉണ്ടായിട്ടുള്ളത്. തൊഴിലുമില്ല, വരുമാനവുമില്ല. എങ്കിലും വാഹനത്തിന്റെ മെയ്ന്റനൻസിനും ഇൻഷ്വറൻസിനും പണം കണ്ടെത്തുകയും വേണം. മോട്ടോർ തൊഴിലാളികൾ അക്ഷരാർത്ഥത്തിൽ എല്ലാ ഗതിയും അടഞ്ഞവരായി മാറിയിരിക്കുന്നു.

ഇന്ധനവിലയിലുണ്ടായിരിക്കുന്ന ഭീമമായ വർദ്ധനവ് തൊഴിലാളികളുടെ പ്രതിസന്ധി മൂർച്ഛിപ്പിച്ചിരിക്കുന്നു. ഓടിക്കിട്ടുന്ന തുക ഇന്ധനച്ചെലവിനുപോലും മതിയാകുന്നില്ല. വാഹനങ്ങളിൽ കോവിഡ് സുരക്ഷാ ക്രമീകരണങ്ങൾ ഒരുക്കാനും ചെലവ് ഏറെയാണ്. പ്രദേശിക ലോക് ഡൗണുകളും റയിൽവേസ്റ്റേഷൻ, ബസ് സ്റ്റാൻഡുകൾ എന്നിവ അടഞ്ഞുകിടക്കുന്നതും പ്രതിസന്ധി വർദ്ധിപ്പിക്കുന്നു. 60 വയസ്സുകഴിഞ്ഞവർ മോട്ടോർ തൊഴിലാളി ക്ഷേമനിധിയിൽനിന്ന് പുറത്താക്കപ്പെടുന്നതിനാൽ സർക്കാർ നൽകുന്ന നാമമാത്രമായ ആനുകൂല്യങ്ങൾ പോലും അവർക്ക് ലഭിക്കുന്നില്ല. സർക്കാരിന്റെ ശക്തമായ ഇടപെടലില്ലാതെ ഈ മേഖലയിലെ തൊഴിലാളികൾക്ക് പിടിച്ചുനിൽക്കാനാകില്ല. വായ്പയ്ക്ക് മൊറോട്ടോറിയം പ്രഖ്യാപിക്കുകയല്ല വേണ്ടത്, വായ്പ സമ്പൂർണമായും സർക്കാർ ഏറ്റെടുക്കണം. മൊറോട്ടോറിയം തൊഴിലാളികളുടെ സാമ്പത്തിക ബാധ്യത വർദ്ധിപ്പിക്കാൻ മാത്രമേ ഉതകൂ. തൊഴിലാളികളുടെ കോടിക്കണക്കിന് രൂപ നിക്ഷേപമായി കൈവശമുള്ള മോട്ടോർ തൊഴിലാളി ക്ഷേമനിധിബോർഡും സർക്കാരും ചേർന്ന് പ്രതിമാസം ഗൗരവപ്പെട്ട ഒരു തുക സഹായധനം പ്രതിസന്ധി അവസാനിക്കും വരെ നൽകണം.

### ഭാഗികമായി നിശ്ചലമായ നിർമ്മാണ മേഖല

സംസ്ഥാനത്തിന്റെ ആഭ്യന്തര ഉൽപ്പാദനത്തിന്റെ 15 ശതമാനവും തൊഴിലിന്റെ 20 ശതമാനവും നിർമ്മാണമേഖലയുടെ സംഭാവനയാണ്. കോവിഡ് അടച്ചുപൂട്ടൽ ഈ മേഖലയെ വൻതോതിൽ സ്തംഭിപ്പിക്കുകയുണ്ടായി. നിർമ്മാണത്തൊഴിലാളികളും കൂലിപ്പണിക്കാരുമായ വലിയൊരു വിഭാഗം സാധാരണജനങ്ങൾ കൂട്ടത്തോടെ നിലയില്ലാകയത്തിലേയ്ക്ക് തള്ളിവിടപ്പെട്ടു. നിർമ്മാണരംഗത്തും അനുബന്ധ മേഖലയിലുമായി പണിയെടുക്കുന്ന ലക്ഷക്കണക്കിന് തൊഴിലാളികൾക്ക് പണിനഷ്ടപ്പെട്ടു കഴിഞ്ഞു. നിർമ്മാണരംഗത്ത് സ്തംഭനാവസ്ഥയുണ്ട് എന്നത് ചൂണ്ടിക്കാണിക്കപ്പെട്ട പ്പോൾത്തന്നെ നിർമ്മാണ സാമഗ്രികൾക്ക് വൻതോതിൽ വിലവർദ്ധിച്ചിരിക്കുന്നു എന്ന വിപര്യയവുമുണ്ട്. സിമിന്റും കമ്പിയുമുൾപ്പടെയുള്ള എല്ലാ സാധന സാമഗ്രികളുടെയും വില 30 മുതൽ 80 വരെ ശതമാനം വരെ വർദ്ധിച്ചിച്ചിരിക്കുന്നു. കോവിഡ് ഒന്നാംതരംഗത്തിന് മുമ്പുള്ള നിരക്കുമായി തട്ടിച്ചുനോക്കിയാൽ വർദ്ധനവ് ഇതിലും ഉയർന്നതാണ്. മഹാവ്യാധിയോടൊപ്പം ഈ വിലവർദ്ധനവും നിർമ്മാണ മേഖലയെ നിശ്ചലമാക്കിയിരിക്കുന്നു. ഏകദേശം 40 ശതമാനത്തോളം നിർമ്മാണങ്ങൾ പാതിവഴിയിൽ നിലച്ചിരിക്കുകയാണെന്ന് വ്യവസായികളുടെ സംഘടനയ്ക്കുവേണ്ടി ഒരു ഏജൻസി തയ്യാറാക്കിയ പഠനം വ്യക്തമാക്കുന്നു. പുതിയ നിർമ്മാണങ്ങളാകട്ടെ തുടങ്ങാനും സാധിക്കുന്നില്ല. നിർമ്മാണ സാമഗ്രികൾക്ക് കൃതിമമായി വിലവർദ്ധിപ്പിക്കുന്ന മുതലാളിമാർക്കെതിരെ ചെറുവിരലനക്കാൻ പോലും സർക്കാരുകൾ തയ്യാറാകുന്നില്ല.

നിർമ്മാണ രംഗത്തെ പ്രതിസന്ധി പരിഹരിക്കാൻ സർക്കാരിന്റെ അടിയന്തര ഇടപെടൽ ഉണ്ടാകേണ്ടതുണ്ട്. നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റം തടയാൻ സർക്കാർ സത്വര നടപടി സ്വീകരിക്കണം.

### തൊഴിൽ നഷ്ടപ്പെട്ട് മടങ്ങിവന്നത് പത്ത് ലക്ഷം പ്രവാസികൾ!

കോവിഡ് മഹാമാരി ആഗോളതലത്തിൽ സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധി, രാജ്യത്തിന് പുറത്തു ജോലി ചെയ്തിരുന്ന ലക്ഷക്കണക്കിന് മലയാളികളുടെ ജീവിത മാർഗ്ഗത്തെ നിശേഷം ഇല്ലാതാക്കിയിരിക്കുന്നു. 40 ലക്ഷത്തോളമുള്ള പ്രവാസികളിൽ 25 ലക്ഷവും ഗൾഫ് നാടുകളിലാണ് ജോലി കണ്ടെത്തിയിരുന്നത്. 2020 മെയ് മുതൽ 2021 ജൂൺവരെ സംസ്ഥാനത്ത് മടങ്ങിയെത്തിയിരിക്കുന്നത് നോർക്കയുടെ കണക്ക് പ്രകാരം 14.63 ലക്ഷം പ്രവാസികളാണ്. തിരികെ എത്തിയവരിൽ 96 ശതമാനവും യുഎഇ, ഖത്തർ, സൗദി അറേബ്യ, ഒമാൻ തുടങ്ങിയ രാജ്യങ്ങളിൽനിന്നുള്ളവരാണ്.ഇതിൽ 10.45 ലക്ഷംപേരും തൊഴിൽ നഷ്ടപ്പെട്ട് എത്തിയിരിക്കുന്നവരാണത്രേ! ജോലി നഷ്ടമായവരും യാത്രാവിലക്കുകളെ തുടർന്ന് മടങ്ങിപ്പോകാൻ കഴിയാതെ ജോലി നഷ്ടപ്പട്ടവരും വിസ കാലാവധി കഴിഞ്ഞവരുമെല്ലാം ഈ എണ്ണത്തിലുണ്ട്. പ്രവാസികളിൽ 90 ശതമാനവും ഭീമമായ വായ്പാക്കുരുക്കിൽ അകപ്പെട്ടവരാണ്. തികച്ചും അപ്രതീക്ഷിതമായി ജോലി നഷ്ടപ്പെട്ടതുവഴി നിലനിൽപ്പിന്റെ മാർഗ്ഗം അസ്തമിച്ചു എന്നു മാത്രമല്ല, ഈ വായ്പാ ബാധ്യതകൾ അവരെ വേട്ടയാടുകയും ചെയ്യുന്നു. യൗവനകാലം മണലാരണ്യത്തിൽ

## കോവിഡ് പ്രതിസന്ധി

എരിച്ചുകളഞ്ഞ് തിരികെയെത്തിയ ഈ പ്രവാസികളിൽ വലിയൊരു പങ്കും നാട്ടിൽ ഒരു തൊഴിൽ കണ്ടെത്താനാവാത്തവിധം പ്രായപരിധി കഴിഞ്ഞവരും രോഗങ്ങളാൽ വലയുന്നവരുമാണെന്നതാണ് ഏറെയും ദൗർഭാഗ്യകരം. മടങ്ങിയെത്തിയിരിക്കുന്നവരിൽ അധികവും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരാണെന്നും 51 ശതമാനത്തിനും സ്വന്തമായി കിടപ്പാടമില്ലെന്നും കേന്ദ്രവിദേശകാര്യവകുപ്പ് നടത്തിയ സർവ്വേ പറയുന്നു. അറബ് രാഷ്ട്രങ്ങളിൽ മാത്രം ആകെ തൊഴിൽ സാധ്യതയുടെ 33 ശതമാനവും ഇല്ലാതാകും എന്ന് 2020 ഏപ്രിലിൽ ബിബിസി പ്രസിദ്ധീകരിച്ച പഠനം ചൂണ്ടിക്കാണിക്കുന്നു. വരാനിരിക്കുന്ന വലിയ ആപത്തിന്റെ സൂചനയാണിത്. മടങ്ങിവരുന്ന പ്രവാസികളുടെ എണ്ണം വർദ്ധച്ചേക്കാം. തൊഴിൽ മേഖലയിലെ പ്രതിസന്ധി അതീവ രൂക്ഷമാകും എന്നാണ് ഇതൊക്കെ കാണിക്കുന്നത്.

സംസ്ഥാനത്തിന്റെ സാമ്പത്തികനിലയെ ഗൗരവതരമയി പിന്നോട്ടടിപ്പിക്കുന്ന ഒന്നായി പ്രവാസികളുടെ മടക്കം മാറും. സംസ്ഥാന ജിഡിപിയുടെ ഇരുപത് ശതമാനത്തോളം പ്രവാസികൾ അയയ്ക്കുന്ന പണമാണ്. ഈ സാഹചര്യത്തിൽ അതിൽ ഗണ്യമായ കുറവുവരും. പണത്തിന്റെ ക്രയവിക്രയത്തിൽ ഇത് കനത്ത ആഘാതമേൽപ്പിക്കും എന്നതാണ് മറ്റൊരു കാര്യം.

കേരളത്തിന്റെ സാമ്പത്തിക നട്ടെല്ലായിരുന്ന പ്രവാസികളെ പുനരധിവസിപ്പിക്കുക എന്നത് വളരെയേറെ പ്രാധാന്യത്തോടെ സർക്കാർ ഏറ്റെടുക്കേണ്ട പ്രവർത്തനമാണ്. നാട്ടിൽ ജീവിതം കരുപ്പിടിപ്പിക്കാൻ ആവശ്യമായ ക്രമീകരണങ്ങൾ സർക്കാർ ഒരുക്കുകയാണ് വേണ്ടത്. പ്രവാസികൾക്കായി പ്രത്യേക പുനരധിവാസ പ്രവർത്തനങ്ങൾ വേണം. പ്രവാസി ക്ഷേമനിധിയിൽനിന്ന് പ്രതിമാസ പെൻഷൻ അനുവദിക്കണം. നിലവലിൽ പ്രവാസികൾ എടുത്തിട്ടുള്ള വായ്പകൾ സർക്കാർ ഏറ്റെടുക്കുകയും വേണം.

### കോവിഡ് കാലത്ത് ജനങ്ങൾക്ക് എതിരെ സാമ്പത്തിക അതിക്രമങ്ങൾ പ്രവഹിക്കുന്നു

ഈ സാഹചര്യങ്ങളോ ആശങ്കകളോ ഒന്നുംതന്നെ നമ്മുടെ ഭരണാധികാരികളെ തെല്ലും അലട്ടുന്നില്ല. നിലയില്ലാത്ത ദുരിതക്കയത്തിലേക്ക് വീണുകഴിഞ്ഞ ജനങ്ങളോട് തരിമ്പും കരുണകാട്ടുന്നില്ലെന്നു മാത്രമല്ല, അവരെ കുത്തിക്കവരുന്നതിൽ കേന്ദ്രത്തിലെയും സംസ്ഥാനത്തെയും സർക്കാരുകൾ മൽസരിക്കുന്നു. ദൈനംദിന ജീവിതം മുന്നോട്ടുകൊണ്ടുപോകാൻ ഒരു വഴിയുമില്ലാതെ അസ്തപ്രജ്ഞരായി നിൽക്കുന്ന ജനങ്ങൾക്കുമേൽ പെട്രോൾ ഡീസൽ ചാർജ്ജ് വർദ്ധനവുകൾ അടിച്ചേൽപ്പിച്ച് ക്രൂരതയുടെ കൃത്യമാർന്ന പര്യായമായി മാറിയിരിക്കുകയാണ്

> **ദൈനംദിന ജീവിതം മുന്നോട്ട് കൊണ്ടുപോകാനാകാതെ അസ്തപ്രജ്ഞരായി നിൽക്കുന്ന ജനങ്ങൾക്കുമേൽ പെട്രോൾ-ഡീസൽ ചാർജ്ജ് വർദ്ധനവുകൾ അടിച്ചേൽപ്പിച്ച് ക്രൂരതയുടെ പര്യായമായി മാറിയിരിക്കുകയാണ് കേന്ദ്രസർക്കാർ. അവശ്യനിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം വറചട്ടിയിൽനിന്ന് എരിതീയിലേയ്ക്ക് ജനങ്ങളെ എടുത്തെറിഞ്ഞിരിക്കുന്നു. നികുതി ഇളവു ചെയ്ത് ജനങ്ങൾക്ക് ആശ്വാസം നൽകുന്നതിനെക്കുറിച്ച് സംസ്ഥാന സർക്കാരും ചിന്തിക്കുന്നില്ല.**

കേന്ദ്രസർക്കാർ. അവശ്യനിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം വറചട്ടിയിൽനിന്ന് എരിതീയിലേയ്ക്ക് ജനങ്ങളെ എടുത്തെറിഞ്ഞിരിക്കുന്നു. ഇതിനിടയിൽ പാചകവാതസബ്സിഡിയും നിർത്തലാക്കി. നികുതി ഇളവുചെയ്ത് ജനങ്ങൾക്ക് തരിമ്പെങ്കിലും ആശ്വാസം നൽകുന്നതിനെക്കുറിച്ച് സംസ്ഥാന സർക്കാരും ചിന്തിക്കുന്നില്ല. 2018ൽ തുടക്കം കുറിച്ച പ്രളയ സെസ്സ് ഈ കോവിഡ് ദുരിതത്തിന്റെ പതിനേഴ് മാസവും സംസ്ഥാന സർക്കാർ നിലനിർത്തി. കോടതിയിൽ നിന്ന് പ്രതികൂല പരമാർശം വന്നതുകൊണ്ടുമാത്രം ഏതാനും ആഴ്ചകൾക്കുമുമ്പാണ് പ്രളയസെസ്സ് അവസാനിപ്പിക്കാൻ സർക്കാർ തീരുമാനിച്ചത്. കഴിഞ്ഞ ഒന്നര വർഷത്തിന്നിടയിൽ കോവിഡ് നിയന്ത്രണങ്ങൾ പഠിപ്പിക്കാനെന്ന പേരിൽ ഫൈൻ ചുമത്തി, ജനങ്ങളെ പിഴിഞ്ഞ് സംസ്ഥാനസർക്കാർ ഖജനാവിലേക്ക് കുനുകൂട്ടിയത് എത്ര കോടികളാണ്. വീടിനുള്ളിൽ പൂട്ടിയിടപ്പെട്ട് ഒരു ചില്ലക്കാശിനുപോലും വകയില്ലാതായതിനാൽ പൊറുതിമുട്ടി, വേലയും തേടി വലഞ്ഞ പാവപ്പെട്ടവരെയാണ് സർക്കാർ പിടിച്ചുപറിയ്ക്ക് ഇരകളാകക്കിയത്. സർക്കാരുകളുടെ മനുഷ്യത്വരാഹിത്യം മേൽക്കുമേൽ തെളിയിക്കുകയും ചെയ്യുന്ന ഒന്നായി കോവിഡ് കാലം മാറി.

### കോവിഡ് പാക്കേജുകൾ– രാഷ്ട്രീയ പ്രചാര വേലയ്ക്കുവേണ്ടിയുള്ള കൗശലങ്ങൾ മാത്രം

ഒന്നാം പിണറായി സർക്കാരിന്റെ കാലത്താണ് ഇരുപതിനായിരം കോടി രൂപയുടെ ആദ്യത്തെ കോവിഡ് പാക്കേജ് പ്രഖ്യാപിക്കപ്പെട്ടത്. ഈ പാക്കേജ് എങ്ങിനെയാണ് സാമ്പത്തിക മണ്ഡലത്തിൽ വിനിയോഗിക്കപ്പെട്ടത്? നീക്കിവയ്ക്കപ്പെട്ട തുകകൾ കടലാസിനു പുറത്ത് എന്ത് പങ്കാണ് വഹിച്ചത്? ഈ വക കാര്യങ്ങളുടെ വസ്തുനിഷ്ഠ സ്ഥിതി അറിയാനിട ഇല്ലാതിരിക്കെ, രണ്ടാം പിണറായി സർക്കാർ വീണ്ടും ഇരുപതിനായിരം കോടി രൂപയുടെ കോവിഡ് പാക്കേജ് പ്രഖ്യാപിച്ചിരിക്കുകയാണ്. അസാധാരണായ ജീവിതപ്രതിസന്ധിയെ മറികടക്കാൻ ജനങ്ങളെ ഒട്ടും സഹായിക്കുന്ന നടപടികളല്ല മറിച്ച് രാഷ്ട്രീയ പ്രചാര വേലക്കുവേണ്ടിയുള്ള കൗശലം മാത്രമാണ് പ്രഖ്യാപിക്കപ്പെടുന്ന ഈ പാക്കേജുകൾ. ഇരുപതിനായിരം കോടി രൂപയിലെ സിംഹഭാഗം തുകയും ജനങ്ങൾക്ക് വായ്പ നൽകാനായി ബാങ്കുകൾ നീക്കിവയ്ക്കണമെന്ന ഉപദേശം മാത്രമായിരുന്നു ആദ്യ പാക്കേജ്.അന്ന് പ്രഖ്യാപിക്കപ്പെട്ട തുകയിൽ 30 ശതമാനത്തിൽ താഴെ മാത്രമാണ് വായ്പ നൽകപ്പെട്ടതെന്ന് ചെറുകിട വ്യവസായികളുടെ സംഘടനയുടെ അനൗദ്യോഗിക കണക്കുകൾ വ്യക്തമാക്കുന്നു. വായ്പ എടുത്ത് ഉൽപ്പാദന രംഗത്ത് മുതൽമുടക്കാൻ ആരെയും പ്രേരിപ്പിക്കാത്ത വിധം വിപണി തകർന്നതായി അവർ ചൂണ്ടിക്കാട്ടി. വേലയും കൂലിയും തകർന്ന് ജനങ്ങളുടെ വരുമാനം നിലച്ചതിനാലാണ് വിപണി തകർന്നത്. കോവിഡ് സൃഷ്ടിച്ച ഈ തകർച്ച പരിഹരിക്കാൻ ജനങ്ങളുടെ കൈവശം പണമെത്തിക്കുകയാണ് ആദ്യം ചെയ്യേണ്ടതെന്ന നിരവധിയായ വിദഗ്ദരുടെയും മനുഷ്യസ്നേഹികളുടെയും നിരന്തരമായ അഭ്യർത്ഥന കേന്ദ്രത്തിലെയും സംസ്ഥാനത്തെയും സർക്കാരുകൾ നിഷ്കരുണം തള്ളിക്കളഞ്ഞു. രാജ്യത്തെ മുഴവൻ ജനങ്ങളെയും കബളിപ്പിക്കുന്ന കേന്ദ്ര സർക്കാരിന്റെ കോവിഡ് പാക്കേജിന്റെ അതേ മാതൃകയിൽ കേരളസർക്കാരും പാക്കേജുകൾ പ്രഖ്യാപിക്കുകയാണ് ചെയ്യുന്നത്. ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ള സംസ്ഥാന സർക്കാരിന്റെ രണ്ടാം പാ

(ശേഷം 4–ാം പേജിൽ)

കോവിഡ് പ്രതിസന്ധി

# തരംതാണ പ്രചാരവേലകൾ ഉപേക്ഷിച്ച് പ്രതിസന്ധിക്ക് ആനുപാതികമായ സഹായനടപടികൾ സ്വീകരിക്കണം

*(3–ാം പേജിൽ നിന്ന്)*

ക്കേജും ശുദ്ധമായ തട്ടിപ്പ് മാത്രമാണ്. സൗജന്യ വാക്സിൻ നൽകാൻ 1000 കോടി രൂപയും അതിനുള്ള ഉപകരണങ്ങൾ വാങ്ങാനായി നീക്കിവച്ചിട്ടുള്ള 500 കോടി രൂപയും ഒഴികെയുള്ള തുക ജനങ്ങൾക്ക് നേരിട്ട് സഹായം നൽകാൻ വിനിയോഗിക്കുമെന്ന ധാരണ നിയമസഭയിൽ സൃഷ്ടിച്ചവർ, പുറത്തുവന്നിട്ട്, കരാറുകാരുടെ കുടിശ്ശിക അടയ്ക്കാനും ജനങ്ങൾക്ക് വായ്പ നൽകാനും പ്രസ്തുത തുക വിനിയോഗിക്കുമെന്ന് തിരുത്തിപ്പറഞ്ഞു.

വ്യാപാര-വ്യവസായ രംഗത്ത് ശക്തമായ മാന്ദ്യം അനുഭവപ്പെടുന്ന ഈ സാഹചര്യത്തിൽ വായ്പ എടുത്ത് മുതൽമുടക്ക് നടത്തുന്നത് ആത്മഹത്യാപരമാണെന്ന് സർക്കാരിനും അതിന്റെ വിവിധ ഏജൻസികൾക്കും ഉത്തമബോദ്ധ്യമുള്ള വസ്തുതയാണ്. എന്നാൽ അത് മറച്ചുവച്ച് സർക്കാരുകൾ നിരാലംബരായ ജനങ്ങളെ പരമാവധി വായ്പ എടുക്കാൻ പ്രേരിപ്പിക്കുകയാണ്. അടച്ചുപൂട്ടപ്പെട്ട ആയിരക്കണക്കിന് വ്യാപാര-വ്യവസായ സ്ഥാപനങ്ങളുടെയും അടച്ചുപൂട്ടിയിട്ടില്ലെങ്കിലും തകർച്ചയുടെ വക്കിൽ നിൽക്കുന്ന പതിനായിരക്കണക്കിന് സ്ഥാപനങ്ങളുടെയും വായ്പാതിരിച്ചടവ് മുടങ്ങിയിരിക്കുകയാണ്. മോറട്ടോറിയം പ്രഖ്യാപിക്കപ്പെട്ട കാലയളവിലെ പലിശയും ചേർത്ത് വായ്പാത്തുക അതിഭീമമായ ഒന്നായി പെരുകിയതിനെത്തുടർന്ന് സംരംഭങ്ങൾ ആരംഭിച്ചവർ വായ്പ തിരിച്ചടയ്ക്കാൻ വഴി കാണാതെ പകച്ചുനിൽക്കുകയാണ്. കടക്കെണിയും ജപ്തിഭീഷണിയും നിരാശ്രയരായ സാധാരണക്കാരെ ആത്മഹത്യയിലേക്ക് തള്ളിവിടുന്നു. കോട്ടയം ജില്ലയിൽ ആത്മഹത്യ ചെയ്ത ഇരട്ട സഹോദരങ്ങൾ സംസ്ഥാനത്തെ ജനങ്ങൾ അകപ്പെട്ടിട്ടുള്ള സാമ്പത്തിക പ്രതിസന്ധിയുടെ വേദനയാർന്ന പ്രതീകങ്ങളാണ്. കോവിഡ് കാലത്ത് വർദ്ധിച്ചുകൊണ്ടിരിക്കുന്ന ആത്മഹത്യകളുടെ മുഖ്യമായ പങ്കും കടക്കെണിയായിരിക്കെയാണ് പാക്കേജിന്റെ പേരിൽ പുതിയ വായ്പാക്കുരുക്കുകളുമായി സർക്കാർ രംഗത്തുവരുന്നത്. ഇത് കോവിഡ് ദുരിതങ്ങളെ മറികടക്കാനുള്ള ആശ്വാസ പദ്ധതിയല്ല, വൻതോതിൽ ജനങ്ങളെ കബളിപ്പിക്കുന്നതിനായുള്ള വ്യാജപ്രഖ്യാപനങ്ങളാണ്. സഹായഹസ്തം നീട്ടുന്ന സർക്കാരെന്ന പ്രതിഛായ സൃഷ്ടിക്കാനുള്ള തരംതാണ പബ്ലിക് റിലേഷൻ വേല മാത്രമാണ്. സർക്കാരിന്റെ നേതൃത്വത്തിൽ നടമാടുന്ന ഞെട്ടിപ്പിക്കുന്ന മാഫിയ പ്രവർത്തനങ്ങളെയും കാട്ടുകൊള്ളയുടെ സ്വഭാവത്തിൽ നടക്കുന്ന അഴിമതികളെയും ജനങ്ങളുടെ ചിന്താമണ്ഡലത്തിൽ നിന്നും തുടച്ചുമാറ്റാനുള്ള സങ്കുചിതമായ രാഷ്ട്രീയ തന്ത്രമാണിത്.

## അതീവഗുരുതരമായ പ്രതിസന്ധിയ്ക്ക് ആനുപാതികമായ സഹായനടപടികൾ അടിയന്തരമായി സ്വീകരിക്കണം

കോവിഡ് മഹാവ്യാധി സാധാരണ ജനങ്ങൾക്ക് സൃഷ്ടിച്ചിട്ടുള്ള അസാധാരണമായ ജീവിത പ്രതിസന്ധിയെ മറികടക്കാൻ സഹായകരമായ ഒരു വിധ നടപടികളും സർക്കാരുകളുടെ ഭാഗത്തുനിന്ന് ഈ നിമിഷം വരെയും ഉണ്ടായിട്ടില്ല. കേന്ദ്രത്തിലെയും സംസ്ഥാനത്തെയും സർക്കാരുകൾക്ക് ജനാനുകൂലമായ എന്തെങ്കിലും നടപടി കൈക്കൊള്ളുന്നതിലല്ല, കൃത്രിമമായി സൽപ്പേര് സൃഷ്ടിക്കാനുള്ള വൻപിച്ച പ്രചാരവേല സംഘടിപ്പിക്കുന്നതിലാണ് ഊന്നലത്രയും. ഒരൊറ്റ ഉദാഹരണം മതി ഇക്കാര്യം വ്യക്തമാക്കാൻ. സൗജന്യ വാക്സിനായി ജനങ്ങൾ മാസങ്ങളായി കാത്തിരിക്കുമ്പോൾ, പണം മുടക്കാൻ തയ്യാറാകുന്ന ഏതൊരാൾക്കും വാക്സിൻ സ്വകാര്യ ആശുപത്രയിൽ ലഭ്യമാകുന്ന കാഴ്ചയാണ് രാജ്യമെമ്പാടുമുള്ളത്. ജനസംഖ്യയിലെ ഗണ്യമായ ഒരു വിഭാഗം ജനങ്ങൾ വില നൽകി വാക്സിൻ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

എന്നാൽ, സമസ്തമാധ്യമങ്ങളിലൂടെയും കേന്ദ്ര സർക്കാർ കോടികൾ ചെലവഴിച്ചുകൊണ്ട് നടത്തുന്ന പരസ്യപ്രളയം വഴി സ്ഥാപിക്കുന്നത്, പ്രധാനമന്ത്രി സൗജന്യമായി വാക്സിൻ നൽകുന്നുവെന്നാണ്. അക്കാര്യത്തിന് പ്രധാനമന്ത്രിയ്ക്ക് നന്ദി പ്രകാശിപ്പിക്കുന്നതാകട്ടെ അദ്ദേഹത്തിന്റെതന്നെ സർക്കാരും. നൂറുശതമാനവും തുല്യമായ പ്രവർത്തനമാണ് പിണറായി വിജയൻ സർക്കാർ കേരളത്തിലും നടത്തുന്നത്. സൗജന്യ വാക്സിൻ നൽകാൻ, വാക്സിൻ ചലഞ്ചെന്ന പേരിൽ പിരിവ് നടത്തി 826 കോടി രൂപ സാമഹരിച്ച സംസ്ഥാനസർക്കാർ അതിനായി ചെലവഴിച്ചത് ഏകദേശം 30 കോടി രൂപമാത്രം. നമ്മുടെ സംസ്ഥാനത്തും സ്വകാര്യആശുപത്രികളുടെ വാക്സിൻ കച്ചവടക്കൊള്ള യഥേഷ്ടം നടക്കുകയാണ്. ഏറ്റവും കുറഞ്ഞ പക്ഷം സ്വകാര്യആശുപത്രികളിലെ വാക്സിന്റെ വിലയെങ്കിലും നൽകാൻ, വാക്സിനേഷന്റെ പേരുപറഞ്ഞ് പിരിച്ച വലിയൊരു തുക കൈവശമുള്ള സംസ്ഥാന സർക്കാർ തയ്യാറാകേണ്ടിയിരുന്നു. വലിയവായിൽ പ്രചാരണം നടത്തുന്നത് സൗജന്യമായി വാക്സിൻ നൽകുന്ന സർക്കാരെന്നാണ്. 'ഇമേജ് ബിൽഡിംഗ്' തെരഞ്ഞെടുപ്പ് വിജയത്തിൽ വഹിച്ച പങ്ക് തിരിച്ചറിഞ്ഞ സർക്കാരും ഭരണകക്ഷിയും പ്രസ്തുത പ്രവർത്തനം ഊർജ്ജിതമാക്കിയിരിക്കുകയാണ്. കോവിഡ് ദുരിതാശ്വാസ പ്രവർത്തനമെന്നാൽ ഈ പ്രചാരണപ്രവർത്തനം മാത്രമായിരിക്കുന്നു. സൗജന്യ ഓണക്കിറ്റ് വിതരണത്തിന്റെ ഉൽഘാടനം റേഷൻ കടകളിൽ സ്ഥലത്തെ ഒരു പ്രമുഖനെക്കൊണ്ട് ചെയ്യിപ്പിക്കണമെന്ന് വകുപ്പ് ഉത്തരവ് പുറപ്പെടുവിക്കുന്നതും മന്ത്രി തന്നെ കിറ്റും ചുമന്ന് സനിനിമാനടന്റെ വീട്ടിലെത്തുന്നതുമെല്ലാം ഈ പ്രചാരണതന്ത്രത്തിന്റെ ഭാഗമാണ്.

കഴിഞ്ഞ സർക്കാർ ഏതാണ്ട് ഒന്നരലക്ഷം കോടി രൂപ കടം വാങ്ങി നമ്മുടെ പൊതുകടത്തെ മൂന്ന് ലക്ഷം കോടിയാക്കി വർദ്ധിപ്പിച്ചിരുന്നു. ഇത്രയും പെരുത്ത ഒരു തുക കടം വാങ്ങിയ സർക്കാർ, പ്രസ്തുത തുകയിൽ എത്ര കോടി രൂപയാണ് കോവിഡ് ദുരിതബാധിതർക്ക് നൽകിയത്? ജനങ്ങൾക്ക് സത്യസ്ഥിതി മനസ്സിലാക്കാൻ ഒരു ധവളപത്രം പുറപ്പെടുവിക്കാൻ തയ്യാറുണ്ടോ? കടം വാങ്ങിയ ഒന്നരലക്ഷം കോടിയിൽ കുറഞ്ഞത് ഒരു ലക്ഷം കോടിയെങ്കിലും വികസനമെന്ന പേരിൽ വൻകിട ധനികരുടെ അക്കൗണ്ടിലെത്തിച്ച സർക്കാർ, കോവിഡ് സഹായപ്രവർത്തനത്തിലെ മുന്തിയ ഇനമായ സൗജന്യ കിറ്റിനുവേണ്ടി ചെവഴിച്ചത് കേവലം 4000 കോടി രൂപ മാത്രമാണ്. നാട്ടുകാരിൽ നിന്ന് പിരിച്ചെടുത്തും ജീവനക്കാരുടെ ശമ്പളം പിടിച്ചെടുത്തും ദുരിതാശ്വാസനിധിയിലേക്ക് കൂട്ടിയ തുക ഇതിലുമധികമാണല്ലോ. കഴിഞ്ഞ 17 മാസത്തിനിടെ പോലീസിന്റെ 'ത്യാഗം' ഉപയോഗപ്പെടുത്തി പിഴ എന്ന പേരിൽ പിടിച്ചുപറിച്ചത് എത്ര കോടിയാണ്? പ്രളയസെസ്സ് എന്ന പേരിൽ കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ പിരിച്ചെടുത്ത കോടികളെത്ര? രാജ്യത്തെ നിരവധി സംസ്ഥാനങ്ങൾ, ആരോഗ്യ പ്രവർത്തകർക്ക് ഗണ്യമായ തുകകളുടെ കോവിഡ് അലവൻസ് നൽകിയപ്പോൾ നമ്മുടെ സംസ്ഥാനത്ത് കരാറടിസ്ഥാനത്തിൽ കോവിഡ് ഡ്യൂട്ടി എടുത്ത ഡോക്ടർമാർ പ്രതിഫലം ലഭിക്കുന്നതിനായി കോടതിയിൽ ഹർജി നൽകേണ്ടി വന്നു. കമ്യൂണിറ്റി കിച്ചൻ പ്രവർത്തിപ്പിക്കാനും സന്നദ്ധ പ്രവർത്തകരെന്ന മേൽവിലാസത്തിൽ വഴിവിട്ട് ഒരു വിഭാഗം സിപിഐ(എം) അണികൾക്ക് വണ്ടിക്കൂലിയും അലവൻസും നൽകാനും ഗ്രാമപഞ്ചായത്തുകൾക്ക് സ്വന്തം ഫണ്ട് ചെലവഴിച്ച് തീർക്കേണ്ടി വന്നു. മഹത്തരമെന്ന് വാഴ്ത്തപ്പെട്ട കോവിഡ് പാക്കേജുകളുടെ യഥാർത്ഥസ്ഥിതി മുകളിൽ വിശദീകരിച്ചിട്ടുണ്ടല്ലോ. കോവിഡ് മഹാവ്യാധി നിമിത്തം സൃഷ്ടിക്കപ്പെട്ട സാമ്പത്തികത്തകർച്ചയ്ക്ക് ആനുപാതികവും അർഹവുമായ നിലയിലുള്ള ആശ്വാസപ്രവർത്തനമാണ് സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകേണ്ടിയിരുന്നത്. ഖേദകരമെന്നുപറയട്ടെ, ഇപ്പോൾപോലും അതുണ്ടായിട്ടില്ല.

പരസ്പര ബന്ധിതമായ ഒരു പ്രതിസന്ധിയുടെ വലയിൽപ്പെട്ട് പുറത്തുകടക്കാനാവാതെ വലയുന്ന സാധാരണ ജനങ്ങളുടെ കൈവശം പണമെത്തിക്കുകയാണ് ഏറ്റവും അടിയന്തരമായി നിർവ്വഹിക്കേണ്ട കടമ. 400 രൂപയുടെ ഒരു സൗജന്യ കിറ്റുകൊണ്ട് പരിഹരിക്കാവുന്ന ദുരിതമേയല്ല ജനങ്ങൾ നേരിടുന്നത്. ജീവിതത്തിന്റെ എണ്ണമറ്റ ആവശ്യങ്ങൾ അവരെ ശ്വാസം മുട്ടിക്കുകയാണ്. ആദായനികുതി നൽകുന്നവരല്ലാത്ത എല്ലാവർക്കും പ്രതിമാസം പതിനായിരം രൂപയുടെ ധനസഹായം നൽകുക എന്ന ഡിമാന്റ് രാജ്യമെമ്പാടും മനുഷ്യസ്നേഹികൾ ഉയർത്തിയത് ഈ സാഹചര്യത്തിലാണ്. ജനങ്ങളുടെ വരുമാനത്തകർച്ചകൊണ്ട് നിശ്ചലമായ വിപണിയെ ചലിപ്പിക്കാൻ അവരുടെ ഉയരുന്ന ക്രയശേഷി സഹായിക്കുകയും ചെയ്യും. ദുരിതത്തിന്നിരയായ മുഴുവൻ സാധാരണക്കാരന്റെയും വായ്പകൾ പൂർണ്ണമായി എഴുതിത്തള്ളണം. കോർപ്പറേറ്റുകളുടെയും വൻകിട വ്യവസായികളുടെ ആറ് ലക്ഷം കോടി രൂപയുടെ കടം ഒരു ദശാബ്ദത്തിനുള്ളിൽ എഴുതിത്തള്ളാമെങ്കിൽ അത് അസാധ്യമായ കാര്യമേയല്ല. പ്രസ്തുത നടപടി ജനങ്ങളുടെ സാമ്പത്തിക ഭദ്രതയെ സഹായിക്കുമെന്നു മാത്രമല്ല, രാജ്യത്തിന്റെ സാമ്പത്തിക ഘടനയിൽത്തന്നെ അതിന്റെ സദ്ഫലങ്ങൾ കാണാനും കഴിയും. അതിനാൽ ഈ ആവശ്യങ്ങൾ അംഗീകരിക്കാൻ സർക്കാരുകൾ തയ്യാറാകണം. അവയെ അംഗീകരിപ്പിക്കാൻ സുശക്തമായ പ്രക്ഷോഭത്തിന്റെ വേദിയിൽ അണിനിരക്കുകയാണ് വർത്തമാന ദുരിതവേളയിലെ ജനങ്ങളുടെ കടമ.

ഇടതുപക്ഷമെന്ന് മേനി നടിക്കുന്ന സംസ്ഥാനത്തെ സർക്കാർ, കോവിഡിന്റെ വർത്തമാന ദുരിതകാലത്ത് ജനങ്ങളോട് ഉയർന്ന ജനാധിപത്യ സമീപനം കാട്ടാൻ തയ്യാറാകണം. നിയന്ത്രണങ്ങളുടെ പേരിൽ ജനങ്ങൾ വീടുകൾക്കുള്ളിൽ പൂട്ടിയിടപ്പെടുന്ന ഈ സാഹചര്യത്തിൽ, സംഘടിതമായ ജനാധിപത്യ പ്രവർത്തനത്തിന്റെ വിലപ്പെട്ട അവകാശം നിഷേധിക്കപ്പെട്ടിരിക്കുന്ന ഈ സന്ദർഭത്തിൽ അഭിപ്രായഐക്യത്തിന് ഇടനൽകുന്നതല്ലാത്ത എല്ലാത്തരം നയപരമായ തീരുമാനങ്ങളിൽ നിന്ന് സർക്കാർ വിട്ടുനിൽക്കണം. ജനങ്ങൾക്ക് സ്വതന്ത്രമായ അഭിപ്രായം രേഖപ്പെടുത്താനും ആരോഗ്യകരമായ സംവാദം വളർത്തിയെടുക്കാനും ജനാധിപത്യ അന്തരീക്ഷവും അവസരവും ഉണ്ടാകുന്നിടം വരെ തങ്ങൾ പുതിയ നയങ്ങളും തീരുമാനങ്ങളും കൈക്കൊള്ളുന്നതല്ലെന്ന് ഒരിടതു സർക്കാർ പ്രഖ്യാപിക്കാൻ തയ്യാറാകണം. പ്രത്യേകിച്ചും ജനങ്ങൾ എതിർപ്പ് രേഖപ്പെടുത്തുന്ന വിഷയങ്ങളിൽ. കെ റെയിൽ അതിവേഗപാത ഉൾപ്പടെയുള്ള പദ്ധതികളുടെ പ്രഖ്യാപനവും കരിമണൽ ഖനനം പോലുള്ള നടപടികളും പിൻവലിക്കണം. പോലീസിനെ കയറൂരിവിടുന്നത് അവസാനിപ്പിക്കണം. വീടുവിട്ട് പുറത്തുവരുന്നവർ ക്രിമിനലുകളല്ല, എല്ലാ ഗതിയുംകെട്ട പാവപ്പെട്ടവരാണ്. കോവിഡ് ഒരു ക്രമസമാധാന പ്രശ്നമല്ല, അതൊരു ആരോഗ്യപ്രശ്നമാണ് ഇത് നമ്മുടെ അയൽസംസ്ഥാനമായ തമിഴ്നാട്ടിലെ ആരോഗ്യമന്ത്രിയുടെ വാക്കുകളാണ്. ഇത്രയുമെങ്കിലും ജനാധിപത്യ സമീപനം പ്രദർശിപ്പിക്കാൻ ഞങ്ങൾ പിണറായി വിജയൻ സർക്കാരിനോട് ആവശ്യപ്പെടുന്നു. ■

**ഇടതുപക്ഷമെന്ന് മേനി നടിക്കുന്ന സംസ്ഥാന സർക്കാർ ഉയർന്ന ജനാധിപത്യ സമീപനം കാട്ടാൻ തയ്യാറാകണം. നിയന്ത്രണങ്ങളുടെ പേരിൽ ജനങ്ങൾ വീടുകൾക്കുള്ളിൽ പൂട്ടിയിടപ്പെടുന്ന സാഹചര്യത്തിൽ, സംഘടിതമായ ജനാധിപത്യ പ്രവർത്തനത്തിന്റെ വിലപ്പെട്ട അവകാശം നിഷേധിക്കപ്പെട്ടിരിക്കുന്ന സന്ദർഭത്തിൽ അഭിപ്രായഐക്യത്തിന് ഇടനൽകുന്നതല്ലാത്ത എല്ലാത്തരം നയപരമായ തീരുമാനങ്ങളിൽനിന്ന് വിട്ടുനിൽക്കണം. ജനങ്ങൾക്ക് സ്വതന്ത്രമായ അഭിപ്രായം രേഖപ്പെടുത്താനും ആരോഗ്യകരമായ സംവാദം വളർത്തിയെടുക്കാനും ജനാധിപത്യ അന്തരീക്ഷവും അവസരവും ഉണ്ടാകുന്നിടംവരെ തങ്ങൾ പുതിയ നയങ്ങളും തീരുമാനങ്ങളും കൈക്കൊള്ളുന്നതല്ലെന്ന് പ്രഖ്യാപിക്കാൻ തയ്യാറാകണം.**

കോവിഡ് പ്രതിസന്ധി

# വഷളാകുന്ന കോവിഡ് സാഹചര്യം; വഷളാക്കുന്ന സർക്കാർ നയങ്ങൾ

**ആഗസ്റ്റ് 6 വരെ കേരളത്തിൽ കോവിഡ് ബാധിച്ചവരുടെ എണ്ണം 35,13,551 ആയി. 17,515 ജീവനുകളും പൊലിഞ്ഞിരിക്കുന്നു. രാജ്യത്ത് ഇപ്പോൾ റിപ്പോർട്ട് ചെയ്യുന്നതിൽ പകുതിയിലേറെ കേസുകളും ആറിലൊന്ന് മരണങ്ങളും നമ്മുടെ സംസ്ഥാനത്താണ് എന്നതാണ് അവസ്ഥ. തന്മൂലം, കേരളത്തിൽ നിന്നുള്ളവർക്ക് മറ്റ് പല സംസ്ഥാനങ്ങളും യാത്രാവിലക്കുകൾ ഏർപ്പെടുത്തുന്നു. കോവിഡിന്റെ രണ്ടാം തരംഗം രാജ്യത്തെമ്പാടും തീക്ഷ്ണമായിനിന്ന മേയ് മാസത്തിൽ സംസ്ഥാനത്ത് 30000ൽ അധികം പ്രതിദിന കേസുകൾ റിപ്പോർട്ട് ചെയ്തിരുന്നുവെങ്കിലും, ജൂൺ ആദ്യവാരം ഇത് 10000ൽ താഴെയായി കുറഞ്ഞിരുന്നു. പക്ഷേ, കഴിഞ്ഞ ഏറെ ദിവസങ്ങളായി പ്രതിദിനം ഇരുപതിനായിരത്തിനടുത്ത് പുതിയ കേസുകളും നൂറിനുമേലെ മരണങ്ങളും സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെടുകയാണ്.**



**ലോ**കത്തെയാകെ വിറപ്പിച്ച, കോവിഡിന്റെ ഒന്നാം തരംഗത്തെ സധൈര്യം നേരിടുകയും, കേസുകളുടെയും മരണങ്ങളുടെയും എണ്ണം പിടിച്ചുകെട്ടുകയും ചെയ്തതിന് കേരളത്തിന്റെ പൊതുജനാരോഗ്യസംവിധാനം അന്താരാഷ്ട്രതലത്തിൽതന്നെ ഏറെ പ്രശംസ നേടിയിരുന്നു. എന്നാൽ ആ അവസ്ഥയിൽനിന്നും ഇപ്പോഴത്തെ ദുര്യോഗത്തിലേക്ക് കേരളം വന്നുവീണത് എങ്ങനെയാണ്? അതിവേഗം പടരുന്ന, കോവിഡിന്റെ ഡെൽറ്റ വകഭേദവൈറസുകൊണ്ട് മാത്രമാണോ ഇപ്പോഴത്തെ ഈ തീവ്രരോഗവ്യാപനം? വളരെയധികം നിയന്ത്രണങ്ങളും പൊലീസ് പരിശോധനകളുംകൊണ്ട് ജനജീവിതത്തെ അങ്ങേയറ്റം ബുദ്ധിമുട്ടിച്ചിട്ടും, എന്തുകൊണ്ടാണ് കേസുകളുടെ എണ്ണം കുറയാത്തത്? മാറിയ സാഹചര്യത്തിനനുസരിച്ച് ആരോഗ്യമേഖലയെ ശക്തിപ്പെടുത്താൻ, പ്രഖ്യാപനങ്ങൾക്കപ്പുറം എന്താണ് സർക്കാർ ചെയ്തത്? സംസ്ഥാനസർക്കാരിന്റെ കോവിഡ് നയം ഇവിടെ ചോദ്യം ചെയ്യപ്പെടുകയാണ്.

അതുപോലെതന്നെയാണ് കോവിഡ്കാലവും അടച്ചിടലും ജനങ്ങളുടെ ജീവിതത്തിൽ സൃഷ്ടിക്കുന്ന സാമൂഹികവും സാമ്പത്തികവുമായ ദുരിതം. കഴിഞ്ഞ ഒന്നരമാസത്തിനിടെ, കോവിഡ് സൃഷ്ടിച്ച സാമ്പത്തികപ്രതിസന്ധി മൂലം വിവിധ തുറകളിലുള്ള ഇരുപതോളം പേരാണ് ആത്മഹത്യ ചെയ്തത്. കോവിഡ് സൃഷ്ടിക്കുന്ന തൊഴിൽനഷ്ടം ഭീകരമാണ്. കിറ്റ് നൽകുന്നതിൽ മേനി നടിക്കുന്നതിനപ്പുറം, രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ നെട്ടോട്ടമോടേണ്ടിവരുന്ന ബഹുഭൂരിപക്ഷം സാധാരണക്കാരുടെയും ജീവിതദുരിതം ലഘൂകരിക്കുവാൻ ഒന്നുംതന്നെ സർക്കാർ ചെയ്യുന്നില്ല എന്നതാണ് യാഥാർത്ഥ്യം. കോവിഡ് പ്രതിരോധത്തിന്റെ പേരിൽ പൊലീസിനെ അഴിച്ചുവിട്ട് ഫൈൻ ചുമത്തി ജനങ്ങളെ പിഴിയുക മാത്രമാണ് സർക്കാർ ചെയ്യുന്നത്. സംസ്ഥാനത്തെ ജനങ്ങളെയൊ ആരോഗ്യപ്രവർത്തകരെയൊ, പൊതുജനാരോഗ്യവിദഗ്ദ്ധരെയൊ വിശ്വാസത്തിലെടുക്കാതെ, സംസ്ഥാന സർക്കാർ അനുവർത്തിക്കുന്ന വികലമായ ഇത്തരം നയങ്ങൾതന്നെയാണ് കോവിഡ് മൂലമുള്ള ആരോഗ്യപ്രതിസന്ധിയും സാമൂഹികപ്രതിസന്ധിയും വഷളാക്കുന്നതെന്ന് സംശയലേശമന്യെ പറയാം.

### ഇപ്പോഴത്തെ പ്രതിസന്ധി

കേരളം ഇന്ന നേരിടുന്ന കോവിഡ് പ്രതിസന്ധി ജനിതകവ്യതിയാനംവന്ന വൈറസ് അതിവേഗം പടർന്നതുകൊണ്ട് സ്വാഭാവികമായി ഉണ്ടായതല്ല, സർക്കാരിന്റെ തെറ്റായ സമീപനങ്ങൾമൂലം അതിവേഗം രോഗം പടരാനുള്ള സാഹചര്യം സൃഷ്ടിക്കപ്പെട്ടതുകൊണ്ട് ഉണ്ടായതാണ് എന്നതല്ലേ വസ്തുത? എന്നാൽ സർക്കാർ ജനങ്ങളെ കുറ്റപ്പെടുത്തുകയാണ് ചെയ്യുന്നത്.

കോവിഡിന്റെ രണ്ടാംഘട്ടം ആരംഭിച്ചതിനുശേഷം സർക്കാർ പുറത്തിറക്കിയ നിർദ്ദേശങ്ങൾ നിഷ്പക്ഷമായി പരിശോധിച്ചാൽ എങ്ങനെയാണ് പ്രതിസന്ധിയുടെ ഈ ഘട്ടത്തിലെത്തിയതെന്ന് മനസ്സിലാകും. ചില കാര്യങ്ങൾ മാത്രം നമുക്കൊന്ന നോക്കാം. രോഗസാധ്യതയുള്ളവരെയും അവരുടെ സമ്പർക്കപ്പട്ടികയും കൃത്യമായി കണ്ടെത്തി അവരെ പ്രത്യേകം പാർപ്പിക്കുന്ന പ്രവർത്തനം ആദ്യഘട്ടത്തിൽ ആരോഗ്യവകുപ്പ് കൃത്യമായി നടത്തിയിരുന്നതുകൊണ്ടാണ് അന്ന് രോഗവ്യാപനം വലിയൊരളവുവരെ നിയന്ത്രിച്ചുനിർത്താൻ കഴിഞ്ഞത്. പക്ഷേ ഈ പ്രവർത്തനം ഇത്തവണ കാര്യക്ഷമമായിരുന്നില്ല. വിദേശത്തുനിന്നും വരുന്നവർക്കുപോലും പരിശോധനകളോ, ക്വാറന്റൈൻ നിബന്ധനയോ ഇല്ലാതെ വീടുകളിലേക്ക് പോകാൻ സാധിച്ചിരുന്നു. ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറന്റൈൻ എന്ന സംവിധാനം ആദ്യഘട്ടത്തിൽതന്നെ ഇല്ലാതായിരുന്നു. രോഗസാധ്യതയുള്ളവരെ നേരത്തേ സർക്കാരിന്റെ മുൻകൈയിൽ പരിശോധിച്ചിരുന്നുവെങ്കിൽ ഇത്തവണ അത് മിക്കവാറും ഇല്ലാതായി. ജനങ്ങൾക്ക് പരിശോധനകൾക്കായി സ്വകാര്യലാബുകളെ കൂടുതൽ ആശ്രയിക്കേണ്ടിവന്നു. രോഗം സ്ഥിരീകരിക്കുന്നവരെ ആശുപത്രികളിലോ, എഫ്എൽടിസി കളിലോ പ്രവേശിപ്പിക്കുന്നതിനുപകരം, രോഗലക്ഷണങ്ങളില്ല എന്നപേരിൽ വീടുകളിൽ പാർപ്പിച്ചാൽ മതി എന്നുപറഞ്ഞ് വിടുകയാണ് ഉണ്ടായത്. എന്നാൽ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് രോഗികളെ പാർപ്പിക്കാൻ കേരളത്തിലെ എത്ര വീടുകളിൽ സൗകര്യം ഉണ്ടെന്നത് പരിഗണിച്ചിരുന്നോ? രോഗികൾ വീടുകളിലെത്തിയപ്പോൾ വീടുകളിൽ രോഗവ്യാപനമുണ്ടായി. ഇത്തവണ വൻതോതിൽ രോഗവ്യാപനമുണ്ടാകാനുള്ള പ്രധാനകാരണം കുടുംബങ്ങളിൽ രോഗം വ്യാപകമായതാണ്. ലക്ഷണമില്ല എന്നുപറഞ്ഞ് വീടുകളിലേക്ക് വിട്ടുവരിൽതന്നെ പെട്ടെന്ന് രോഗം മൂർച്ഛിച്ചപ്പോൾ സമയത്ത് ആശുപത്രിയിലെത്തിക്കാനാകാതെ മരണം സംഭവിച്ചിട്ടുണ്ട്. തീർന്നില്ല, രോഗം മാറി നെഗറ്റീവ് ആയോ എന്നറിയാനുള്ള രണ്ടാമത്തെ പരിശോധന വേണ്ട എന്നതും പുതിയ നയമാണ്. നെഗറ്റീവ് ആയി എന്ന സർട്ടിഫിക്കറ്റ് പലതിനും അത്യാവശ്യമായിരിക്കെ, ഈ നീക്കത്തിലൂടെ അതിനായി സ്വകാര്യലാബുകളെ ആശ്രയിക്കാൻ ജനങ്ങളെ തള്ളിവിടുകയാണ്. അതിലുപരിയായി, എന്ത് ന്യായം പറഞ്ഞാലും, രോഗം മാറിയെന്ന് ഉറപ്പാക്കാതെ ആളുകളെ പറഞ്ഞുവിടുന്നതിന്റെ അപകടം ഗുരുതരമാണ്.

ഇതിനുപുറമേയാണ് ലോക്ഡൗൺ കർശനമാക്കാനെന്ന പേരിൽ നടപ്പാക്കിയ തലതിരിഞ്ഞ നയങ്ങളുടെ പ്രത്യാഘാതങ്ങൾ. ആഴ്ച്ചയിൽ ഏതാനും മണിക്കൂറുകൾമാത്രം കടകൾ തുറന്നവെച്ചപ്പോൾ ആ ദിവസം ജനങ്ങൾക്ക് കൂട്ടമായിപുറത്തിറങ്ങേണ്ടിവന്നു. റേഷൻ കടകളിലും ബാങ്കുകളിലും അത്യാവശ്യത്തിന് എത്തേണ്ടിവരുന്ന ജനങ്ങളോട് കോവിഡ് മാനദണ്ഡത്തിന്റെപേരിൽ തട്ടിക്കയറാനും പെറ്റിയടിക്കാനും പൊലീസ് ഉണ്ടായിരുന്നു. അതേസമയംതന്നെ, സർക്കാർതന്നെ യാതൊരു തത്വദീക്ഷയുമില്ലാതെ തുറന്നുകൊടുത്ത ബിവറേജസ് ഷോപ്പുകൾക്കുമുന്നിൽ ആളുകൂടുന്നത് പൊലീസ് കണ്ടില്ലെന്നു നടിച്ചു.

വിദ്യാർത്ഥികൾ തങ്ങളുടെ സുരക്ഷയെ കരുതി ഏറെ അപേക്ഷിച്ചിട്ടും ധാർഷ്ട്യത്തോടെ സർവ്വകലാശാല പരീക്ഷകൾ നടത്തുകയാണ് സർക്കാർ ചെയ്തത്. എന്തിനേറെ പറയുന്നു, സാധാരണക്കാരന്റെ മരണത്തിനോ വിവാഹത്തിനോ 20 പേരിൽ കൂടുതൽ പങ്കെടുത്താൽ കേസാക്കുന്ന സർക്കാർ, രണ്ടാം പിണറായി സർക്കാരിന്റെ സത്യപ്രതിജ്ഞയ്ക്ക് നൂറുകണക്കിനുപേരെ പങ്കെടുപ്പിച്ച് കൊണ്ട് എന്തുമാതൃകയാണ് കാണിച്ചത്? പഞ്ചായത്ത്, നിയമസഭാ തെരഞ്ഞെടുപ്പുവേളകളിലും കോവിഡ് പ്രോട്ടോക്കോൾ വ്യാപകമായി ലംഘിക്കപ്പെട്ടു. നേതാക്കന്മാർതന്നെ പ്രോട്ടോക്കോൾ ലംഘനത്തിന് മുൻകൈയെടുക്കുന്നത് വ്യാപകമായ വിമർശനങ്ങൾക്കും വിധേയമാക്കപ്പെട്ടതാണ്.

നടത്തുന്ന ആകെ ടെസ്റ്റുകളിൽ എത്ര എണ്ണം പോസിറ്റീവായി എന്ന ടെസ്റ്റ് പോസിറ്റിവിറ്റി നിരക്കിനെ മാത്രം അടിസ്ഥാനപ്പെടുത്തിയാണ് ഇതുവരെ നിയന്ത്രണങ്ങളും കണ്ടെയിൻമെന്റ് സോണുകളും തീരുമാനിച്ചിരുന്നത്. ഇത് വളരെ അശാസ്ത്രീയ സമീപനമാണെന്ന് പല കോണുകളിലും നിന്ന് വിമർശനമുണ്ടായിട്ടും തിരുത്താൻ സർക്കാർ തയ്യാറായിരുന്നില്ല. പക്ഷേ വിവിധ വിഭാഗങ്ങളിൽനിന്നും ആരോഗ്യവിദഗ്ദ്ധരിൽനിന്നുമുള്ള വിമർശനവും, അനുദിനം വഷളാകുന്ന കോവിഡ് സാഹചര്യവും തിരുത്തലിന് സർക്കാരിനെ നിർബന്ധിതരാക്കി. പക്ഷേ തിരുത്തുമ്പോഴും ജനങ്ങളുടെ പ്രശ്നങ്ങൾ മനസ്സിലാകാത്ത തലതിരിഞ്ഞ നിർദ്ദേശങ്ങളാണ് വീണ്ടും വരുന്നത്. കടകളിൽ അവശ്യസാധനങ്ങൾ വാങ്ങാൻ പോകുന്നവർ ആർടി-പിസിആർ പരിശോധന നടത്തിയ നെഗറ്റീവ് സർട്ടിഫിക്കറ്റോ, വാക്സിൻ എടുത്ത സർട്ടിഫിക്കറ്റോ, അതുമല്ലെങ്കിൽ ഒരു മാസം മുന്നേ കോവിഡ് പോസിറ്റീവ് ആയിരുന്ന എന്നതിന്റെ രേഖയോ കൈയിൽ കരുതണമത്രേ. സർക്കാരിനുവേണ്ടി ചീഫ് സെക്രട്ടറി ഇറക്കിയ ഉത്തരവാണിത്. വിവാദമായിട്ടും ഉത്തരവിനെ ന്യായീകരിച്ചുകൊണ്ട്, വരുംനാളുകളിൽ കോവിഡ് കൂടുതൽ രൂക്ഷമാകും എന്നുപറഞ്ഞ് ഭീതി വിതയ്ക്കാനാണ് ആരോഗ്യവകുപ്പ മന്ത്രി ശ്രമിച്ചത്. വർധിക്കുന്ന കേസുകൾ നേരിടാൻ സർക്കാർ എന്ത് മുന്നൊരുക്കം നടത്തും എന്നതുപക്ഷേ മന്ത്രി പറയുന്നില്ല. സ്ഥിതി വഷളാകുമ്പോൾ പഴി ജനത്തിനും, നേട്ടമുണ്ടാക്കിയാൽ അതിന്റെ കർതൃത്വം സർക്കാരിനുമാത്രവും എന്നതാണ് സമീപനം.

### കോവിഡ് ഒന്നാംഘട്ടം- മറന്ന പാഠങ്ങൾ

ആഗോളീകരണനയങ്ങളെതുടർന്ന് സ്വകാര്യമേഖലക്ക് കീഴടങ്ങിക്കൊണ്ടിരിക്കുകയായിരുന്ന കേരളത്തിന്റെ പൊതുജനാരോഗ്യ സംവിധാനത്തിന്റെ പ്രസക്തിയും പ്രാധാന്യവും കരുത്തും വീണ്ടും വെളിവാക്കിയത്, 2018ൽ കോഴിക്കോട്, മലപ്പുറം ജില്ലകളിലായി റിപ്പോർട്ട് ചെയ്യപ്പെട്ട നിപ്പ രോഗബാധയായിരുന്നു. തീവ്രമായി പടർന്ന് മരണം സുനിശ്ചിതമാക്കുന്ന ഈ ഗുരുതരരോഗത്തെ അതിവേഗം തിരിച്ചറിഞ്ഞ് വേണ്ട കരുതൽ നടപടികളെടുക്കാനും, സംക്രമണവും മരണങ്ങളും നിയന്ത്രിക്കുവാനും, പരാധീനതകൾക്കുനടുവിലും ഉണർന്നുപ്രവർത്തിച്ച നമ്മുടെ പൊതുജനാരോഗ്യസംവിധാനത്തിനായി. 2019 അവസാനം ചൈനയിലെ വുഹാനിൽ പൊട്ടിപ്പുറപ്പെട്ട കോവിഡ് മഹാമാരിയുടെ ഇന്ത്യയിലെതന്നെ ആദ്യകേസ് കേരളത്തിലാണ് റിപ്പോർട്ട് ചെയ്തത്. 2020 ജനുവരി 30ന്. എന്നിട്ടും, കോവിഡിന്റെ ആദ്യതരംഗത്തിനെതിരേ ഏറ്റവും ശക്തമായ പ്രതിരോധം തീർത്ത സ്ഥലങ്ങളിലൊന്ന് കേരളമായിരുന്നു. അന്താരാഷ്ട്രതലത്തിലും കേരളത്തിന്റെ പൊതുആരോഗ്യസംവിധാനത്തിന്റെ ഈ നേട്ടം ചർച്ചാവിഷയമായിരുന്നു. വാസ്തവത്തിൽ എങ്ങനെയാണ്, അല്ലെങ്കിൽ എന്തുകൊണ്ടാണ് കോവിഡ് ആദ്യതരംഗത്തിൽ പിടിച്ചുനിൽക്കാൻ കേരളത്തിനു സാധിച്ചത്? അതിൽനിന്നും പഠിക്കേണ്ടിയിരുന്ന എന്തൊക്കെ പാഠങ്ങളാണ് ഭരണാധികാരികൾ മറന്നുപോയത്? വസ്തുനിഷ്ഠമായി അതു പരിശോധിച്ചെങ്കിൽ മാത്രമേ, ഇപ്പോഴത്തെ പ്രതിസന്ധിയുടെ കാരണങ്ങൾ നമുക്ക് ശരിയായി കണ്ടെത്താൻ സാധിക്കൂ.

സ്വാതന്ത്ര്യത്തിനുമുന്നേതന്നെ, കൊളോണിയൽ-രാജഭരണ-നവോത്ഥാന കാലഘട്ടത്തിൽ അടിത്തറ പാകിയ പൊതുജനാരോഗ്യ-ശുചി

(ശേഷം 6-ാം പേജിൽ)

കോവിഡ് പ്രതിസന്ധി

# സർക്കാരിന്റെ തെറ്റായ സമീപനങ്ങൾ അതിവേഗം രോഗം പടരാൻ അവസരമൊരുക്കി

(5-ാം പേജിൽ നിന്ന്)

ത്വ സംവിധാനമാണ് കേരളമെന്ന പ്രദേശത്തുള്ളത്. തിരുവിതാംകൂർ ഭാഗത്തെ പൊതുപ്രതിരോധകുത്തിവെയ്പ്പ് സംവിധാനത്തിനുപോലും പത്തൊമ്പതാം നൂറ്റാണ്ടുതൊട്ടുള്ള ചരിത്രം പറയാനുണ്ട്. സ്വാതന്ത്ര്യാനന്തരം വന്ന ഭരണാധികാരികൾ പൊതുജനാരോഗ്യസംവിധാനത്തിന് നൽകിയ പ്രാധാന്യം, കേരളത്തിന്റെ പൊതുജനാരോഗ്യ സംവിധാനത്തെ ലോകനിലവാരത്തിലെത്തിച്ചു. പക്ഷേ, ആഗോളീകരണനയങ്ങൾ കേരളത്തിലെ ഇടതും വലതുമായ അധികാരമുന്നണികൾ മത്സരിച്ച് നടപ്പാക്കിയപ്പോൾ, ആരോഗ്യരംഗം സ്വകാര്യമൂലധനത്തിന്റെ കൊള്ളലാഭത്തിനുള്ള കേളീരംഗമായി. കാലാനുസൃതമായി വേണ്ടത്ര സ്ഥിരം ആരോഗ്യപ്രവർത്തകരെ സർവ്വീസിൽ നിയമിക്കാതെയും, അടിസ്ഥാനസൗകര്യങ്ങൾ ശ്രദ്ധയോടെ വികസിപ്പിക്കാതെയും, അനാവശ്യമായ നിർമ്മാണപ്രവർത്തനങ്ങളിലേക്ക് ഫണ്ട് വകമാറ്റിയുമൊക്കെ പൊതുജനാരോഗ്യ മേഖലയുടെ പരാധീനതകളെ വർധിപ്പിക്കുന്ന നടപടികൾ മാത്രമേ ഈ സർക്കാരുകൾ കഴിഞ്ഞ രണ്ടു പതിറ്റാണ്ടുകളായി കൈക്കൊണ്ടിരുന്നുള്ളൂ. പക്ഷേ പരിമിതികൾക്കുള്ളിലും അർപ്പണബോധത്തോടെ ജോലി ചെയ്യുന്ന വലിയൊരു നിര ആരോഗ്യപ്രവർത്തകരുടെ കഠിനാധ്വാനത്തിലൂടെ കേരളത്തിലെ പൊതുജനാരോഗ്യസംവിധാനം നിലനിന്നു. ആ സംവിധാനത്തിന്റെ അധ്വാനത്തിന്റെ ബലത്തിലാണ് നിപ്പയും കോവിഡിന്റെ ആദ്യതരംഗത്തെയുമൊക്കെ കേരളം അതിജീവിച്ചത് എന്നതാണ് യാഥാർത്ഥ്യം. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾമുതൽ മെഡിക്കൽ കോളേജുകൾവരെയുള്ള വിവിധ തലങ്ങളിലെ ആശുപത്രികളിലെ ഡോക്ടർമാർ, നഴ്സുമാർ, മറ്റ് ജീവനക്കാർ, പഞ്ചായത്ത്-വാർഡ് തലങ്ങളിൽ പ്രവർത്തിക്കുന്ന അസംഖ്യം ഹെൽത്ത് ഇൻസ്പെക്ടർമാരും ആശപ്രവർത്തകരുമടക്കമുള്ള ആരോഗ്യപ്രവർത്തകർ, ഇവർക്കൊപ്പം സന്നദ്ധസേവനം നടത്തിയ വിവിധ കക്ഷികളിൽപ്പെട്ട പൊതുപ്രവർത്തകർ, സംഘടനകൾ തുടങ്ങി സാധാരണജനങ്ങൾ വരെയുള്ളവരുടെ ഒറ്റക്കെട്ടായ പ്രവർത്തനത്തിലൂടെയാണ് കോവിഡിന്റെ ആദ്യഘട്ട ആക്രമണത്തെ കേരളം ചെറുത്തത്. ഇതാണ് പിണറായി വിജയൻ സർക്കാർ മറന്നുപോയ ഒന്നാമത്തെ പാഠം.

ഈ ജനകീയ ഉദ്യമത്തിനൊപ്പം അമരത്തുനിന്നുകൊണ്ടുള്ള ക്രിയാത്മകപ്രവർത്തനങ്ങൾ തുടക്കത്തിൽ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായിരുന്നു. ചൈനയിൽ അസുഖത്തിന്റെ തീവ്രത റിപ്പോർട്ട് ചെയ്യപ്പെട്ടപ്പോൾ തുടങ്ങി അതിനെ നിരീക്ഷിക്കുന്നതിന് നമ്മുടെ ആരോഗ്യവകുപ്പ് ശ്രദ്ധ വെച്ചു. ജനുവരി 30ന് ആദ്യ കേസ് റിപ്പോർട്ട് ചെയ്യുന്നതിനുമുന്നേതന്നെ ചികിത്സയ്ക്കു നടപടികളടക്കം, അന്ന് ലഭ്യമായ വിദഗ്ധാഭിപ്രായങ്ങളനുസരിച്ച്, ആരോഗ്യവകുപ്പ് തയ്യാറാക്കിയിരുന്നു. പുറത്തുനിന്ന് വരുന്നവരെയും അവരുടെ സമ്പർക്കങ്ങളെയും കണ്ടെത്തി ക്വാറന്റൈനിലാക്കുവാനും ,അവരെ നിരീക്ഷിക്കുവാനും, കൃത്യമായി പരിശോധനക്കു വിധേയരാക്കുവാനും താഴേത്തലത്തിൽ സംവിധാനം ഒരുക്കി. പൊതുജനങ്ങളുടെയും തദ്ദേശസ്ഥാപനങ്ങളുടെയും മറ്റ് സർക്കാർ വകുപ്പുകളുടെയും സഹകരണത്തോടെ ആരോഗ്യവകുപ്പിന് നടപ്പിലാക്കാൻ പറ്റിയ ഈ സംവിധാനത്തിലൂടെ, കാര്യക്ഷമമായി രോഗമുള്ളവരെയും രോഗസാധ്യതയുള്ളവരെയും തിരിച്ചറിഞ്ഞ് ക്വാറന്റൈൻ ചെയ്യാനും പരിശോധന നടത്തുവാനും കഴിഞ്ഞതുകൊണ്ടാണ് കേരളത്തിൽ അതിരൂക്ഷമാകുമായിരുന്ന രോഗപ്പകർച്ചയെ നിയന്ത്രിച്ചു നിർത്താൻ നമുക്ക് സാധിച്ചത്. ഇതാണ് സർക്കാർ ഓർക്കേണ്ടിയിരുന്ന രണ്ടാമത്തെ പാഠം.

> **സ്വാതന്ത്ര്യത്തിനുമുമ്പുതന്നെ, കൊളോണിയൽ-രാജഭരണ-നവോത്ഥാന കാലഘട്ടത്തിൽ അടിത്തറ പാകിയ പൊതുജനാരോഗ്യ-ശുചിത്വ സംവിധാനമാണ് കേരളത്തിലുള്ളത്. തിരുവിതാംകൂർ ഭാഗത്തെ പൊതുപ്രതിരോധ കുത്തിവെയ്പ് സംവിധാനത്തിനുപോലും പത്തൊമ്പതാം നൂറ്റാണ്ടുതൊട്ടുള്ള ചരിത്രം പറയാനുണ്ട്. സ്വാതന്ത്ര്യാനന്തരം വന്ന ഭരണാധികാരികൾ പൊതുജനാരോഗ്യസംവിധാനത്തിന് നൽകിയ പ്രാധാന്യം, കേരളത്തിന്റെ പൊതുജനാരോഗ്യ സംവിധാനത്തെ ലോകനിലവാരത്തിലെത്തിച്ചു. പക്ഷേ, ആഗോളീകരണനയങ്ങൾ കേരളത്തിലെ ഇടതും വലതുമായ അധികാര മുന്നണികൾ മത്സരിച്ച് നടപ്പാക്കിയപ്പോൾ, ആരോഗ്യരംഗം സ്വകാര്യമൂലധനത്തിന്റെ കൊള്ളലാഭത്തിനുള്ള കേളീരംഗമായി.**

രോഗം സ്ഥിരീകരിക്കുന്നവരെ ഉടനടി ഐസൊലേറ്റ് ചെയ്ത് ചികിത്സയാരംഭിക്കുവാൻ ഫസ്റ്റ്ലൈൻ ട്രീറ്റ്മെന്റ് സെന്ററുകളും, രോഗം മൂർച്ഛിക്കുന്നവർക്കായി പ്രത്യേക ആശുപത്രികളും ആരംഭിച്ചു. രോഗപരിശോധനയും നിരീക്ഷണവും ചികിത്സയുമെല്ലാം അപ്പോൾ പൊതുമേഖലയിൽ തന്നെയായിരുന്നു. ആരോഗ്യവകുപ്പിന്റെ മുഴുവൻ ശേഷിയും ഉപയോഗിച്ചുള്ള കാര്യക്ഷമതയോടെ, ഈ സംവിധാനം പ്രവർത്തിപ്പിച്ച പൊതുമേഖലയുടെ പ്രതിബദ്ധത കൊണ്ടാണ് രോഗപ്പകർച്ചയെയും, രോഗം മൂലമുണ്ടായ മരണങ്ങളെയും പിടിച്ചുനിർത്താൻ നമുക്ക് സാധിച്ചത്. ഇതാണ് സർക്കാർ മറന്നുപോയ മൂന്നാമത്തെ പാഠം.

കഠിനാധ്വാനം ചെയ്ത ആരോഗ്യമേഖലയ്ക്ക് മതിയായ പിന്തുണ കൊടുക്കുക എന്നതായിരുന്നു സർക്കാർ ചെയ്യേണ്ടിയിരുന്ന കടമ. ഒപ്പം, ക്വാറന്റൈനിലായി ഒറ്റപ്പെട്ട് പോകുന്നവർക്കും അടച്ചുപൂട്ടൽ മൂലം ദുരിതമനുഭവിക്കുന്നവർക്കും വേണ്ടസഹായങ്ങൾ നൽകുക എന്നതും. തുടക്കത്തിൽ ഇതിനുള്ള ശ്രമങ്ങൾ സമൂഹഅടുക്കളകളിലൂടെയും ഭക്ഷ്യകിറ്റുകളിലൂടെയും നൽകാൻ ശ്രമിച്ചെങ്കിലും അതൊരു താത്കാലിക പരിഹാരം മാത്രമായിരുന്നു. രാജ്യവ്യാപകമായി മഹാമാരിയുടെ സാഹചര്യങ്ങൾ വഷളായ അവസ്ഥയിൽ ക്രമേണ ഇത്തരം ഉത്തരവാദിത്തങ്ങളിൽ നിന്നും സർക്കാർ പിൻവാങ്ങുകയാണ് ഉണ്ടായത്. സൗജന്യകിറ്റ് വിതരണത്തിലേക്ക് സാമൂഹിക ഉത്തരവാദിത്തം ചുരുങ്ങി. ആരോഗ്യമേഖലയിലാകട്ടെ, സർക്കാർ ചെയ്യേണ്ടിയിരുന്ന അടിയന്തര സഹായം, ഡോക്ടർമാരുടെയും നഴ്സുമാരുടെയും ഉൾപ്പടെ, കാലങ്ങളായി നികത്തപ്പെടാതെകിടന്ന ആയിരക്കണക്കിന് ഒഴിവുകളിലേക്ക് സ്ഥിരം നിയമനം യുദ്ധകാലാടിസ്ഥാനത്തിൽ നടത്തുക എന്നതായിരുന്നു.എന്നാൽ അതിന് എന്ത് നടപടി കൈക്കൊണ്ടു? ഒന്നുമില്ല, പകരം താത്കാലികമായി കുറച്ചുപേരെ നിയമിച്ചു. ഫലമോ, അർപ്പണബോധത്തോടെ ജോലി ചെയ്ത ആരോഗ്യപ്രവർത്തകർക്ക് വേണ്ട വിശ്രമംപോലും അനുവദിക്കാതെ കൂടുതൽ ജോലി ചെയ്യേണ്ടിവന്നു. തുടർച്ചയായി ഏറ്റെടുക്കേണ്ടിവന്ന അമിതജോലിഭാരം, ആരോഗ്യപ്രവർത്തകരുടെ തന്നെ ആരോഗ്യത്തെ ബാധിച്ചിട്ടുണ്ട്. നിരവധി ആരോഗ്യപ്രവർത്തകരെ രോഗം ബാധിച്ചു.

ഇതൊക്കെ കണ്ടിട്ടും കണ്ടില്ലെന്ന് നടിക്കുകയാണ് ആദ്യ എൽഡിഎഫ് സർക്കാരും രണ്ടാം സർക്കാരും ചെയ്തുപോരുന്നത്. ആരോഗ്യവകുപ്പിന്റെ മനുഷ്യവിഭവശേഷി വർധിപ്പിക്കുമെന്നുള്ള പ്രഖ്യാപനങ്ങളൊക്കെ കടലാസിൽ ഒതുങ്ങുന്നു. ആരോഗ്യപ്രവർത്തകരുടെ ഭാഗത്തു നിന്നുള്ള വീഴ്ചകൾക്കും കാലതാമസങ്ങൾക്കും പരസ്യമായിവരെ അവരെ ശാസിച്ച് കൈയ്യടി വാങ്ങിയ മന്ത്രിമാർ, പക്ഷേ ആരോഗ്യവകുപ്പ് നേരിടുന്ന ആൾക്ഷാമം പരിഹരിക്കാൻ എന്തു നടപടിയെടുത്തു? കോവിഡിന്റെ ഒന്നാം തരംഗത്തെ അതിജീവിക്കാൻ ഗണ്യമായി പണിയെടുത്ത ആരോഗ്യപ്രവർത്തകർക്ക് ആവശ്യമായ പിന്തുണ നൽകുന്നതിൽ ആത്മാർത്ഥതയില്ലാത്ത സമീപനമാണ് പിണറായി വിജയന്റെ ആദ്യത്തെയും ഇപ്പോളത്തെയും സർക്കാർ പുലർത്തിപ്പോന്നത് എന്നുതന്നെ പറയേണ്ടി വരുന്നു. രോഗത്തിന്റെ രണ്ടാം തരംഗത്തിലെ കൂടുതൽ ഉത്തരവാദിത്തങ്ങൾ കാര്യക്ഷമതയോടെ കൈകാര്യം ചെയ്യാനുള്ള പൊതുജനാരോഗ്യമേഖലയുടെ ശേഷിയെ വർധിപ്പിക്കുന്നതിനുപകരം, അതിനെ ദുർബ്ബലമാക്കി എന്നതാണ് സർക്കാരിന്റെ ആത്മാർത്ഥതയില്ലാത്ത സമീപനത്തിന്റെ പരിണതഫലം. ഓർക്കുക, കോവിഡിൽ പിടിച്ചുനിന്നു എന്നതിൽ സംസ്ഥാനത്തെ പൊതുജനാരോഗ്യരംഗത്തിന്റെ മികവല്ല പ്രകടമായത്. മറിച്ച്, അതിന്റെ പരിമിതികളും പരാധീനതകളും പുറത്തുവരികയാണ് ഉണ്ടായത്.

ആരോഗ്യമേഖലയെ ശക്തിപ്പെടുത്തി രോഗത്തെ നേരിടുന്നതിനുപകരം, ലോക്ക്ഡൗൺ കർശനമാക്കി ജനങ്ങളെ നേരിടുന്ന നയമാണ് പിണറായി സർക്കാരുകൾ കൈക്കൊണ്ടത്. ഇതെത്രത്തോളം പരാജയമായി എന്നത് ഇന്ന് വിശദീകരിക്കേണ്ട കാര്യമില്ല. സർക്കാരിന് തത്വത്തിലെങ്കിലും നയം തിരുത്തേണ്ടിവന്നു. ഇത്തരത്തിലൊരു ആരോഗ്യപ്രതിസന്ധിയിൽ രോഗത്തെയാണ് നേരിടേണ്ടത്, അല്ലാതെ ജനങ്ങളെയല്ല എന്നതാണ് ഇവിടെ സർക്കാർ പഠിക്കേണ്ട അടുത്ത പാഠം.

കോവിഡിനെതിരായ പ്രവർത്തനങ്ങളുടെ നേതൃത്വം മുഖ്യമന്ത്രി നേരിട്ട് ഏറ്റെടുത്തപ്പോൾ തന്നെ, ആരോഗ്യപ്രവർത്തകരേയും പൊതുജനങ്ങളെയും പിന്നണിയിലേക്ക് മാറ്റി പൊലീസിനും ഉന്നതഉദ്യോഗസ്ഥർക്കും മേൽക്കൈ നൽകുന്ന പ്രവണത ദൃശ്യമായിരുന്നു. ആരോഗ്യരംഗത്തെ വിദഗ്ധർക്കൊന്നും നയരൂപീകരണത്തിൽ സ്ഥാനമില്ലാത്ത അവസ്ഥ. ഡോക്ടർമാരുടേയോ നഴ്സുമാരുടേയോ സംഘടനകളുമായോ, ഐഎംഎ പോലെയുള്ളവരുമായോ പേരിനുപോലും കൂട്ടായ ചർച്ചയോ പ്രവർത്തനമോ നടത്താൻ സർക്കാർ തയ്യാറായില്ല. ഉദ്യോഗസ്ഥരും പൊലീസും സർക്കാരിന് വിശ്വാസമുള്ള ചില ഉപദേശകരും നയിച്ച വഴിയേ മാത്രമാണ് കാര്യങ്ങൾ പോയത്. നിയമസഭാ തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ച് പെരുമാറ്റച്ചട്ടം നിലവിൽ വന്നതോടെ രാഷ്ട്രീയ നേതൃത്വത്തിന്റെ ശ്രദ്ധ തെരഞ്ഞെടുപ്പിലേക്കായി. കോവിഡിന്റെ രണ്ടാം തരംഗം രാജ്യത്ത് ആരംഭിച്ച 2021 മാർച്ച് മുതലുള്ള ഇതേ കാലത്ത്, കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട നയപരമായ കാര്യങ്ങൾപോലും ഉദ്യോഗസ്ഥരും പൊലീസും ചേർന്ന് തീരുമാനിക്കുന്നതു പോലെയായി കാര്യങ്ങൾ. ഇതാകട്ടെ, ഐഎംഎ അടക്കമുള്ള സംഘടനകളും ആരോഗ്യപ്രവർത്തകരും വിദഗ്ധരും പലവട്ടം പാളിച്ചകൾ ചൂണ്ടിക്കാട്ടിയിട്ടും നിർദ്ദേശങ്ങൾ നൽകിയിട്ടും, അത് കേൾക്കാൻകൂടി തയ്യാറാകാത്ത ധാർഷ്ട്യമാണ് സർക്കാർ പുലർത്തിയത്.

ആരോഗ്യസംവിധാനത്തിന്റെ കരുത്തു കൂട്ടുന്നതിനു പകരം, കോവിഡ് പ്രതിരോധത്തിന്റെ പേരിൽ ജനങ്ങൾക്കുമേൽ കുതിരകയറാൻ പൊലീസിനെ അഴിച്ചുവിട്ടതുപോലെയായി കാര്യങ്ങൾ. ജീവിതദുരിതത്തിനു മുന്നിൽ പകച്ചുനിൽക്കുന്ന സാധാരണക്കാരനുമേൽ നിർദ്ദയം പിഴ ചുമത്തുന്നതാണ് പ്രധാന പ്രതിരോധമത്രേ. ജനപക്ഷത്തുനിന്ന് ഇത് തടയുന്നതിനു പകരം ഈ ഉദ്യോഗസ്ഥ-പൊലീസ് മേധാവിത്വത്തെ പ്രോത്സാഹിപ്പിച്ചുകൊടുക്കുകയാണ് പിണറായി സർക്കാർ. ഇപ്പോഴും ഇത് തുടരുന്നു. ഇതാണ് ഓഗസ്റ്റ് ആദ്യവാരത്തിൽ, അശാസ്ത്രീയമായ ലോക്ക്ഡൗൺ നയത്തിൽ തിരുത്തൽ വരുത്താനുള്ള തീരുമാനം, ആരോഗ്യവകുപ്പുമന്ത്രി നിയമസഭയിൽ പ്രസ്താവിച്ചതിന്റെ അന്തഃസത്തയ്ക്ക് വിരുദ്ധമായി ചീഫ് സെക്രട്ടറി ഉത്തരവിറക്കിയതിലും കാണുന്നത്. എന്നാൽ ഉദ്യോഗസ്ഥരെ തിരുത്തുന്നതിനുപകരം അവർക്കുവഴങ്ങി കുടപിടിച്ചുകൊടുക്കുന്നതാണ് പിണറായി സർക്കാരിന്റെ സമീപനം. കോവിഡ് ഒരു ആരോഗ്യ പ്രതിസന്ധിയാണ്, അല്ലാതെ പൊലീസിനെ ഉപയോഗിച്ച് കൈകാര്യം ചെയ്യേണ്ട ഒരു ക്രമസമാധാനപ്രശ്നമല്ല, എന്ന തമിഴ്നാട് ധനകാര്യവകുപ്പുമന്ത്രി പളനിവേൽ ത്യാഗരാജന്റേതായി റിപ്പോർട്ട് ചെയ്യപ്പെട്ട അഭിപ്രായം ഇവിടെ ശ്രദ്ധിക്കേണ്ടതുണ്ട്. പൊലീസിനെ ഉപയോഗിച്ച് നേരിടേണ്ട ഒന്നല്ല രോഗപ്പകർച്ച എന്നതും, അതിന് ജനത്തെ വിശ്വാസത്തിലെടുക്കുകയും പ്രതിരോധത്തിന്റെ നേതൃത്വം ആരോഗ്യരംഗത്തെ

(ശേഷം 7-ാം പേജിൽ)

കോവിഡ് പ്രതിസന്ധി

# സ്ഥിതി വഷളാകുമ്പോൾ പഴി ജനങ്ങൾക്കും നേട്ടമുണ്ടായാൽ ക്രെഡിറ്റ് സർക്കാരിനും

(6-ാം പേജിൽ നിന്ന്)

വിദഗ്ധർക്ക് നൽകിക്കൊണ്ട്, പൊലീസ് അടക്കമുള്ള ഭരണനിർവ്വഹണ സംവിധാനങ്ങൾ അവർക്ക് ആവശ്യമായ പിന്തുണ നൽകുകയുമാണ് വേണ്ടിയിരുന്നത് എന്നതാണ് മറന്ന ഒരു പ്രധാന പാഠം.

## സർക്കാർ കയ്യൊഴിയുന്നു, സ്വകാര്യമേഖല ലാഭം കൊയ്യുന്നു

സർക്കാർ ഈ പാഠങ്ങൾ മറക്കുമ്പോൾ മറുവശത്ത് നേട്ടമുണ്ടാക്കുന്നതാര് എന്നത് കാണാതെ പോകരുത്. കഴിഞ്ഞ കോവിഡ് കാലത്തുതന്നെ ചികിത്സക്കും പരിശോധനകൾക്കും സ്വകാര്യ ആശുപത്രികൾക്കും ലാബുകൾക്കും അനുമതി ലഭിച്ചിരുന്നു. പക്ഷേ കോവിഡിന്റെ പേരിൽ യാതൊരു മാനദണ്ഡവുമില്ലാത്ത നിരക്കുകളാണ് സ്വകാര്യ ആശുപത്രികളും ലാബുകളും ജനങ്ങളിൽനിന്ന് ഈടാക്കിയത്. പ്രതിഷേധങ്ങളെയും കോടതി ഉത്തരവിനെയും തുടർന്ന് ഏകീകൃത നിരക്കുകൾ സർക്കാരിന് പ്രഖ്യാപിക്കേണ്ടി വന്നു. പക്ഷേ ഈ നിരക്കുകൾതന്നെയും നീതിക്കോ യുക്തിക്കോ നിരക്കുന്നതായിരുന്നില്ല. പക്ഷേ, ഇത്തവണ സർക്കാർ സംവിധാനത്തിൽ രോഗികളെ ഉൾക്കൊള്ളുന്നത് ചുരുക്കി അവരെ വീട്ടുകളിലേക്ക് പറഞ്ഞയച്ചപ്പോൾ സ്വകാര്യ ആശുപത്രികളെ ആശ്രയിക്കാൻ ജനങ്ങൾ നിർബന്ധിതരായി. സർക്കാർതന്നെ പരിശോധനകൾ ചുരുക്കിയപ്പോഴും, നെഗറ്റീവ് ആയോ എന്നറിയാനുള്ള ടെസ്റ്റ് നടത്താതെ വന്നപ്പോഴും, ഇതൊക്കെ പണം മുടക്കി സ്വകാര്യ ലാബുകളിൽ ചെയ്യേണ്ടിവരുന്നു.

കോവിഡ് കാലത്ത് മറ്റുരോഗങ്ങൾ കുറയുകയും, ചികിത്സക്കായി ജനങ്ങൾ പൊതുമേഖലയെ കൂടുതലായി ആശ്രയിച്ചുതുടങ്ങുകയും ചെയ്തപ്പോൾ കച്ചവടം കുറഞ്ഞ സ്വകാര്യ ആശുപത്രി മുതലാളിമാർക്ക് കച്ചവടം സൃഷ്ടിച്ച് കൊടുക്കുന്നതായി സർക്കാരിന്റെ നയങ്ങൾ. ചില മുതലാളിത്തരാജ്യങ്ങൾ ചെയ്തതു പോലെ, സ്വകാര്യ ആശുപത്രികളെയടക്കം താത്കാലികമായി സർക്കാർ ഏറ്റെടുത്ത് കോവിഡ് ചികിത്സയൊരുക്കണം എന്നപോലും ചർച്ചവന്ന സ്ഥാനത്താണ്, ഇപ്പോൾ ചികിത്സക്കും പരിശോധനക്കുമായി സ്വകാര്യമേഖലയുടെ ലാഭക്കൊതിയെ ആശ്രയിക്കേണ്ട ഗതികേട് ജനങ്ങൾക്കുണ്ടായിരിക്കുന്നത്. ഇതോടൊപ്പം, ഇപ്പോൾ കടയിൽ പോകാൻപോലും പരിശോധനയുടേയോ വാക്സിനേഷന്റെയോ സർട്ടിഫിക്കറ്റ് നിർബന്ധമാക്കുകയും, എന്നാൽ ഇതിനുള്ള സൗകര്യം പൊതുമേഖലയിൽ ഇല്ലാതെയാക്കുകയും ചെയ്യുന്ന സർക്കാർ നയങ്ങൾ ആർക്കാണ് ലാഭമുണ്ടാക്കുന്നത്? സ്വകാര്യ മൂലധനശക്തികൾക്ക് ലാഭമുണ്ടാക്കി കൊടുക്കുന്നതിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്കുള്ള ഔത്സുക്യം ഒരു പുതിയ കാര്യമല്ല. ഇവിടെ അതിന് ജനങ്ങളുടെ ജീവന്റെ വിലയുണ്ട് എന്നു മാത്രം.

## കുത്തഴിഞ്ഞ വാക്സിനേഷൻ

കോവിഡ് രോഗവ്യാപനത്തോട് ചേർത്തുതന്നെ പ്രതിരോധ കുത്തിവെയ്പ്പിന്റെ അവസ്ഥയും പരിശോധിക്കേണ്ടതുണ്ട്. ഏറ്റവും ഒടുവിൽ ലഭ്യമായ കണക്കനുസരിച്ച്, 43 ശതമാനത്തിലധികം പേർക്ക് കേരളത്തിൽ ഒരു ഡോസ് വാക്സിനെങ്കിലും ലഭ്യമായിട്ടുണ്ട്. 18% പേർക്ക് രണ്ട് ഡോസും സ്വീകരിക്കാനായി. പക്ഷേ, സംസ്ഥാനത്ത് എല്ലാവർക്കും സൗജന്യവാക്സിൻ നൽകുമെന്ന് മുഖ്യമന്ത്രി പ്രഖ്യാപിച്ചിട്ടും പ്രയോഗതലത്തിൽ അതല്ല അവസ്ഥ. ആദ്യഘട്ടത്തിൽ മുൻഗണനാ വിഭാഗങ്ങൾക്കുമാത്രം നൽകിയ വേളയിൽ താരതമ്യേന നല്ല രീതിയിൽ നടന്ന വാക്സിൻ വിതരണം ഇന്ന് കുത്തഴിഞ്ഞ അവസ്ഥയിലാണ്. താഴേത്തലത്തിലെ വാക്സിൻ വിതരണം ഏറെക്കുറെ വീതംവെപ്പായി മാറുന്നു. പലയിടത്തും വാക്സിൻ സ്റ്റോക്കില്ല എന്നുപറഞ്ഞ് സർക്കാർ സംവിധാനം കൈമലർത്തുമ്പോൾ തൊട്ടടുത്ത സ്വകാര്യ ആശുപത്രിയിൽ യാതൊരു ക്ഷാമവുമില്ലാതെ വിലകൊടുത്തു വാങ്ങാവുന്ന വാക്സിൻ ലഭ്യമാകുന്നു. പല കാരണങ്ങൾ കൊണ്ടും നിശ്ചിതസമയത്ത് വാക്സിൻ എടുക്കേണ്ട ജനങ്ങൾക്ക് സർക്കാർ സംവിധാനത്തിൽ അത് ലഭ്യമാകാതെ സ്വകാര്യ ആശുപത്രികളുടെ കച്ചവടത്തിന് തല വെച്ചു കൊടുക്കേണ്ടിവരുന്നു. മറുവശത്ത് നേരായ വഴിയിൽ വാക്സിൻ ബുക്കുചെയ്യാനായി കാത്തിരിക്കുന്നവർ നിരാശരാകുന്നു. അവിടെയും ലാഭം സ്വകാര്യമേഖലയ്ക്ക് എന്നുറപ്പാക്കി കണ്ണടക്കുകയാണ് സർക്കാർ. പക്ഷേ വാക്സിനേഷന്റെ വേഗം ഇങ്ങനെ കുറയുമ്പോൾ, അർഹരായ അനവധിയാളുകൾ ഇനിയും വാക്സിനെടുക്കാതിരിക്കുമ്പോൾ, അത് രോഗത്തെ അതിജീവിക്കാനുള്ള സമൂഹത്തിന്റെ ശേഷിയെയാണ് ബാധിക്കുന്നത്.

**പ്രാഥമികാരോഗ്യകേന്ദ്രങ്ങൾമുതൽ മെഡിക്കൽ കോളേജുകൾവരെയുള്ള ആശുപത്രികളിലെ ഡോക്ടർമാർ, നഴ്സുമാർ, മറ്റ് ജീവനക്കാർ, ഹെൽത്ത് ഇൻസ്പെക്ടർമാരും ആശ പ്രവർത്തകരുമടക്കമുള്ള ആരോഗ്യപ്രവർത്തകർ, സന്നദ്ധസേവനം നടത്തിയ പൊതുപ്രവർത്തകർ, സംഘടനകൾ തുടങ്ങി സാധാരണജനങ്ങൾ വരെയുള്ളവരുടെ ഒറ്റക്കെട്ടായ പ്രവർത്തനത്തിലൂടെയാണ് കോവിഡിന്റെ ആദ്യഘട്ട ആക്രമണത്തെ കേരളം ചെറുത്തത്.**

## സർക്കാർ ജനവിരുദ്ധസമീപനം തിരുത്തിയേ മതിയാകൂ

ആരോഗ്യപ്രവർത്തകരും എല്ലാവിഭാഗം ജനങ്ങളും ഒത്തുചേർന്ന് കോവിഡിന്റെ ഒന്നാം ഘട്ടത്തെ നേരിട്ടപ്പോൾ അത് തന്റെയും തന്റെ പാർട്ടിയുടെയും മാത്രം പ്രവർത്തനമായി ചുരുക്കി തെരഞ്ഞെടുപ്പ് നേട്ടത്തിനുള്ള പ്രചാരണമായി മാറ്റുകയല്ലേ മുഖ്യമന്ത്രി ചെയ്തത്? കേന്ദ്രസർക്കാരിന്റെ മാതൃകയിലുള്ള പ്രചാരണ പ്രവർത്തനങ്ങളല്ല, ജനപക്ഷത്തുനിന്നുള്ള പ്രവൃത്തിയാണ് കേരളം മുഖ്യമന്ത്രിയോട് ആവശ്യപ്പെടുന്നത്. സർക്കാരിലും പൊതുജനാരോഗ്യസംവിധാനത്തിലും ജനങ്ങൾക്കുള്ള വിശ്വാസവും, തിരികെ ജനങ്ങളെ വിശ്വാസത്തിലെടുത്തുള്ള സർക്കാർ നടപടികളുമാണ് ഫലപ്രദമായി കോവിഡ് പ്രതിസന്ധിയെ നേരിടാനുള്ള ഒരേയൊരു മാർഗ്ഗം. എന്നാൽ ജനങ്ങളുടെ വിശ്വാസം തകർക്കുന്ന നടപടികളുമായാണ് സംസ്ഥാന സർക്കാർ മുന്നോട്ടു പോകുന്നത്. ഇതുകൊണ്ട് ആത്യന്തികമായി നേട്ടമുണ്ടാക്കുന്നത്, ആരോഗ്യമേഖലയിലെ സ്വകാര്യ ലോബികളും മൂലധന ശക്തികളുമാണ്. ഇത് അംഗീകരിക്കാൻ പറ്റില്ല. ഇത്തരം സമീപനവും നയവും പ്രവൃത്തിയും തിരുത്തിയേ മതിയാകൂ. മഹാമാരിയെ ചെറുക്കാൻ ആരോഗ്യരംഗത്തെ വിദഗ്ധരെ ഉൾപ്പെടുത്തിക്കൊണ്ട് രൂപീകരിക്കുന്ന നയവും പരിപാടിയും, അത് നടപ്പാക്കാൻ ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ എല്ലാ വകുപ്പുകളെയും ജനങ്ങളെയും ഒരുമിച്ചു ചേർത്തുകൊണ്ടുള്ള പ്രവർത്തനവുമാണ് ആവശ്യം. യുദ്ധകാലാടിസ്ഥാനത്തിൽ ആരോഗ്യവകുപ്പിലെ ഒഴിവുകൾ നികത്തി പൊതുജനാരോഗ്യമേഖലയെ ശക്തിപ്പെടുത്താനുള്ള അടിയന്തര നടപടികൾ ഒപ്പം സർക്കാർ കൈക്കൊള്ളണം. കോവിഡ് സൃഷ്ടിക്കുന്ന ആരോഗ്യ-സാമൂഹിക പ്രതിസന്ധിയെ കൂട്ടായി നമുക്ക് മറികടക്കുന്നതിനായി നിലവിലെ ജനവിരുദ്ധ സമീപനം തിരുത്തി, ഈ ജനകീയസമീപനത്തിലേക്ക് സർക്കാർ എത്തണം എന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു. ■

# കരിമണൽ ഖനനവിരുദ്ധ സമരത്തിന് ജനകീയ സമര നേതാക്കളുടെ പിന്തുണ

(1-ാം പേജിൽ നിന്ന്)

എസ്.സുരേഷ്കുമാർ അധ്യക്ഷത വഹിച്ചു. ജനറൽ കൺവീനർ ആർ.അർജ്ജുനൻ സ്വാഗതം പറഞ്ഞു. സ്ട്രീറ്റ് ബാൻഡ് ഗായികയും എഐഡിഎസ്ഒ നേതാവുമായ അനാമിക എസ്.ഗോപാലിന്റെ ഗാനങ്ങൾ ഏറെ ശ്രദ്ധേയമായിരുന്നു.

വിളപ്പിൽശാല സമരനായകൻ എസ്.ബുർഹാൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. കരിമണൽ ഖനന വിരുദ്ധ സമരം ക്രമേണ ആർജിക്കുന്ന ബഹുജന പിന്തുണയും ശക്തിയും വിളപ്പിൽശാല സമരത്തിലെ സ്വന്തം അനുഭവങ്ങളുടെ വെളിച്ചത്തിൽ വിശദീകരിച്ചത് ആവേശമുണർത്തി. ആർ.പാർത്ഥസാരഥി വർമ്മ സത്യാഗ്രഹികളെയും മർദ്ദനമേറ്റവരെയും പോരാളികളെയും വേദിയിലേക്കാനയിച്ച് പരിചയപ്പെടുത്തി. ജി. ഗോമതി ഷാളണിയിച്ചും പതക്കങ്ങൾ കഴുത്തിലണിഞ്ഞും പൂച്ചെണ്ടുകൾ നൽകിയും ആദരിച്ചു. ബി. ഭദ്രൻ, എസ്.സുധിലാൽ, എം. എച്ച്.ഉവൈസ്, നാസർ ആറാട്ടുപുഴ, ഷിബു പ്രകാശ് എന്നിവർ പ്രസംഗിച്ചു. എം.സ്വരാജ് കൃതജ്ഞത പറഞ്ഞു. പാനൂരിൽനിന്ന് എത്തിയ കുട്ടികൾ ചെയ്ത സമര നൃത്തശില്പം സമരത്തിന്റെ തീവ്രതയും നൃത്തത്തിന്റെ ചടുലതയും സംഗീതത്തിന്റെ മനോഹാരിതയും സമ്മേളിപ്പിക്കുന്നതായിരുന്നു.

ക്വിറ്റ് ഇന്ത്യാ ദിനമായ ആഗസ്റ്റ് 9ന് കരിമണൽ ഖനനവിരുദ്ധ ഏകോപന സമിതിയുടെ ആഭിമുഖ്യത്തിൽ ഉജ്ജ്വലമായ സെക്രട്ടേറിയറ്റ് മാർച്ച് നടന്നു. പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ ഉദ്ഘാടനം ചെയ്തു. സമരസമിതി ചെയർമാൻ എസ്.സുരേഷ്കുമാർ അദ്ധ്യക്ഷത വഹിച്ചു. എം.വിൻസന്റ് എംഎൽഎ മുഖ്യപ്രഭാഷണം നടത്തി. നടൻ പ്രേംകുമാർ, കെ.എ.ഷെഫീഖ്, ആർ.കുമാർ, എം.ഷാജർഖാൻ, മാഗ്ലിൻ ഫിലോമിന, അജിത് ശംഖുമുഖം, സുധിലാൽ തൃക്കുന്നപ്പുഴ, ആർ.അർജ്ജുനൻ, നാസർ ആറാട്ടുപുഴ, ആർ. പാർത്ഥസാരഥി വർമ്മ, ബി.ഭദ്രൻ, പി.കെ.സുഭദ്രാമണി, ആശാ രുദ്രാണി, ഹെൻറി, കെ.ജെ.ഷീല, എസ്.മധു, പോൾ എന്നിവർ പ്രസംഗിച്ചു. ■



തോട്ടപ്പള്ളിയിൽ കരിമണൽ ഖനന വിരുദ്ധ ഏകോപനസമിതി വൈസ് ചെയർമാനും എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) നേതാവുമായ സഖാവ് ബി.ഭദ്രന് നേരെ നടന്ന പോലീസ് അതിക്രമം



കരിമണൽ ഖനന വിരുദ്ധ ഏകോപനസമിതിയുടെ ആഭിമുഖ്യത്തിൽ തോട്ടപ്പള്ളിയിൽ നടക്കുന്ന സത്യാഗ്രഹത്തിന്റെ 50-ാം ദിവസം സംഘടിപ്പിച്ച സമ്മേളനം വിളപ്പിൽശാല സമരനായകൻ എസ്.ബുർഹാൻ ഉദ്ഘാടനം ചെയ്യുന്നു

# ഉദ്യോഗാർത്ഥികളെ നിരന്തരം വഞ്ചിക്കുന്ന എൽഡിഎഫ് സർക്കാരിനെതിരെ യുവജന രോഷം ഉയരണം

**സെക്രട്ടേറിയറ്റിന് മുന്നിലെ സമരവഴികളിൽ ഉദ്യോഗാർത്ഥികളുടെ കണ്ണുനീർ വീണ്ടും വീഴുന്നു.വലിയപ്രതീക്ഷകളോടെ അധികാരസമക്ഷമെത്തിയ പിഎസ്‌സി റാങ്ക് ഹോൾഡേഴ്സ് മുഖം പൊത്തിക്കരഞ്ഞുകൊണ്ടാണ് തലസ്ഥാന നഗരിയിൽനിന്നും മടങ്ങിയത്.**



ആഗസ്റ്റ് 4ന് അവസാനിക്കുന്ന റാങ്ക് പട്ടിക നീട്ടിക്കൊണ്ട്, നിയമനം നടത്തണമെന്ന ആവശ്യവുമായാണ് ലാസ്റ്റ് ഗ്രേഡ് സെർവന്റ്, വനിത സിവിൽ പോലീസ് ഓഫീസർ റാങ്ക് ലിസ്റ്റിലുള്ളവർ സമരത്തിനെത്തിയത്. എന്നാൽ, ആഗസ്റ്റ് 23ന് മുഖ്യമന്ത്രി പിണറായി വിജയൻ, കാലാവധി അവസാനിക്കുന്ന 493 ലിസ്റ്റുകളുടെ കാലാവധി നീട്ടില്ല എന്ന് തികഞ്ഞ ധാർഷ്ട്യത്തോടെ പ്രഖ്യാപിച്ചതോടെ, ഗവൺമെന്റിന്റെ സമീപനം എന്തെന്ന് വ്യക്തമായിരുന്നു. എന്നിട്ടും വീറോടെ മുദ്രാവാക്യം വിളിച്ചുകൊണ്ടവർ സമരരംഗത്ത് തുടർന്നു. അധികാരികളുടെ ബധിരകർണ്ണങ്ങൾ തുറക്കുമെന്ന പ്രതീക്ഷയോടെ അവർ സെക്രട്ടേറിയറ്റിന് മുന്നിലെ സമരപ്പന്തലിൽ തുടർന്നു. ഇതിനിടയിൽ ലാസ്റ്റ് ഗ്രേഡ് ലിസ്റ്റിന്റെ കാലാവധി രണ്ട് മാസത്തേയ്ക്ക് നീട്ടിക്കൊണ്ട് കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ വിധി വന്നത് ഉദ്യോഗാർത്ഥികൾക്ക് പ്രതീക്ഷയ്ക്ക് വക നൽകി. സർക്കാരാവട്ടെ, ലിസ്റ്റിന്റെ കാലാവധി നീട്ടിയ ട്രിബ്യൂണൽ ഉത്തരവിനെതിരെ പിഎസ്‌സിയെക്കൊണ്ട് ഹൈക്കോടതിയിൽ അപ്പീൽ നൽകുകയാണുണ്ടായത്. ഹൈക്കോടതി, സർക്കാർ വാദങ്ങൾ കണ്ണടച്ച് വിശ്വസിച്ചുകൊണ്ട് ട്രിബ്യൂണൽ ഉത്തരവ് റദ്ദ് ചെയ്തു. മാത്രമല്ല, കേരളത്തിലെ തൊഴിൽ രഹിതരായ ലക്ഷക്കണക്കിന് ഉദ്യോഗാർത്ഥികളെ ആക്ഷേപിക്കുന്ന നിരീക്ഷണങ്ങൾ നടത്തിക്കൊണ്ട്, സർക്കാർ നിലപാടുകൾക്ക് ശക്തി പകർന്നു.

## എൽജിഎസ് ഉദ്യോഗാർത്ഥികളോട് സർക്കാർ ചെയ്തത് തികഞ്ഞ അന്യായം

നിയമസഭാ തിരഞ്ഞെടുപ്പിന് മുൻപ് നടന്ന ഉദ്യോഗാർത്ഥികളുടെ അതിശക്തമായ പ്രക്ഷോഭം എൽഡിഎഫ് ഗവൺമെന്റിന് സൃഷ്ടിച്ച പ്രതിസന്ധികൾ വളരെ വലുതായിരുന്നു. കേരള മനഃസാക്ഷി സ്ഥിരം തൊഴിലെന്ന ഉദ്യോഗാർത്ഥികളുടെ ഡിമാന്റിനോടൊപ്പം അടിയുറച്ച് നിലകൊണ്ടു. സിവിൽ പോലീസ് ഓഫീസർ, ലാസ്റ്റ് ഗ്രേഡ് സെർവന്റ്, കെഎസ്ആർടിസി ഡ്രൈവർ, മെക്കാനിക്, ഫോറസ്റ്റ് വാച്ചർ തുടങ്ങിയ നിരവധി ലിസ്റ്റുകളിലെ ഉദ്യോഗാർത്ഥികൾ വീറ്റുറ്റ പ്രക്ഷോഭം നടത്തി.ലാസ്റ്റ് ഗ്രേഡ് സെർവന്റ് (എൽജിഎസ്) ഉദ്യോഗാർത്ഥികളുടെ സമരം 35 ദിവസം പിന്നിട്ടുകഴിഞ്ഞപ്പോൾ ഗത്യന്തരമില്ലാതെ സർക്കാർ, ഉദ്യോഗാർത്ഥികളുമായി ചർച്ചയ്ക്ക് തയ്യാറായി. ആ ചർച്ചയിൽ നിയമവകുപ്പ് മന്ത്രി എ.കെ.ബാലൻ എൽജിഎസ് ഉദ്യോഗാർത്ഥികൾക്ക് നൽകിയ ഉറപ്പിൻമേലാണ് അവർ സമരം അവസാനിപ്പിച്ചത്. നൈറ്റ് വാച്ച്മാൻമാരുടെ ജോലി സമയം 16 മണിക്കൂറിൽനിന്നും 8 മണിക്കൂറായി കുറച്ചുകൊണ്ട് അവിടെ വരുന്ന ഒഴിവുകളിൽ എൽജിഎസ് ലിസ്റ്റിൽനിന്നും ഇലക്ഷൻ കമ്മീഷന്റെ അനുമതിയോടെ നിയമനം നടത്താം എന്ന് നിയമമന്ത്രി എ.കെ.ബാലൻ ഉറപ്പുനൽകി. തൊട്ടടുത്ത ദിവസം തന്നെ, 'പിഎസ്‌സിയ്ക്ക് നിയമന നടപടികൾ നടത്തുന്നതിനും വിവിധ സർക്കാർ വകുപ്പുകളിലെ ഒഴിവുകൾ പിഎസ്സിക്ക് റിപ്പോർട്ട് ചെയ്യുന്നതിനും തടസ്സമില്ലെന്ന്' ചീഫ് ഇലക്ടറൽ ഓഫീസർ വ്യക്തമാക്കുകയുണ്ടായി. എന്നാൽ, എൽജിഎസ് ലിസ്റ്റിലെ നിയമനക്കാര്യത്തിൽ സർക്കാർ മെല്ലെപ്പോക്ക് നയം തുടരുകയാണുണ്ടായത്. നൈറ്റ് വാച്ചർമാരുടെ തസ്തികകൾ സൃഷ്ടിക്കപ്പെട്ടാൽതന്നെ പുരുഷ ഉദ്യോഗാർത്ഥികൾക്കായിരിക്കും ജോലി ലഭിക്കുകയെന്നതും ലിസ്റ്റിലെ ബഹുഭൂരിപക്ഷം വരുന്ന വനിതകളുടെ നിയമനത്തിലെ അനിശ്ചിതത്വം തുടരുകതന്നെ ചെയ്യുമെന്നും അന്നേ, എഐഡിവൈഒ ചൂണ്ടിക്കാണിച്ചിരുന്നു.

യൂണിവേഴ്സിറ്റികളിലെ ലാസ്റ്റ് ഗ്രേഡ് നിയമനം പിഎസ്‌സിയ്ക്ക് വിട്ടെങ്കിലും സ്പെഷ്യൽ റൂൾ ഇറക്കാത്തതിനാൽ നിയമനങ്ങൾ നടക്കുന്നില്ല എന്ന പ്രശ്നവും ഉദ്യോഗാർത്ഥികൾ ചർച്ചയിൽ ചൂണ്ടിക്കാണിച്ചിരുന്നു. അതും പരിഗണിക്കാം എന്ന മന്ത്രിയുടെ വാഗ്ദാനവും ജലരേഖയായി മാറി. 14 ജില്ലകളിലായി 46,285 പേരുള്ള ലിസ്റ്റിൽനിന്നും ആകെ നിയമിച്ചത് 6788 മാത്രമാണ്. 2012ലെ ലിസ്റ്റിൽനിന്നും 12,959ഉം 2015ലെ ലിസ്റ്റിൽനിന്നും 11,455ഉം പേരെ നിയമിച്ചിരുന്നു എന്നതും ഓർക്കേണ്ടതുണ്ട്. പരീക്ഷ എഴുതി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട 39,497 ഉദ്യോഗാർത്ഥികൾ നിലനിൽക്കെയാണ് പട്ടിക റദ്ദായത്. 493 ലിസ്റ്റുകളിൽ ഉൾപ്പെട്ട ലക്ഷക്കണക്കിന് യുവജനങ്ങളുടെ സർക്കാർ ജോലിയെന്ന പ്രതീക്ഷയ്ക്കുമേലെയാണ് പിണറായി സർക്കാർ കരിനിഴൽ വീഴ്ത്തിയത്.

## എൽജിഎസ് ലിസ്റ്റിന്റെ കാലാവധി നീട്ടിക്കൊണ്ടുള്ള ട്രിബ്യൂണൽ വിധി ഹൈക്കോടതി റദ്ദാക്കിയത് ഇരുട്ടടി

റാങ്ക് ലിസ്റ്റിന്റെ കാലാവധി 2 മാസത്തേയ്ക്ക് നീട്ടിക്കൊണ്ട് കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ് വന്നത്, സമരം ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് നേരിയൊരാശ്വാസം നൽകി.എന്നാൽ, ഉദ്യോഗാർത്ഥികളെ ദ്രോഹിക്കാനുറച്ചുകൊണ്ട് കെഎറ്റി ഉത്തരവിനെതിരെ സർക്കാർ പിഎസ്‌സിവഴി ഹൈക്കോടതിയിൽ അപ്പീൽ നൽകി. പിഎസ്‌സിയുടെ അപ്പീലിന്മേൽ വന്ന ഹൈക്കോടതി വിധിയും പരാമർശങ്ങളും ഉദ്യോഗാർത്ഥികളെ മാത്രമല്ല, തൊഴിൽ രഹിതരായ യുവജനങ്ങളെ ആകമാനം അപമാനിക്കും വിധമുള്ളതായിരുന്നു. സർക്കാർ വാദങ്ങളെ കണ്ണടച്ച് വിശ്വസിച്ചുകൊണ്ട് എൽജിഎസ് ലിസ്റ്റ് നീട്ടിയ ട്രിബ്യൂണൽ ഉത്തരവ് കോടതി റദ്ദ് ചെയ്തു. റാങ്ക് പട്ടികയുടെ കാലാവധി നീട്ടുന്നതിനുള്ള അസാധാരണ സാഹചര്യമൊന്നും നിലവിലില്ല എന്ന സർക്കാർ വാദം കോടതി എന്തുകൊണ്ടാണ് അംഗീകരിച്ചത്. കോവിഡിന്റെ അസാധാരണ സാഹചര്യം നിലനിൽക്കുന്നുവെന്ന് നിരന്തരം പറഞ്ഞുകൊണ്ടിരിക്കുന്ന സർക്കാർതന്നെ, നിയമനം നടക്കാത്ത അസാധാരണ സാഹചര്യമൊന്നുമില്ല എന്ന പറഞ്ഞതിൽ, കോടതിക്ക് അസ്വാഭാവികമായൊന്നും തോന്നിയില്ല. കോവിഡ് കാരണം, കഴിഞ്ഞ രണ്ടു വർഷമായി സർക്കാർ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കൃത്യമായി നടന്നിട്ടില്ല. അതുകൊണ്ടുതന്നെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിൽ വലിയ കുറവാണുണ്ടായിട്ടുള്ളത്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്നില്ല എന്ന് പറഞ്ഞുകൊണ്ടാണ് നിയമന ശുപാർശകൾ അയയ്ക്കാത്തത് എന്നതാണ് പിഎസ്‌സിയുടെ വാദം. കോടതിക്ക് കാര്യങ്ങൾ ബോദ്ധ്യപ്പെടാനാണെങ്കിൽ ദൂരെയെങ്ങും പോകേണ്ടതില്ല, കേരളത്തിലെ കോടതികളിൽ ഒഴിവുള്ള ക്ലാർക്ക് പോസ്റ്റുകൾ എത്രയുണ്ടെന്ന് അന്വേഷിച്ചാൽ മാത്രം മതി. അങ്ങനെ എല്ലാ ഡിപ്പാർട്ട്മെന്റുകളിലും വലിയ തോതിൽ ഒഴിവുകൾ നിലനിൽക്കെയാണ് എൽജിഎസ് അടക്കമുള്ള 493 ലിസ്റ്റുകളുടെ കാലാവധി അവസാനിച്ചത്. ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമെന്ന് സർക്കാർ പറയുന്നുണ്ട്. എന്നാൽ, കഴിഞ്ഞ അഞ്ചര വർഷത്തിനിടയിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്ത ഏതെങ്കിലും ഉദ്യോഗസ്ഥൻ/ഉദ്യോഗസ്ഥ ശിക്ഷിക്കപ്പെട്ടിട്ടുണ്ടോ?




സെക്രട്ടേറിയറ്റിന് മുന്നിൽ നടന്ന ഉദ്യോഗാർത്ഥികളുടെ സമരത്തെ എഐഡിവൈഒ സംസ്ഥാന സെക്രട്ടറി സഖാവ് ഇ.വി.പ്രകാശ് അഭിവാദ്യം ചെയ്യുന്നു

കോടതി അന്വേഷിക്കേണ്ടതായിരുന്നു. പിഎസ്‌സി പരീക്ഷകൾ നടത്തിക്കൊണ്ട് നിയമനത്തിനുള്ള നടപടികൾ പുരോഗമിക്കുന്നു, അതിനാൽ ലിസ്റ്റിന്റെ കാലാവധി നീട്ടി നൽകരുത് എന്നാണ് സർക്കാർ കോടതിയിൽ വാദിച്ചത്. സർക്കാർവാദം വസ്തുനിഷ്ഠമാണോ എന്നുപരിശോധിക്കുവാൻ കോടതി തയ്യാറായിട്ടില്ല എന്നതാണ് യാഥാർത്ഥ്യം. കോവിഡ് കാരണം, 2021 ഏപ്രിൽ മുതൽ ജൂൺ വരെയുള്ള രണ്ടു മാസക്കാലയളവിൽ 40 പിഎസ്‌സി പരീക്ഷകളാണ് സർക്കാർ മാറ്റിവച്ചത്. ഇനിയും കുറഞ്ഞത് ഒരു വർഷമെങ്കിലും കഴിയാതെ പുതിയ റാങ്ക് പട്ടികകൾ നിലവിൽ വരില്ല. എന്നുപറഞ്ഞാൽ, നടപ്പു വർഷത്തിൽ നിയമന മരവിപ്പാകും സംഭവിക്കുന്നത്. സർക്കാർ ചില വിഭാഗങ്ങളിൽ പരീക്ഷ നടത്തിയിട്ടുണ്ട്. അത് പ്രിലിമിനറി പരീക്ഷകൾ മാത്രമായിരുന്നു. വലിയൊരു വിഭാഗം ഉദ്യോഗാർത്ഥികൾക്ക് അയോഗ്യത കൽപ്പിച്ച് പിഎസ്‌സി പരീക്ഷ എഴുതുന്നതിൽനിന്നും അവരെ വർഷങ്ങളോളം മാറ്റി നിർത്താനുള്ള ഗൂഢാലോചനയുടെ ഭാഗമായി നടക്കുന്നതാണ് പ്രിലിമിനറി പരീക്ഷകൾ.

സർക്കാർ വാദത്തെ കണ്ണടച്ച് വിശ്വസിച്ചുകൊണ്ട് ഹൈക്കോടതി നടത്തിയ വിധി നീതിയുക്തമായിരുന്നില്ല എന്നു ഞങ്ങൾ ചൂണ്ടിക്കാണിക്കുന്നു. എൽജിഎസ് ലിസ്റ്റ് നിലവിൽ വന്നതിനുശേഷം രൂപപ്പെട്ട നിരവധി ഒഴിവുകൾ അവശേഷിക്കുമ്പോഴാണ് സർക്കാരും കോടതിയും ലിസ്റ്റ് റദ്ദാക്കിയത്. റാങ്ക് പട്ടിക നിലനിൽക്കുന്ന കാലത്ത് രൂപപ്പെട്ട ഒരൊഴിവുപോലും നികത്താതെ പട്ടിക റദ്ദാക്കാനാവില്ല എന്നായിരുന്നു ഹൈക്കോടതി സർക്കാരിനോട് പറയേണ്ടിയിരുന്നത്. എന്നാൽ, അതുണ്ടായില്ലെന്ന് മാത്രമല്ല, തൊഴിൽരഹിതരെ മുഴുവനും ആക്ഷേപിക്കും വിധത്തിലുള്ള പരാമർശങ്ങളും ജസ്റ്റിസ് അലക്സാണ്ടർ തോമസിന്റെ ഭാഗത്തുനിന്നുമുണ്ടായി. 'സർക്കാർ ജോലി തന്നെ വേണമെന്ന യുവാക്കളുടെ മനോഭാവം മാറണം. എംഎസ്‌സി ഉള്ളയാൾ ആടിനെ വളർത്തിയാൽ സ്റ്റാറ്റസ് പോകുമോ? സർക്കാർ ജോലിയില്ലെങ്കിൽ ലോകാവസാനമില്ല. എപ്പോഴും സർക്കാർ ജോലിയെ ആശ്രയിക്കാനാവില്ല 'തുടങ്ങിയ ആക്ഷേപകരമായ പ്രസ്താവനകൾ യുവാക്കളുടെമേൽ വർഷിക്കുവാൻ കോടതിയെ പ്രേരിപ്പിച്ചസാഹചര്യമൊന്നുംഞങ്ങൾക്ക് ബോദ്ധ്യപ്പെടുന്നില്ല. സർക്കാർ ജോലിയ്ക്കുവേണ്ടി യുവജനങ്ങൾ പരിശ്രമിക്കുന്നത്, സ്ഥിരം ജോലിയെന്ന മൗലികാവകാശത്തിന് വേണ്ടിയാണ്. ഒരു വ്യക്തിയെ സ്വന്തം കാലിൽ നിൽക്കുവാൻ പ്രാപ്തനാക്കുന്നത് സ്ഥിരംജോലിയും മാന്യമായ വരുമാനവുമാണ്. ഒരു മാതൃകാ തൊഴിൽ ദാതാവെന്ന നിലയിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അത് നിർവ്വഹിക്കേണ്ടത് രാജ്യത്തിന്റെ പുരോഗതിക്ക് അനിവാര്യവുമാണ്. എന്നാൽ, സ്ഥിരം തൊഴിൽ ഇല്ലാതാക്കിക്കൊണ്ട്, അധികാരസ്ഥാനങ്ങളിലിരിക്കുന്നവർ തങ്ങൾക്കിഷ്ടപ്പെട്ടവരെ താൽക്കാലികക്കാരായി നിയമിക്കുന്നത് പരീക്ഷഎഴുതി ജോലി കാത്തിരിക്കുന്നവരോട് ചെയ്യുന്ന വഞ്ചനയാണ്. സ്ഥിരം തൊഴിൽ സമ്പ്രദായം ഇല്ലാതാക്കുന്ന നയത്തെ ചോദ്യം ചെയ്യുകയായിരുന്നു കോടതി ചെയ്യേണ്ടിയിരുന്നത്. അഭ്യസ്തവിദ്യരായ യുവാക്കൾ ആടിനെ വളർത്തിയാൽ സ്റ്റാറ്റസ് പോകുമോ എന്ന് ചോദിക്കുന്ന കോടതി ദയവ് ചെയ്ത് പിഎസ്‌സി പരീക്ഷ എഴുതുന്ന ഉദ്യോഗാർത്ഥികളുടെ പശ്ചാത്ത

(ശേഷം 9–ാം പേജിൽ)

# ഓഹരിക്കമ്പോളത്തിലെ ഉയർച്ച സമ്പദ്ഘടനയുടെ രോഗാവസ്ഥയെയാണ് സൂചിപ്പിക്കുന്നത്

**സാമ്പത്തിക വളർച്ചയുടെ സൂചകങ്ങളായ മൊത്തം ആഭ്യന്തരോൽപാദനം, വ്യാവസായികോൽപാദനം എന്നിവയൊക്കെ ഇടിയുകയും പണപ്പെരുപ്പം, തൊഴിലില്ലായ്മ, തൊഴിൽനഷ്ടം, വീട്ടുചെലവ്, ദാരിദ്ര്യം എന്നിവയൊക്കെ വർദ്ധിക്കുകയും ചെയ്യുമ്പോഴും രാജ്യത്തെ ഓഹരി കമ്പോളത്തിന്റെ രണ്ട് പ്രധാന സൂചകങ്ങളായ സെൻസെക്സിലും നിഫ്റ്റിയിലും തുടർച്ചയായ വളർച്ചയാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്.**

**കോ**വിഡിന്റെ ആദ്യഘട്ട വ്യാപന സമയത്ത്, സമ്പദ്ഘടന രൂക്ഷമായ പ്രതിസന്ധിയിൽ പെട്ടിരുന്നപ്പോഴും ഓഹരിക്കമ്പോളത്തിൽ വളർച്ചയാണുണ്ടായത്. കോവിഡിന്റെ രണ്ടാം തരംഗത്തിലും അത് തുടരുകയാണ്. ഓഹരിക്കമ്പോളത്തിലെ ഈ കുതിപ്പ് സമ്പദ്ഘടനയുടെ പുനരുജ്ജീവനത്തിന്റെ സൂചനയായി തൽപരകക്ഷികൾ വ്യാഖ്യാനിക്കുന്നുണ്ട്. ബിജെപി നയിക്കുന്ന കേന്ദ്രഗവൺമെന്റ് കൈക്കൊള്ളുന്ന വീണ്ടെടുക്കൽ നടപടികളുടെ ഫലമായി വരുംവർഷങ്ങളിൽ സമ്പദ്ഘടനയിലുണ്ടാകാൻ പോകുന്ന വളർച്ചയെ സംബന്ധിച്ച ചർച്ചകളിൽമുഴുകിയിരിക്കുകയാണ് വിവിധ സാമ്പത്തിക ഏജൻസികളും റേറ്റിംഗ് ഏജൻസികളുമൊക്കെ. എന്നാൽ ഓഹരിക്കമ്പോളത്തിലെ ഈ കുതിച്ചുചാട്ടവും മറ്റും തങ്ങളുടെ ജീവിതത്തിൽ ഒരു ആശ്വാസവും ഉണ്ടാക്കുന്നില്ല എന്നത് രാജ്യത്തെ സാധാരണക്കാരെ ഏറെ ആശ്ചര്യപ്പെടുത്തുന്നുണ്ട്. നാൾ ചെല്ലുന്തോറും ദരിദ്രർ കൂടുതൽ ദരിദ്രരും സമ്പന്നർ കൂടുതൽ സമ്പന്നരുമായിക്കൊണ്ടിരിക്കുമ്പോൾ, സാമ്പത്തിക പ്രതിസന്ധിയെ മറികടക്കുന്നു എന്ന അവകാശവാദവും അവരെ അത്ഭുതപ്പെടുത്തുന്നു.

യഥാർത്ഥത്തിൽ സമ്പദ്ഘടനയുടെ വളർച്ചയും ഓഹരിക്കമ്പോളത്തിലെ കുതിപ്പുമായി ബന്ധമൊന്നുമില്ല. ഇതല്പം വിശദമാക്കാം. ഒരു കമ്പനി ഓഹരി വിറ്റഴിച്ചുകൊണ്ട് മൂലധനം സമാഹരിക്കാൻ തയ്യാറാകുമ്പോൾ ആ ഓഹരികൾ നിശ്ചയിക്കപ്പെട്ട വിലയ്ക്ക് നിക്ഷേപകർ, വിശേഷിച്ച് കോർപ്പറേറ്റുകളും സമ്പന്നരായ വ്യക്തികളും മ്യൂച്വൽ ഫണ്ട് നിക്ഷേപകരും പെൻഷൻഫണ്ടുകാരുമൊക്കെ വാങ്ങിക്കുന്നു. അങ്ങനെ ഓഹരിക്കമ്പോളത്തിലെ പ്രൈമറി മാർക്കറ്റിൽ ഓഹരികളുടെ കച്ചവടം നടക്കുന്നു. ഇപ്രകാരം ലിസ്റ്റു ചെയ്യപ്പെടുന്ന ഓഹരികൾ സെക്കൻഡറി മാർക്കറ്റിൽ ക്രയവിക്രയം ചെയ്യപ്പെടുന്നു. അതായത് ഓഹരികൾ കയ്യിലുള്ളവർ താല്പര്യമുള്ളവർക്ക് അത് വിൽക്കുന്നു. ഈ ഓഹരികൾക്ക് ഭാവിയിൽ ഉണ്ടാകാൻ സാധ്യതയുള്ള ഡിമാൻഡ് മുന്നിൽകണ്ടാണ് വിൽക്കുന്നവർ വില ഇടുന്നത്. അത് വാങ്ങുന്നയാൾക്കും അതേ പ്രതീക്ഷയാണുള്ളത്. ഡിമാൻഡ് കൂടിയാൽ വില ഉയരും. അപ്പോൾ കൂടിയ വിലയ്ക്ക് അവ വിറ്റ് ലാഭം നേടാം. എന്നാൽ ഭാവിയിൽ ഡിമാൻഡ് കുറഞ്ഞേക്കുമെന്ന കണക്കുകൂട്ടലിലാണ് അത് വില്പനകാരൻ വിറ്റഴിക്കുന്നത്. സെക്കൻഡറി മാർക്കറ്റിലെ ക്രയവിക്രയത്തിന്റ രീതി ഇതാണ്. മുതലാളിത്ത വ്യവസ്ഥയുടെ സഹജമായ പ്രതിസന്ധിക്ക് ആഴംവച്ചുവരുന്ന ഇക്കാലത്ത് ഊഹക്കച്ചവടം മുതലാളിത്തത്തിന്റെ അഭേദ്യഭാഗമായി തീർന്നിരിക്കുന്നു.

പ്രതിസന്ധികൂടുന്തോറും ഊഹക്കച്ചവടവും കൊഴുക്കും.ലാഭ സാധ്യത കൂടുതൽ കൽപ്പിക്കപ്പെടുന്ന ചില ഓഹരികൾ നിരന്തരം ക്രയവിക്രയം ചെയ്യപ്പെട്ടുകൊണ്ടിരിക്കും. സ്റ്റോക്ക് എക്സ്ചേഞ്ചുകൾ പലതുണ്ടെങ്കിലും ബോംബെ സ്റ്റോക്ക് എക്സ്ചേഞ്ചിലും നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ചിലുമാണ് പരമാവധി ഇടപാടുകൾ നടക്കുന്നത്. ബോംബെ സ്റ്റോക്ക് എക്സ്ചേഞ്ചിലെ 30 ഓഹരികളുടെ വില സൂചിപ്പിക്കുന്നതാണ് സെൻസെക്സ്. നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ചിലെ 50 ഷെയറുകളുടെ വില സൂചിപ്പിക്കുന്നത് നിഫ്റ്റി എന്ന പേരിലും. ഈ സൂചകങ്ങളുടെ ഉയർച്ചതാഴ്ചകളാണ് ഓഹരിക്കമ്പോളത്തിലെ കയറ്റിറക്കങ്ങളെ സൂചിപ്പിക്കുന്നത്.ആഭ്യന്തര നിക്ഷേപകരും വിദേശ ഇൻസ്റ്റിറ്റ്യൂഷണൽ നിക്ഷേപകരും പ്രധാനമായും ഈ ഓഹരികളിലാണ് ഇടപാടുകൾ നടത്തുന്നത്. ഈ ഓഹരികൾ വാങ്ങിക്കാൻ കൂടുതൽ പണം ഒഴുക്കാൻ നിക്ഷേപകർ തയ്യാറാകുന്നത് ഓഹരികളുടെ വില ഉയരുന്നതിന്റെ സൂചനയാണ്.ഉദാഹരണത്തിന് 30 ഓഹരികൾക്ക് 3000 രൂപ മുടക്കുമ്പോൾ ഒരു ഓഹരിയുടെ ശരാശരി വില 100 രൂപ രൂപ. എന്നാൽ മുപ്പതിനായിരം രൂപ മുടക്കാൻ തയ്യാറായാൽ ഓഹരി വില 1000 രൂപയായി ഉയരും. ഒരു കമ്പനിയുടെ വിറ്റഴിക്കാൻ വെച്ചിരിക്കുന്ന ഓഹരികളുടെ എണ്ണവും ഒരു ഓഹരിയുടെ കമ്പോള വിലയും തമ്മിൽ ഗുണിച്ചു കിട്ടുന്നതാണ് മാർക്കറ്റ് ക്യാപിറ്റലൈസേഷൻ എന്ന് അറിയപ്പെടുന്നത്. ഉദാഹരണത്തിന് ഒരു കമ്പനി ആയിരം ഓഹരികൾ ലിസ്റ്റ് ചെയ്യുകയും അതിന്റെ കമ്പോളവില 50 രൂപയുമാണെങ്കിൽ ആ കമ്പനിയുടെ അന്നേ ദിവസത്തെ മാർക്കറ്റ് ക്യാപിറ്റലൈസേഷൻ 50,000 രൂപയാണ്(1000:50). അതായത് ഓഹരി കമ്പോളത്തിലേയ്ക്ക് കൂടുതൽ പണമൊഴുകുമ്പോൾ കമ്പനികളുടെ മാർക്കറ്റ് ക്യാപിറ്റലൈസേഷൻ ഉയരുന്നു. ബൂർഷ്വാ സാമ്പത്തിക ശാസ്ത്രത്തിൽ വിദഗ്ധരായ സാമ്പത്തിക വിശാരദന്മാർ ഈ മാർക്കറ്റ് ക്യാപിറ്റലൈസേഷൻ വർദ്ധനയെ ഒരു കമ്പനിയുടെ സാമ്പത്തിക സുസ്ഥിതിയായി ചിത്രീകരിക്കുന്നു. യഥാർത്ഥത്തിൽ, വ്യവസായം, റിയാൽറ്റി, വാണിജ്യ സംരംഭങ്ങൾ തുടങ്ങി ഉൽപാദനക്ഷമമായ നിക്ഷേപങ്ങളിൽനിന്നുള്ള ലാഭത്തിന്റെ കാര്യമെടുത്താൽ ആ കമ്പനി രോഗാതുരമായ അവസ്ഥയിലായിരിക്കാം. ഓഹരി കമ്പോളം എന്നതിനെ സാധാരണ കമ്പോളം എന്ന രീതിയിൽ അവതരിപ്പിച്ചുകൊണ്ട് ഇവർ ജനങ്ങളിൽ ആശയക്കുഴപ്പം സൃഷ്ടിക്കുന്നു.

ഓഹരി കമ്പോളത്തിലേയ്ക്ക് ഇത്രയും പണം എന്തുകൊണ്ട് ഒഴുകുന്നു ? ജനങ്ങളുടെ വരുമാനം കുറയുന്നതിനനുസരിച്ച് അവരുടെ ക്രയശേഷി കുറയുകയും വ്യവസായിക ഉൽപ്പന്നങ്ങളുടെയും ഉപഭോക്തൃവസ്തുക്കളുടെയും കമ്പോളത്തിൽ ഇടിവുണ്ടാകുകയും ചെയ്യുന്നു. അതുകൊണ്ടുതന്നെ നിക്ഷേപകർ അഥവാ പ്രധാനമന്ത്രിയുടെ ഭാഷയിൽ 'സമ്പത്തുല്പാദകർ' ഉൽപ്പാദനക്ഷമമായ മേഖലകളിൽ നിക്ഷേപം നടത്താൻ മടിക്കുന്നു. എന്നാൽ ഇവർ കുന്നുകൂട്ടുന്ന മൂലധനം നിഷ്ക്രിയമായിരിക്കാൻ അനുവദിക്കാനുമാവുന്നില്ല.കാരണം മൂലധനം നിക്ഷേപിച്ച് പരമാവധി ലാഭം കൊയ്യുണ്ടാക്കുകയാണല്ലോ മുതലാളിമാരുടെ ഒരേയൊരു ലക്ഷ്യം. അതിനാൽ, ഈ മാന്ദ്യകാലത്ത് നിഷ്ക്രിയമാകുന്ന മൂലധനത്തിന്റെ നല്ലൊരു പങ്ക് ഊഹക്കച്ചവട മേഖലയിലേയ്ക്ക് വഴിതിരിച്ചുവിട്ട് പരമാവധി നേട്ടമുണ്ടാക്കാൻ അവർ ശ്രമിക്കുകയാണ്.

ഓഹരിക്കമ്പോളത്തിൽ ഒഴുകിയെത്തുന്നത് പ്രധാനമായും വിദേശ നിക്ഷേപകരുടെ പണം ആണെങ്കിലും ഇപ്പോഴത്തെ കുതിപ്പിനുപിന്നിൽ ആഭ്യന്തര നിക്ഷേപകരുടെ (ഡൊമസ്റ്റിക് ഇൻസ്റ്റിറ്റ്യൂഷണൽ ഇൻവെസ്റ്റേഴ്സ്) പങ്കും ചെറുതല്ല. മ്യൂച്വൽഫണ്ട്, ഇൻഷുറൻസ് കമ്പനികൾ, ബാങ്കുകൾ തുടങ്ങിയവയൊക്കെ ഇത്തരം നിക്ഷേപകരാണ്. ബാങ്കുകൾ കിട്ടാക്കടംകൊണ്ട് വലഞ്ഞിരിക്കുകയാണ്. ഓഹരിക്കമ്പോളത്തിൽ നിക്ഷേപിച്ച്, വായ്പ നൽകുന്നതല്ലാതെയുള്ള മാർഗത്തിൽ പണം സ്വരൂപിച്ച് പ്രതിസന്ധിക്ക് കുറച്ചെങ്കിലും ശമനം ഉണ്ടാക്കാനാണ് ബാങ്കുകൾ ശ്രമിക്കുന്നത്. ബാങ്കുകൾ വ്യവസായികൾക്ക് വായ്പ നൽകി ഉൽപാദനപരമായ മേഖലയിൽ ഉണർവുണ്ടാക്കാൻ ശ്രമിക്കുന്നതിനായി പലിശ നിരക്ക് കുറയ്ക്കുന്നു എന്നാണ് അവകാശപ്പെടുന്നത്. എന്നാൽ നിരന്തരം പലിശനിരക്ക് കുറയ്ക്കുന്നതിലൂടെ ബാങ്കിൽ പണം നിക്ഷേപിക്കുന്നവരെയും ഓഹരി കമ്പോളത്തിലേക്ക് തിരിച്ചുവിടാനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. ഉൽപാദനപരമായ മേഖലയിൽ ഉണർവുണ്ടാക്കുകയെന്നത് മുതലാളിത്ത പ്രതിസന്ധി ഘട്ടത്തിൽ അസാധ്യമായിരിക്കെ, പലിശനിരക്ക് കുറയ്ക്കുന്നതിനുള്ള കപട ന്യായം മാത്രമാണിത്. മ്യൂച്വൽ ഫണ്ട്, ഇൻഷുറൻസ് സ്കീമുകൾ എന്നിവയൊക്കെയാണ് ഇതിനായി അവർ മുന്നോട്ടുവയ്ക്കുന്നത്. നേരത്തെ ഗവൺമെന്റ് സെക്യൂരിറ്റികളിൽ പെൻഷൻഫണ്ടും പ്രൊവിഡന്റ് ഫണ്ടും ഒക്കെ നിക്ഷേപിച്ചിരുന്ന ഗവൺമെന്റ് ഇപ്പോൾ ഓഹരി കമ്പോളത്തിലേയ്ക്ക് തിരിഞ്ഞിരിക്കുകയാണ്.ഒരുകൃത്രിമോത്തേജനം സൃഷ്ടിക്കുക എന്നതാണ് ഉദ്ദേശം. അതായത് സമ്പദ്ഘടനയുടെ സ്ഥിതിയും ഓഹരിക്കമ്പോളത്തിലെ കുതിപ്പുമായി ബന്ധമൊന്നുമില്ലെന്നർത്ഥം. അത് സമ്പദ്ഘടനയുടെ ആരോഗ്യസ്ഥിതിയെയോ പുനരുജ്ജീവനത്തിനെയോ ഒന്നും പ്രതിഫലിപ്പിക്കുന്നില്ല. എന്നുമാത്രമല്ല, സമ്പദ്ഘടനയുടെ സമ്പൂർണ്ണ തകർച്ചയെ സൂചിപ്പിക്കുന്നില്ലെങ്കിലും ഗുരുതരമായ രോഗാവസ്ഥയെ പ്രതിഫലിപ്പിക്കുന്നുണ്ട് എന്നതാണ് യാഥാർത്ഥ്യം. അതിനാൽ ജനങ്ങളോട് ഞങ്ങൾക്ക് അഭ്യർത്ഥിക്കാനുള്ളത് ഓഹരിക്കമ്പോളത്തിലെ ഉയർച്ച ചൂണ്ടിക്കാണിച്ച് സമ്പദ്ഘടന പുനരുജ്ജീവനത്തിന്റെ പാതയിലാണ് എന്ന വ്യാജ പ്രചാരണം നടത്തുന്ന ഭരണവർഗ്ഗത്തിന്റെയും അവരുടെ ആനുകൂല്യം പറ്റുന്ന സാമ്പത്തിക വിശാരദന്മാരുടെയും കെണിയിൽ വീഴരുത് എന്നാണ്. ■

## യുവജന രോഷം ഉയരട്ടെ...

(8–ാം പേജിൽ നിന്ന്)

ലം അന്വേഷിക്കുവാൻ തയ്യാറാവണം. പാറ പൊട്ടിച്ചും മീൻ പിടിച്ചും കൂലിപ്പണി ചെയ്തുമൊക്കെ ജീവിക്കുന്നവരാണ് കഷ്ടപ്പെട്ട് പരീക്ഷ എഴുതി പട്ടികയിൽ ഇടം പിടിച്ചിട്ടുള്ളവരിൽ അധികവും. അവരെയൊക്കെയും അടച്ചാക്ഷേപിയ്ക്കുന്നതിനുമുൻപ് വസ്തുതകൾ മനസ്സിലാക്കേണ്ടതായിരുന്നു.

## യുവജനങ്ങൾ തൊഴിൽ രഹിതരുടെ അഖിലേന്ത്യാ സമര വേദിയിൽ അണിനിരക്കുക

2018ൽ നാഷണൽ സാമ്പിൾ സർവേ ഓർഗനൈസേഷന്റെ റിപ്പോർട്ട് ചൂണ്ടിക്കാണിച്ചത്, രാജ്യം 45 വർഷത്തെ ചരിത്രത്തിലെ ഏറ്റവും രൂക്ഷമായ തൊഴിലില്ലായ്മയെ അഭിമുഖീകരിക്കുന്നു എന്നാണ്. കേന്ദ്ര–സംസ്ഥാന സർക്കാരുകൾ സ്ഥിര നിയമനം കുറച്ചതും കോർപ്പറേറ്റ് അനുകൂല നയങ്ങൾ കൂടുതൽ ശക്തിപ്പെടുത്തിയതുമാണ് തൊഴിലില്ലായ്മ ഗുരുതരമാകുവാൻ കാരണമായത്. കോവിഡ് മഹാമാരികൂടി വന്നതോടെ തൊഴിൽ നഷ്ടപ്പെട്ടവരുടെ എണ്ണം ഭയാനകമായി വർദ്ധിച്ചു.2020 ൽ 13കോടി ആളുകൾക്കാണ് തൊഴിൽ നഷ്ടപ്പെട്ടത്. യുവജനങ്ങൾ, അക്ഷരാർത്ഥത്തിൽ തെരുവുകളിലേക്ക് എടുത്തെറിയപ്പെട്ടിരിക്കുന്നു. തൊഴിലില്ലായ്മയ്ക്കെതിരെ ശക്തമായ പ്രക്ഷോഭം വളർത്തിയെടുക്കുകയല്ലാതെ മറ്റൊരു മാർഗ്ഗവും അവരുടെ മുന്നിലില്ല.

അതിരൂക്ഷമാകുന്ന തൊഴിലില്ലായ്മയ്ക്കെതിരായി ദേശീയ തലത്തിൽ പ്രക്ഷോഭപ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാൻ ലക്ഷ്യമിട്ടുകൊണ്ട് തൊഴിൽ രഹിതരുടെ അഖിലേന്ത്യാ പ്രക്ഷോഭ വേദി (ആൾ ഇന്ത്യാ അൺ എംപ്ലോയ്ഡ് യൂത്ത് സ്ട്രഗിൾ കമ്മിറ്റി)ക്ക് ജൂലൈ 18ന് ഓൺലൈനായി നടത്തിയ ദേശീയ കൺവൻഷനിൽ രൂപം നൽകി. തൊഴിലില്ലായ്മ അതിരൂക്ഷമാക്കുന്ന കേന്ദ്ര–സംസ്ഥാന സർക്കാരുകളുടെ നയങ്ങൾക്കെതിരെ എഐഡിവൈഒ(ആൾ ഇന്ത്യാ ഡെമോക്രാറ്റിക് യൂത്ത് ഓർഗനൈസേഷൻ)യുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച കൺവൻഷനിൽ 24 സംസ്ഥാനങ്ങളിൽ നിന്നായി, പതിനായിരക്കണക്കിന് യുവാക്കൾ പങ്കെടുത്തു. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് രാജ്യമെമ്പാടും നൂറുകണക്കിന് കേന്ദ്രങ്ങളിൽ ചെറിയ യോഗങ്ങളിൽ ഒരേ സമയം ഒരുമിച്ച് ചേർന്നുകൊണ്ടാണ് യുവജനങ്ങൾ കൺവൻഷനിൽ പങ്കാളികളായത്. ദേശവ്യാപകമായി വീറുറ്റ പ്രക്ഷോഭങ്ങൾ വളർത്തിയെടുത്തുകൊണ്ട്, തൊഴിൽ എന്ന അവകാശം നേടിയെടുക്കുവാൻ യുവജനങ്ങൾ എഐയുവൈഎസ്സി വേദിയിൽ ഒന്നിക്കുക. ■

## വൈദ്യുതി മേഖലയുടെ സമ്പൂർണ്ണ സ്വകാര്യവൽക്കരണത്തിന് ഇടവരുത്തുന്ന വൈദ്യുതി(ഭേദഗതി) ബിൽ 2021 പിൻവലിക്കുക

# തൊഴിലാളികൾ പ്രക്ഷോഭത്തിൽ

**രാജ്യത്തെ വൈദ്യുതി വിതരണമേഖലയും സ്വകാര്യ കമ്പനികൾക്ക് തീറെഴുതുന്ന തിരക്കിലാണ് ബിജെപിയുടെ കേന്ദ്രസർക്കാർ. ഇതിനുവേണ്ടി തയ്യാറാക്കിയ വൈദ്യുതി (ഭേദഗതി) ബിൽ 2021 നടപ്പ് പാർലമെന്റ് സെഷനിൽ പാസ്സാക്കിയെടുക്കുകയാണ് മോദി സർക്കാരിന്റെ ലക്ഷ്യം. രാജ്യത്തെ ഊർജ്ജരംഗത്ത് പ്രവർത്തിക്കുന്ന വിവിധ ഫെഡറേഷനുകൾ ചേർന്ന് രൂപം കൊടുത്ത് 2000 മുതൽ പ്രവർത്തിച്ചുവരുന്ന നേഷണൽ കോഡിനേഷൻ കമ്മിറ്റി ഓഫ് ഇലക്ട്രിസിറ്റി എംപ്ലോയീസ് ആന്റ് എഞ്ചിനീയേഴ്സ് (NCCOEEE) ന്റെ നേതൃത്വത്തിൽ ഇതിനെതിരെ തൊഴിലാളികൾ ദേശവ്യാപകമായി പ്രക്ഷോഭത്തിലാണ്.**

**1991**ൽ രാജ്യത്ത് ആരംഭിച്ച ആഗോളവൽക്കരണ-ഉദാരവൽക്കരണ-സ്വകാര്യവൽക്കരണ നയത്തിന്റെ ഭാഗമായിട്ടാണ് വൈദ്യുതി മേഖലയുടെ സ്വകാര്യവൽക്കരണത്തിനും തുടക്കമിടുന്നത്. വാജ്പേയുടെ നേതൃത്വത്തിൽ അധികാരത്തിലിരുന്ന എൻഡിഎ സർക്കാർ 2000ൽ വൈദ്യുതി മേഖലയുടെ സ്വകാര്യവൽക്കരണത്തെ പുതിയ തലത്തിലേക്കുയർത്തി ശക്തിപ്പെടുത്തി. ഊർജ്ജ മേഖലയുടെ സ്വകാര്യവൽക്കരണത്തിനുള്ള സമഗ്ര പദ്ധതിയായി വൈദ്യുതി ബിൽ-2000 കൊണ്ടുവന്നു. ഇതിനെതിരെ വൈദ്യുതി മേഖലയിൽ ജോലിചെയ്യുന്ന ജീവനക്കാരുടെയും എഞ്ചിനീയർമാരുടെയും വിശാലമായ പൊതുവേദി രൂപീകരിച്ചുകൊണ്ട് പ്രക്ഷോഭങ്ങളും നടന്നു.

എന്നാൽ, ചില വ്യത്യാസങ്ങൾ വരുത്തിക്കൊണ്ട് ആ ബിൽ 2003ൽ കേന്ദ്ര സർക്കാർ പാസ്സാക്കി. ഇതിന്റെ ഭാഗമായി സംസ്ഥാന വൈദ്യുതി ബോർഡുകൾ ഇല്ലാതാക്കുകയും, പൊതുമേഖലാ കമ്പനികൾ തൽസ്ഥാനം ഏറ്റെടുക്കുകയും ചെയ്തു. മാത്രമല്ല, വൈദ്യുതി ഉല്പാദന രംഗത്ത് അനേകം സ്വകാര്യ ഉല്പാദന നിലയങ്ങൾ സ്ഥാപിക്കപ്പെടുകയും ചെയ്തു. ഇത്തരം ഉല്പാദന നിലയങ്ങൾ സ്ഥാപിക്കുവാൻ രാജ്യത്തെ പൊതുമേഖലാ ബാങ്കുകൾ സ്വകാര്യ കമ്പനികൾക്ക് വൻതുക വായ്പയായി നൽകിയിരുന്നു. ഈ സ്വകാര്യ നിലയങ്ങളിൽനിന്നെല്ലാം ഉല്പാദിപ്പിച്ച വൈദ്യുതിക്ക് ആവശ്യമായ മാർക്കറ്റ് ഇല്ലാതാകുകയും, ഏതാണ്ട് 50,000 മെഗാവാട്ട് ശേഷിയുള്ള നിലയങ്ങൾ അടച്ചുപൂട്ടുകയുമുണ്ടായി. സ്വകാര്യ കമ്പനികൾ വായ്പയെടുത്ത 75,000 കോടിയോളം രൂപ പൊതുമേഖലാ ബാങ്കുകളിൽ കിട്ടാക്കടമായി (NPA) കിടക്കുകയാണ്!

ഇപ്രകാരം, വൈദ്യുതി വിതരണ മേഖല സ്വകാര്യവൽക്കരിച്ചതിന്റെ അനുഭവം നമ്മുടെ മുന്നിലുണ്ട്. ഒറീസ്സയിലും ഇരുപതോളം നഗരങ്ങളിലും വിതരണരംഗത്ത് സ്വകാര്യവൽക്കരണം നടത്തിയതിന്റെ തിക്താനുഭവം നിലനിൽക്കെയാണ്, രാജ്യമൊട്ടാകെയുള്ള വിതരണമേഖല സ്വകാര്യവൽക്കരിക്കാൻ കേന്ദ്രസർക്കാർ ഒരുമ്പെടുന്നത്. വിതരണ മേഖല സ്വകാര്യവൽക്കരിച്ച ഒറീസ്സയിൽ ജനങ്ങൾ വൈദ്യുതി കിട്ടാതെയും ഉയർന്ന താരീഫ് നൽകിയും ഗതികെട്ട അവസ്ഥയിലെത്തുകയുണ്ടായി. പ്രത്യേകിച്ച്, പ്രളയകാലത്ത് തകർന്ന ലൈനുകൾ പുനഃസ്ഥാപിക്കാൻ തയ്യാറാകാതെ സ്വകാര്യ കമ്പനികൾ രംഗം വിട്ടൊഴിഞ്ഞപ്പോൾ മാസങ്ങളോളം വൈദ്യുതി ലഭിക്കാതെ ജനങ്ങൾ കഷ്ടപ്പെട്ടു. സ്വകാര്യവൽക്കരണം നടപ്പാക്കിയ നഗരങ്ങളിലെ ഫ്രാഞ്ചൈസി സമ്പ്രദായവും തികഞ്ഞ പരാജയമായിരുന്നു.

2014ൽ അധികാരത്തിൽ വന്ന ഒന്നാം മോദി സർക്കാർ ഇലക്ട്രിസിറ്റി (ഭേദഗതി) ബിൽ 2014 ലോകസഭയിൽ അവതരിപ്പിക്കുകയുണ്ടായി. എന്നാൽ, പാർലമെന്റിനകത്തും പുറത്തുമുള്ള കടുത്ത എതിർപ്പ് കാരണം അത് പാസ്സാക്കാൻ കഴിഞ്ഞില്ല. കോർപ്പറേറ്റുകളുടെ ഭാഗത്തുനിന്നുള്ള സമ്മർദ്ദത്തിനു വഴങ്ങി 2018 ലും 2020 ലും ഇതിനുള്ള പരിശ്രമം സർക്കാർ തുടർന്നു. ഇതിന്റെ ഏറ്റവും ഒടുവിലത്തെ നീക്കമാണ് ഇപ്പോൾ പാർലമെന്റിൽ അവതരിപ്പിക്കുന്ന വൈദ്യുതി (ഭേദഗതി) ബിൽ-2021. ഈ ബിൽ പാസ്സാക്കുന്നതിലുള്ള ആഹ്ലാദത്തിമർപ്പിലാണ് കോൺഫഡറേഷൻഓഫ്ഇന്ത്യൻ ഇൻഡസ്ട്രിയും (CII) പവ്വർ സെക്ടർ ഭീമൻമാരുമെല്ലാം.

ഈ ബിൽ നിയമമായിക്കഴിഞ്ഞാൽ ജനങ്ങൾക്കുണ്ടാകുന്ന വലിയ നേട്ടമായി സർക്കാർ പ്രചരിപ്പിക്കുന്നത്, രാജ്യത്തെ വൈദ്യുതി ഉപഭോക്താക്കൾക്ക് അവർക്കിഷ്ടമുള്ള വിതരണകമ്പനികളെ തെരഞ്ഞെടുക്കുവാൻ അവസരം ലഭിക്കുന്നുവെന്നതാണ്. ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷനുകളിൽ നിയമപരിജ്ഞാനമുള്ള അംഗത്തെ നിയമിക്കണം എന്നത് നിർബ്ബന്ധമാക്കും, ദീർഘകാലമായി തീർപ്പാകാതെ കിടക്കുന്ന കേസ്സുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് അപ്പലറ്റ് ട്രിബ്യൂണൽ ഫോർ ഇലക്ട്രിസിറ്റി (APTEL) ശക്തമാക്കും, പാരീസ്സ് ഉടമ്പടി പോലുള്ള അന്താരാഷ്ട്ര നിബന്ധനകൾ പാലിക്കുന്നതിന് ആവർത്തനാർഹമായ ഊർജ്ജം വാങ്ങേണ്ടുന്ന ബാദ്ധ്യത (Renewable Purchase Obligation) വ്യവസ്ഥ ചെയ്യും തുടങ്ങിയ ലക്ഷ്യങ്ങളും ഈ നിയമത്തിന്റെ പ്രത്യേകതകളായി പറയുന്നുണ്ട്.

വൈദ്യുതി ഉപഭോക്താക്കൾക്ക് ഇഷ്ടമുള്ള വിതരണ കമ്പനികളെ തെരഞ്ഞെടുക്കാനുള്ള അവസരമുണ്ടെന്നുള്ള മോഹിപ്പിക്കുന്ന മേന്മ യഥാർത്ഥത്തിൽ എന്താണെന്ന് മനസ്സിലാക്കണം. ബിഎസ്എൻഎൽ എന്ന പൊതുമേഖലാ സ്ഥാപനത്തെ പൊളിച്ചടുക്കാൻ സർക്കാർ മുന്നോട്ട് വച്ചത് ഇതേ തന്ത്രമായിരുന്നു. ഉപഭോക്താക്കൾക്ക് റിലയൻസിനെ തെരഞ്ഞെടുക്കുവാൻ അവസരമുണ്ടാക്കുകയായിരുന്നു. ഓഫറുകളുടെ മോഹവലയത്തിലേക്ക് രാജ്യത്തെ വലിയ വിഭാഗം ഉപഭോക്താക്കളും വീണുകഴിഞ്ഞപ്പോൾ, ബിഎസ്എൻഎൽ പോലുള്ള ഒരു പൊതുമേഖലാ സ്ഥാപനം നിലനില്പിനായി കിതയ്ക്കുന്നത് നമ്മൾ കാണുന്നു. റിലയൻസിന്റെ യഥാർത്ഥമുഖം മറനീക്കി പുറത്തുവരികയും ചെയ്തിരിക്കുന്നു. ഇതുതന്നെയാണ് വൈദ്യുതി വിതരണരംഗത്തും സംഭവിക്കുക.

വൈദ്യുതി വിതരണ രംഗത്തെത്തുന്ന സ്വകാര്യ കമ്പനികൾ വിതരണത്തിന് ആവശ്യമായ ലൈനുകളോ ഭൂഗർഭ കേബിളുകളോ സ്ഥാപിക്കേണ്ടതില്ലെന്ന് നിയമത്തിൽ വ്യവസ്ഥയുണ്ട്. പുതിയ ട്രാൻസ്ഫോമറുകളോ വിതരണ ശൃംഖലയ്ക്ക് ആവശ്യമായ മറ്റ് സാങ്കേതിക ഉപകരണങ്ങളോ സ്ഥാപിക്കേണ്ടതില്ല. ലൈനുകൾ ഉൾപ്പെടെ ഉള്ളവയുടെ പരിപാലനവും അവർ നടത്തേണ്ടതില്ല. നിലവിലുള്ള പൊതുമേഖലാ കമ്പനികൾ (State Discoms) സ്ഥാപിച്ചതും പരിപാലിച്ചു വരുന്നതുമായ ലൈനുകളും കേബിളുകളും ഉൽപ്പെടെ വിതരണ ശൃംഖല ആകെയും വിതരണ രംഗത്തേക്ക് വരുന്ന എല്ലാ സ്വകാര്യ കമ്പനികൾക്കും ഉപയോഗിക്കാൻ കഴിയും. നിലവിലുള്ള ഡിസ്കോമുകളുടെ കൈവശമുള്ള വൈദ്യുതിയും ഇത്തരം പ്രൈവറ്റ് കമ്പനികൾ ആവശ്യപ്പെടുകയാണെങ്കിൽ അവർക്ക് പങ്കുവച്ച് നൽകുകയും വേണം. ചുരുക്കത്തിൽ, വൈദ്യുതി വിതരണരംഗത്തേക്ക് വരുന്ന സ്വകാര്യകമ്പനികൾ ബില്ലിംഗിനാവശ്യമുള്ള ഓഫീസ്സും സാമഗ്രികളും ജീവനക്കാരെയും മാത്രം തയ്യാറാക്കിയാൽ മതിയാകും. വല്ല കാരണവശാലും കുറച്ചു കാലം നടത്തിയിട്ട് വിചാരിച്ച തരത്തിൽ ലാഭം ലഭിക്കുന്നില്ലെങ്കിൽ അവർക്ക് കച്ചവടം മതിയാക്കി പോകാനും കഴിയും. ഇതിന്റെയൊക്കെ ഫലം വിതരണ മേഖലയിൽ തികഞ്ഞ അരാജകത്വമായിരിക്കും.

ഉപഭോക്താവിന് ഇഷ്ടമുള്ള വിതരണകമ്പനിയെ തെരഞ്ഞെടുക്കാമെന്നും, ഗുണമേന്മയും തടസ്സവുമില്ലാത്ത വൈദ്യുതി ലഭ്യമാകുമെന്നും പറയുന്നത് ജനങ്ങളെ കമ്പളിപ്പിക്കാൻ വേണ്ടിയാണ്. നിലവിലുള്ള പൊതുമേഖലാ കമ്പനികളുടെ അടിസ്ഥാന സൗകര്യങ്ങളും അവരുടെ കൈവശമുള്ള വൈദ്യുതിയും ഉപയോഗിച്ചുകൊണ്ട് വെറും ബില്ല് മുറിച്ച് നൽകിക്കൊണ്ട് മാത്രം ഇതൊന്നും സാദ്ധ്യമല്ലെന്ന് ആർക്കും മനസ്സിലാകുന്നതേയുള്ളൂ.

സ്വകാര്യകമ്പനികൾ ലക്ഷ്യം വെക്കുന്നത് പാവപ്പെട്ട ഗാർഹിക ഉപഭോക്താക്കൾക്കും കർഷകർക്കും ഇടത്തരം-ചെറുകിട വ്യവസായ സംരംഭകർക്കും വൈദ്യുതി നൽകുക എന്നതല്ല. മറിച്ച്, നഗരങ്ങളിലെ മേലേകിട ഉപഭോക്താക്കളെയും വൻകിട വ്യവസായ-വാണിജ്യ സ്ഥാപനങ്ങളെയും തങ്ങളുടെ ഉപഭോക്താക്കളാക്കി വലവീശിപ്പിടിക്കുക എന്നതാണ്.

സ്വാഭാവികമായും ഇത്തരം വൻകിട ഉപഭോക്താക്കൾ ഇന്നുള്ള പൊതുമേഖലാ കമ്പനികളെ ഒഴിവാക്കി സ്വകാര്യ കമ്പനികളുടെ ഉപഭോക്താക്കളാകുന്നതോടെ പൊതുമേഖലാ കമ്പനികളുടെ പ്രധാനപ്പെട്ട വരുമാനം ഇടിയുകയും അവയുടെ നിലനില്പ് തന്നെ ഭീഷണിയിലാകുകയും ചെയ്യും. മാത്രമല്ല, ഇന്ന് നിലനില്ക്കുന്ന ക്രോസ്സ് സബ്സിഡി (മേലേകിട ഉപഭോക്താക്കളിൽനിന്നും കൂടിയ താരീഫ് ഇനത്തിൽ ലഭിക്കുന്ന തുക, താഴേകിട പാവപ്പെട്ട ഗാർഹിക ഉപഭോക്താക്കൾക്കും കർഷകർക്കും ചെറുകിട വ്യവസായ സംരംഭകർക്കും കുറഞ്ഞ താരിഫ് നിശ്ചയിച്ചുകൊണ്ട് സബ്സിഡിയായി നൽകുന്ന രീതി) തുടരാൻ നിവൃത്തിയില്ലാതാകും. ക്രോസ്സ് സബ്സിഡി നിർത്തലാക്കി പകരം ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ (ഡിബിടി) നടപ്പാക്കുമെന്നാണ് കേന്ദ്ര സർക്കാർ പറയുന്നത്. പാചക വാതക സബ്സിഡി നിർത്തലാക്കിക്കൊണ്ട് കേന്ദ്ര സർക്കാർ ഡിബിടി കൊണ്ടുവന്നതിന് പിന്നിലെ വഞ്ചന ജനങ്ങൾക്ക് നന്നായി അറിയാം. വൈദ്യുതിയുടെ കാര്യത്തിലും ഇതുതന്നെ സംഭവിക്കുമെന്ന് ഉറപ്പാണ്.

ഇപ്പോഴും നമ്മുടെ രാജ്യത്ത് 25 ദശലക്ഷം വീടുകളെങ്കിലും വൈദ്യുതി കണക്ഷൻ ലഭിക്കാത്തതായി ഉണ്ട്. ഗ്രാമീണ- ആദിവാസി മേഖലകളിൽ വൈദ്യുതി എത്തിച്ചുകൊണ്ടിരുന്ന പൊതുമേഖലാ കമ്പനികൾക്ക് ഇനിമുതൽ അതിന് കഴിയാതെ വരും. സ്വകാര്യ കമ്പനികളുടെ വരവോടെ സംസ്ഥാന പൊതുമേഖലാ കമ്പനികൾ പാപ്പരാകുകയും, ക്രോസ്സ് സബ്സിഡി ഇല്ലാതാകുകയും, ഗ്രാമീണരും കർഷകരും കൂടിയ വിലയ്ക്ക് വൈദ്യുതി വാങ്ങേണ്ടി വരികയും, ചെറുകിട-ഇടത്തരം സംരംഭങ്ങൾ വ്യാപകമായി അടച്ചുപൂട്ടപ്പെടുകയും ചെയ്യും. ഇതോടെ തൊഴിലില്ലായ്മ പതിന്മടങ്ങാകുമെന്ന് ഉറപ്പാണ്.

ഇലക്ട്രിസിറ്റി ആക്ട് 2003 ഉല്പാദനരംഗത്ത് ഡി-ലൈസൻസിംഗ് കൊണ്ടുവന്നതുപോലെ, വൈദ്യുതി (ഭേദഗതി) ബിൽ 2021 വിതരണരംഗത്ത് ഡി-ലൈസൻസിംഗ് നടപ്പാക്കി സ്വകാര്യവൽക്കരണം സമ്പൂർണ്ണമാക്കാനാണ്

(ശേഷം 11-ാം പേജിൽ)




തൊഴിലാളിവിരുദ്ധ ലേബർ കോഡുകൾക്കെതിരെ ആഗസ്റ്റ് 9ന് സെക്രട്ടേറിയറ്റിന്റെ മുന്നിൽ നടന്ന സേവ് ഇന്ത്യ ഡേ ആചരണത്തിൽ എഐയുടിയുസി സംസ്ഥാന സെക്രട്ടറി സഖാവ് വി.കെ.സദാനന്ദൻ പ്രസംഗിക്കുന്നു

# കോവിഡ് റിസ്ക് അലവൻസ് ആശമാർക്കും നൽകുക: ആശാവർക്കർമാരുടെ സംസ്ഥാന വ്യാപക പ്രതിഷേധം

**ആ**ശാ വർക്കർമാരെ ആരോഗ്യ വകുപ്പിൽ സ്ഥിരപ്പെടുത്തുക, സുപ്രീം കോടതിയും ഐഎൽസിയും നിർദ്ദേശിച്ച മിനിമം വേതനമായ 21,000 രൂപ പ്രതിമാസം നൽകുക, കോവിഡ് റിസ്ക് അലവൻസ് 15,000 രൂപ പ്രതിമാസം നൽകുക, കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സുരക്ഷാ സംവിധാനങ്ങൾ നൽകുക, വാക്സിൻ ഡ്യൂട്ടിക്ക് ആശമാർക്കും അലവൻസ് അനുവദിക്കുക, വാക്സിനേഷനിലെ അനാവശ്യ രാഷ്ട്രീയ ഇടപെടൽ അവസാനിപ്പിക്കുക തുടങ്ങിയ അടിയന്തര പ്രാധാന്യമുള്ള ഡിമാന്റുകൾ കേരള ആശാ ഹെൽത്ത് വർക്കേഴ്സ് അസോസിയേഷന്റെ (ഗഅ ഒണഅ) നേതൃത്വത്തിൽ നിരന്തരമായി സർക്കാരിന്റെയും ആരോഗ്യ വകുപ്പിന്റെയും ശ്രദ്ധയിൽ പെടുത്തിയിട്ടും യാതൊരു പരിഗണനയും നൽകുവാൻ സർക്കാർ തയ്യാറായിട്ടില്ല. ആയിരക്കണക്കിന് ആശമാർ ഒപ്പിട്ട ഭീമ ഹർജി സമർപ്പിച്ചിട്ടും സർക്കാരിന്റെ നിഷേധാത്മക നിലപാട് തുടരുന്നതിൽ ആശാ വർക്കർമാർ കടുത്ത പ്രതിഷേധത്തിലാണ്.

കഴിഞ്ഞ 14 വർഷമായി ആരോഗ്യമേഖലയിൽ പ്രവർത്തിക്കുന്ന ആശാ വർക്കർമാർ ആരോഗ്യ സംവിധാനത്തിന്റെ അവിഭാജ്യ ഘടകമാണ്. ആരോഗ്യ സംവിധാനത്തിന്റെ ഏറ്റവും അടിത്തട്ടിൽ പ്രവർത്തിക്കുന്ന ആശാ പ്രർത്തകരിലൂടെയാണ് കൃത്യമായ സ്ഥിതിവിവര കണക്കുകൾ ലഭിക്കുന്നത്. കോവിഡ് കാലം ആശാ പ്രവർത്തകരുടെ പ്രവർത്തന മികവ് തെളിയിച്ച കാലഘട്ടമാണ്. ആ വസ്തുത അധികാരികൾ അംഗീകരിക്കുകയും പ്രശംസിക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ ആശാ വർക്കർമാർക്ക് ലഭിക്കുന്ന വേതനം വളരെ തുച്ഛമാണ്. അതാകട്ടെ മാസങ്ങൾ കുടിശ്ശികയും. ഓരോ തവണയും സമരം ചെയ്താലേ അത് ലഭിക്കുകയുള്ളൂ എന്നതാണ് നിലവിലെ അവസ്ഥ. കേരള ആശാ ഹെൽത്ത് വർക്കേഴ്സ് അസോസിയേഷന്റെ (KAHWA) നേതൃത്വത്തിൽ ഈ അവഗണനക്കെതിരെ ആശാ വർക്കർമാർ നിരന്തര സമരത്തിലാണ്.

കേരളത്തിൽ കോവിഡ് റിപ്പോർട്ട് ചെയ്യപ്പെട്ടതിനുശേഷം കഴിഞ്ഞ ഒന്നര വർഷമായി കോവിഡിനെ പ്രതിരോധിക്കുവാനുള്ള പ്രയത്നങ്ങളിൽ എല്ലാം മറന്നുകൊണ്ടുള്ള ജോലിയാണ് ആശാ വർക്കർമാർ നടത്തുന്നത്. കൃത്യമായ ജോലി സമയമോ മതിയായ സുരക്ഷാസംവിധാനങ്ങളോ ലഭ്യമല്ലാത്ത സാഹചര്യത്തിലും കോവിഡ് രോഗികളുടെയും ക്വാറൻറീനിൽ കഴിയുന്നവരുടെയും ഭവന സന്ദർശനം മുതൽ ആശുപത്രി ജോലികൾവരെ ചെയ്തുവരുന്നു.' പകൽ ഫീൽഡ് പ്രവർത്തനവും ആശുപത്രി ഡ്യൂട്ടിയും കഴിഞ്ഞാൽ സമയക്രമമില്ലാതെ ഫോണിലൂടെ പരിഹാര നിർദ്ദേശവും നൽകണം. അമിതജോലിഭാരംമൂലം നല്ലൊരു ശതമാനം ആശാ വർക്കർമാർക്കും പല ആരോഗ്യ പ്രശ്നങ്ങളും ഉണ്ടാവുന്നുണ്ട്.

കോവിഡ് പ്രതിരോധ പ്രവർത്തനത്തിനിടയിൽ ധാരാളം ആശമാരും കോവിഡ് രോഗികളായി. ചിലർ മരണമടഞ്ഞു. കുടുംബാംഗങ്ങളും അവരിലൂടെ രോഗികളായി. എന്നാൽ എൻഎച്ച്എം കീഴിലുള്ള മറ്റെലാ ജോലിക്കാർക്കും കോവിഡ് റിസ്ക് അലവൻസ് നൽകുമ്പോൾ ആശാ വർക്കർമാരെ മാത്രം നിർദ്ദാക്ഷിണ്യം അവഗണിച്ചിരിക്കുകയാണ്. കോവിഡ് പ്രതിരോധ പ്രവർത്തനം ആരംഭിച്ചപ്പോൾത്തന്നെ നമ്മുടെ സംഘാടന കോവിഡ് റിസ്ക് അലവൻസ് 15,000 രൂപ ആവശ്യപ്പെട്ടുകൊണ്ട് നിരവധി സമര പരിപാടികൾ നടത്തിയെങ്കിലും അത് പരിഗണിക്കുവാൻ സർക്കാർ ഇതുവരെ തയ്യാറായിട്ടില്ല.

വാക്സിനേഷനുമായി ബന്ധപ്പെട്ട് നിരവധി പ്രശ്നങ്ങളാണ് പുതുതായി ഉദയം ചെയ്തിരിക്കുന്നത്. വാക്സിനേഷൻ എടുക്കേണ്ടവരുടെ ലിസ്റ്റ് ഫീൽഡ് പ്രവർത്തനത്തിലൂടെ മുൻഗണന ക്രമത്തിൽ ആശാ വർക്കർമാർ തയ്യാറാക്കി നൽകിയിരുന്നതിന്റെ അടിസ്ഥാനത്തിൽ വളരെ സുഗമമായി നടന്നിരുന്ന സംവിധാനത്തെ രാഷ്ട്രീയ ഇടപെടലുകളിലൂടെ തകിടം മറിച്ചിരിക്കുകയാണിപ്പോൾ. ഇത് ജനങ്ങളിൽ പ്രതിഷേധത്തിനിടയാക്കി. ആശാ വർക്കർമാരെ വളരെയധികം മാനസിക സമ്മർദ്ദത്തിലുമെത്തിച്ചിരിക്കുന്നു. സംസ്ഥാനത്തൊട്ടാകെ ആരോഗ്യ പ്രവർത്തകർ ഡോക്ടർമാരടക്കം മർദ്ദനത്തിന് ഇരകളാകുന്നു. വാക്സിനേഷൻ ഡ്യൂട്ടിക്ക് രാഷ്ട്രീയ വോളന്റിയർമാർക്ക് 300 രൂപ അലവൻസ് നൽകുമ്പോൾ അതിൽ നിന്നും ആശമാരെ ഒഴിവാക്കിയിരിക്കുന്നു.

ദിവസംപ്രതി പുതിയ പുതിയ ജോലികൾ ഏൽപ്പിച്ചുകൊണ്ടിരിക്കുന്നു. ഇത്തരമൊരു സാഹചര്യത്തിലാണ് ആശാ വർക്കർമാർ സമരസന്നദ്ധരായിരിക്കുന്നത്. കോവിഡ് പ്രോട്ടോക്കോൾ നിലനിൽക്കുന്നതിനാൽ ജില്ലാ അടിസ്ഥാനത്തിൽ കളക്ടേറ്റ് ധർണ്ണയും ഡിഎംഓഓഫീസുകൾക്ക് മുന്നിൽ ധർണ്ണയും നടത്തി അധികാരികൾക്ക് നിവേദനവും നൽകിക്കൊണ്ടിരിക്കുകയാണ്.





സെക്രട്ടേറിയറ്റിനുമുന്നിൽ ജൂലൈ 19ന് നടന്ന ആശാ വർക്കർമാരുടെ ധർണ്ണ കെഎഎച്ഡബ്ല്യുഎ സംസ്ഥാന ജനറൽ സെക്രട്ടറി എം.എ.ബിന്ദു ഉദ്ഘാടനം ചെയ്യുന്നു

തിരുവനനന്തപുരത്ത് സെക്രട്ടേറിയറ്റിനുമുന്നിൽ നടന്ന ധർണ്ണ സംസ്ഥാന ജനറൽ സെക്രട്ടറി എം.എ.ബിന്ദു ഉദ്ഘാടനം ചെയ്തു. സംസ്ഥാന കൺവീനർ എസ്. മിനി അദ്ധ്യക്ഷത വഹിച്ചു. എഐയുറ്റിയുസി സംസ്ഥാന പ്രസിഡന്റ് ആർ.കുമാർ, ജയശ്രീ, ഡാൻസിറാണി, ജെയിൻ റോസ്, ഗീത, ബിന്ദു, ഓമന എന്നിവർ പ്രസംഗിച്ചു. കൊല്ലം, ആലപ്പുഴ, കോട്ടയം ജില്ലകളിലും ജില്ലാതലത്തിൽ സമരപരിപാടികൾ നടന്നു. തുടർ ദിവസങ്ങളിൽ എല്ലാ ജില്ലകളിലും പരിപാടികൾ നടക്കും. കേരളാ ആശാ ഹെൽത്ത് വർക്കേഴ്സ് അസോസിയേഷന്റെ നേതൃത്വത്തിൽ കേരളത്തിലെ ആശാ വർക്കർമാർ ഉന്നയിച്ചിരിക്കുന്ന ന്യായമായ ഡിമാൻറുകൾ അനുഭാവപൂർവ്വം പരിഗണിക്കുവാൻ സർക്കാർ തയ്യാറായില്ലെങ്കിൽ പണിമുടക്ക് അടക്കമുള്ള സമര പരിപാടികളുമായി ശക്തമായി മുന്നോട്ട് പോകനാണ് കേരള ആശ ഹെൽത്ത് വർക്കേഴ്സ് അസോസിയേഷന്റെ തീരുമാനം. ■

## വൈദ്യുതി മേഖലയുടെ സ്വകാര്യവൽക്കരണം

*(10–ാം പേജിൽ നിന്ന്)*

മോദി സർക്കാറിന്റെ ലക്ഷ്യം. താങ്ങാവുന്ന നിരക്കിൽ വൈദ്യുതി എല്ലാവർക്കും നൽകുകയെന്ന രാജ്യത്തിന്റെ പ്രഖ്യാപിത ലക്ഷ്യം ഇതിലൂടെ അട്ടിമറിക്കപ്പെടും. ദൂരവ്യാപകമായ ഭവിഷ്യത്താണ് ഈ ബില്ല് സൃഷ്ടിക്കുക. മനുഷ്യ ശരീരത്തിലെ രക്തധമനികൾ പോലെ പ്രധാന്യമുള്ളതാണ് ഒരു രാജ്യത്തെ സംബന്ധിച്ചിടത്തോളം വൈദ്യുതി. അത് ജനങ്ങൾക്ക് അപ്രാപ്യമാക്കും വിധമുള്ള ഈ നിയമം രാജ്യത്തെ എല്ലാ നിലയിലും പിറകോട്ടടിക്കും.

2020 ഏപ്രിൽ 7ന് കേന്ദ്ര ഊർജ്ജ മന്ത്രാലയം ഇലക്ട്രിസിറ്റി (ഭേദഗതി) ബിൽ 2020 മുന്നോട്ട് വച്ചു. 12 സംസ്ഥാനങ്ങളും കേന്ദ്ര ഭരണ പ്രദേശങ്ങളും ഇതിൽ ശക്തമായ വിയോജിപ്പുകൾ പ്രകടിപ്പിക്കുകയുണ്ടായി. എന്നാൽ ഇതൊന്നും പരിഗണിക്കാതെ 2021 ഫിബ്രവരി 5ന് പുതിയ കരട് (ഭേദഗതി) നിയമം പ്രസിദ്ധീകരിച്ചു. പാർലമെന്റിന്റെ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പരിഗണയ്ക്ക് വിടാനുള്ള ജനാധിപത്യമര്യാദപോലും സർക്കാർ പാലിച്ചില്ല. കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും തുല്യാധികാരമുള്ള കൺകറൻ്റ് ലിസ്റ്റിൽ പെട്ടതാണ് വൈദ്യതി. എന്നാൽ ഈ ബില്ലിലൂടെ കേന്ദ്ര സർക്കാർ വൈദ്യുതിയുടെ മേലുള്ള പൂർണ്ണാധികാരം കൈക്കലാക്കിക്കൊണ്ട്, രാജ്യത്തിന്റെ ഫെഡറലിസംതന്നെ തകർക്കുകയാണ്.

ഇന്ത്യയിലെ വൈദ്യുതി മേഖലയിൽ പ്രവർത്തിക്കുന്ന 15 ലക്ഷം ജീനക്കാരും എഞ്ചിനീയർമാരും ഈ ബില്ലിനെതിരെ ഒറ്റക്കെട്ടായി സമരത്തിലാണ്. 8 മാസം പിന്നിട്ട ഡൽഹിയിലെ ഐതിഹാസികമായ കർഷക സമരം, ജനവിരുദ്ധ കാർഷിക നിയമങ്ങൾ പിൻവലിക്കണമെന്ന് ആവശ്യപ്പെടുന്നതിനൊപ്പം, വൈദ്യുതി (ഭേദഗതി) ബിൽ 2021 പിൻവലിക്കണമെന്നും ആവശ്യപ്പെടുന്നുണ്ട്. ഈ ബിൽ രാജ്യത്തെ കർഷകരെ മാരകമായി ബാധിക്കുമെന്ന് കർഷകർക്ക് നന്നായി അറിയാം. രാജ്യത്തെ വൈദ്യുതി വിതരണ രംഗം പൊതുമേഖലയിൽ നിലനിർത്താനുള്ള പോരാട്ടത്തിൽ, വൈദ്യുതി മേഖലയിലെ ജീവനക്കാർ മാത്രമല്ല, എല്ലാ മേഖലയിലും പണിയെടുക്കുന്ന തൊഴിലാളികളും ബഹുജനങ്ങളും അണിനിരക്കേണ്ടതുണ്ട്. ■



മദ്യശാലകളുടെ എണ്ണം വർദ്ധിപ്പിക്കാനുള്ള നീക്കത്തിനെതിരെ മദ്യവിരുദ്ധ ജനകീയ സമരസമിതി ആഗസ്റ്റ് 18 പ്രതിഷേധ ദിനമായി ആചരിച്ചു. കൊല്ലം എക്സൈസ് ഓഫീസിന് മുന്നിൽ നടന്ന ധർണയിൽ സമിതി സംസ്ഥാന കൺവീനർ ഷൈല കെ.ജോൺപ്രസംഗിക്കുന്നു. പ്രസിഡണ്ട് ഷറഫ് കുണ്ടറ, ട്വിങ്കിൾ പ്രഭാകർഎന്നിവർ പ്രസംഗിച്ചു.



എൻഡോസൾഫാൻ ദുരിതബാധിതരുടെ അഞ്ചുമാസമായി മുടങ്ങിക്കിടക്കുന്ന പെൻഷൻ കുടിശിക തീർത്ത് ഉടൻ വിതരണം ചെയ്യണമെന്നാവശ്യപ്പെട്ട് സംസ്ഥാന വ്യാപകമായി നടന്ന ഉപവാസ സമരത്തിന്റെ ഭാഗമായി കോട്ടയത്ത് പ്ലാന്റേഷൻ കോർപ്പറേഷന് മുന്നിൽ നടന്ന ധർണ. തിരുവഞ്ചൂർ രാധാകൃഷ്ണൻ എംഎൽഎ, സോണിയ ജോർജ്ജ്, ഫാ.വർഗ്ഗീസ് മുഴുത്തേറ്റ്, മിനി.കെ.ഫിലിപ്പ്, അഡ്വ.ജോർജ്ജുകുട്ടി കടപ്ലാക്കൽ, ശശിക്കുട്ടൻവാകത്താനം, ഇ.വി.പ്രകാശ്, ആർ.മീനാക്ഷി എന്നിവർ പ്രസംഗിച്ചു.



# സ്റ്റാൻ സ്വാമിയുടെ മരണവും അതുയർത്തുന്ന ചോദ്യങ്ങളും

ജനാധിപത്യത്തിന്റെ പുറംമോടി നിലനിർത്തിക്കൊണ്ട് എങ്ങനെയാണ് ഇന്ത്യയിൽ ഫാസിസ്റ്റ് ഏകാധിപത്യം അതിന്റെ വിഷപല്ലുകൾ പുറത്തുകാട്ടുന്നത് എന്നതിലേയ്ക്കാണ് ഫാദർ സ്റ്റാൻ സ്വാമിയുടെ മരണത്തിലേക്കനയിച്ച സാഹചര്യങ്ങൾ വിരൽ ചൂണ്ടുന്നത്. ജെസ്യൂട്ട് പുരോഹിതനും, ആദിവാസികളുടെ അവകാശസംരക്ഷണ പോരാളിയുമായിരുന്ന സ്റ്റാൻ സ്വാമി എന്ന 84-കാരനായ വയോവൃദ്ധനെ, റാഞ്ചിയിലെ അദ്ദേഹത്തിന്റെ വസതിയിൽനിന്നും 2020 ഒക്ടോബർ12ന്, യുഎപിഎ ചുമത്തി ദേശീയ അന്വേഷണ ഏജൻസി അറസ്റ്റുചെയ്തു. ഭീമ കൊറേഗാവ് സംഭവത്തിൽ പ്രതിചേർത്ത് രാജ്യദ്രോഹക്കുറ്റം, മാവോവാദി ബന്ധം, ഭരണകൂട അട്ടിമറി ഗൂഢാലോചന ഒക്കെ ആരോപിച്ചായിരുന്നു അറസ്റ്റ്. അന്നുമുതൽ അദ്ദേഹം ജാമ്യം നിഷേധിക്കപ്പെട്ട് ജയിലിലായിരുന്നു. രാജ്യത്തെ മറ്റുതടവറകൾ പോലെതന്നെ തിങ്ങിനിറഞ്ഞ, നവി മുംബൈയിലെ തലോജ ജയിലിലായിരുന്നു അദ്ദേഹത്തെ തടവിൽ പാർപ്പിച്ചത്.

പാർക്കിൻസൺസ് രോഗി, കോവിഡ് ബാധിതൻ, കാഴ്ചയും കേൾവിയും മങ്ങി, തനിയെ നടക്കാനോ, ഭക്ഷണം കഴിക്കാനോ, ഒരു ഗ്ലാസ്സ് വെള്ളം കുടിക്കാനോപോലും പ്രാപ്തിയില്ലാതെ പലവട്ടം ജയിലിൽ കുഴഞ്ഞുവീഴുംവിധം രോഗാതുരനായ ഫാദർ സ്റ്റാൻ സ്വാമിക്ക് രണ്ടുതവണയാണ് എൻഐഎ കോടതി ജാമ്യം നിഷേധിച്ചത്. ജാമ്യംമാത്രമല്ല വെള്ളം കുടിക്കാൻ ഒരു സ്ട്രോ അഥവാ സിപ്പർവരെ അദ്ദേഹത്തിന് നിഷേധിക്കപ്പെട്ടു. ഗുരുതരമായ എന്തെങ്കിലും ഒരു രോഗം അദ്ദേഹത്തിന് ഉള്ളതായി എൻഐഎ കോടതിക്ക് ബോധ്യപ്പെട്ടില്ല. തെളിവില്ലത്രേ.

കസ്റ്റഡിയിൽവച്ച് അദ്ദേഹത്തിന്റെ കണ്ണട നഷ്ടപ്പെടുകയുണ്ടായി. കണ്ണടയില്ലാതെ അദ്ദേഹത്തിന് കാഴ്ച തീരെപ്പറ്റില്ല എന്ന് വളരെ വ്യക്തമായിരുന്നിട്ടും പുതിയ കണ്ണടകൾ ലഭ്യമാക്കാൻ അധികാരികൾ തയ്യാറായില്ല. അങ്ങനെയാണ് മുംബൈ ഹൈക്കോതിയെസമീപിക്കുന്നത്. ഹൈക്കോടതി ജഡ്ജിക്കുമുമ്പാകെ കൂപ്പുകൈകളുമായി ഇടക്കാല ജാമ്യത്തിനായി വികാരതീവ്രമായി അപേക്ഷിക്കുന്ന സ്റ്റാൻ സ്വാമിയെ നാം കണ്ടു. ജാമ്യമില്ലെങ്കിൽ ജയിലിൽ കിടന്നു മരിക്കാം എന്ന് അദ്ദേഹം പൊട്ടിത്തെറിക്കുന്നതും നാം കണ്ടു. ഹൈക്കോടതി ഉത്തരവിനെത്തുടർന്നാണ് അദ്ദേഹത്തിന് കോവിഡ് വാക്സിൻപോലും കുത്തിവയ്ക്കുന്നത്. ഹൈക്കോടതി നിയോഗിച്ച ഡോക്ടർമാരുടെ പാനലാണ് സ്റ്റാൻ സ്വാമിയുടെ യഥാർത്ഥ അവസ്ഥ വെളിയിൽകൊണ്ടുവരുന്നത്. ജൂലൈ നാലിന് അബോധാവസ്ഥയിലായ അദ്ദേഹത്തെ അടുത്തുള്ള ഹോളി ഫാമിലി ആശുപത്രിയിലെത്തിക്കുകയും അവിടെ വെന്റിലേറ്ററിലാക്കുകയും ചെയ്തു. തൊട്ടടുത്ത ദിവസമായിരുന്നു കോടതി അദ്ദേഹത്തിന്റെ കേസ് കേൾക്കാൻ നിശ്ചയിച്ചിരുന്നത്. പക്ഷേ, ഏറെക്കാത്തിരുന്ന ജാമ്യം ആവശ്യം വരാതെ, ജൂലൈ 5ന് സ്റ്റാൻ സ്വാമി അന്ത്യശ്വാസം വലിച്ചു.

മനുഷ്യാവകാശ ലംഘനങ്ങളുടെ ചരിത്രത്തിൽ ഹീനമായ ഒരു അധ്യായം കൂടി എഴുതിച്ചേർത്ത ഈ സംഭവപരമ്പര കണ്ട് ഞെട്ടിത്തരിച്ചിരിക്കുകയാണ് ലോകമൊട്ടാകെയുള്ള ജനാധിപത്യ മനസ്സുകളും ശരിയായി ചിന്തിക്കുന്ന ജനങ്ങളും. ഐക്യരാഷ്ട്രസംഘടനയും യൂറോപ്യൻ യൂണിയനും ഉൾപ്പെടെ, രാജ്യത്തിനകത്തും പുറത്തുമുള്ള സംഘടനകളും വ്യക്തികളും, സ്റ്റാൻ സ്വാമി നേരിട്ട ക്രൂരതക്കും മനുഷ്യത്വരഹിതമായ പെരുമാറ്റത്തിനുമെതിരെ ശക്തമായ ധാർമ്മികരോഷം പ്രകടിപ്പിച്ചിരിക്കുന്നു. യുദ്ധത്തിൽ പരിക്കേറ്റ് പിടിക്കപ്പെടുന്ന ശത്രുഭടനപോലും തടവിൽ സുരക്ഷ ഉറപ്പാക്കണമെന്നും മതിയായ ചികിത്സയും പരിചരണവും നൽകണമെന്നും ആഗോളതലത്തിൽ അംഗീകരിക്കപ്പെട്ട ഉടമ്പടിയുണ്ട്. രണ്ടാം ലോകമഹായുദ്ധത്തിൽ തടവുകാരാക്കപ്പെട്ട സൈനികർക്കും അവരുടെ ആരോഗ്യവും ശുചിത്വവും ഉറപ്പാക്കാനുള്ള മാർഗ്ഗങ്ങൾ അനുവദിക്കപ്പെട്ടിരുന്നു. പക്ഷേ നമ്മുടെ പരിഷ്കൃത ഇന്ത്യയിൽ, കസ്റ്റഡിയിലെടുക്കുന്ന പ്രതിക്ക് അടിസ്ഥാന ശുശ്രൂഷപോലും നൽകാതെ മരണത്തിലേക്ക് തള്ളിവിടുന്നു. ഫാദർ സ്വാമിയോടൊപ്പം ഭീമ കൊറേഗാവ്-എൽഗാർ പരിഷദ് കേസിൽ പ്രതിചേർക്കപ്പെട്ട മറ്റുള്ളവരുടെ ബന്ധുക്കളും സുഹൃത്തുക്കളും, ഫാദർ സ്റ്റാൻ സ്വാമിയുടെ മരണത്തെ അധികാരനിയുക്തമായ കൊലപാതകം എന്നാണ് വിശേഷിപ്പിച്ചത്. തടവിൽ പാർപ്പിച്ചിരിക്കുന്ന മറ്റുള്ളവരുടെ ആരോഗ്യത്തെയും ജീവനെയും സംബന്ധിച്ച് തങ്ങൾക്ക് ഭയമുണ്ടെന്നും അവർ പറയുന്നു. അങ്ങനെ, ഫാദർ സ്വാമിക്ക് കസ്റ്റഡിയിലുണ്ടായ ദയനീയ മരണം ഉത്തരം കിട്ടാത്ത ഒരുപാട് ചോദ്യങ്ങളുയർത്തുന്നു.

യുഎപിഎ ചുമത്തി ഫാദർ സ്വാമിയെ അറസ്റ്റ് ചെയ്തത് നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയാനാണെന്നാണ് പറയുന്നത്. നിർദ്ദയമായ കരിനിയമമാണെങ്കിലും പാർലമെന്റിലെ ചട്ടങ്ങൾ പ്രകാരം പാസ്സാക്കിയെടുത്ത നിയമം തന്നെയല്ലേ ഇത്. വിചാരണ കൂടാതെ ആരെയും തടവിലിടാൻ ഭരണകൂടത്തിന് ഇത് ഏകാധിപത്യപരമായ അവകാശം നൽകുന്നുണ്ടാകാം. പക്ഷേ, നിയമപരമായ നടപടിക്രമങ്ങളുടെ അടിസ്ഥാനചട്ടങ്ങളെ മറികടക്കാനും, തടവിലാക്കപ്പെട്ടവർക്ക് ജീവനോടെയിരിക്കാനുള്ള, കുറഞ്ഞ പക്ഷം മനുഷ്യത്വപരമായ സമീപനം ലഭിക്കാനുള്ള, അടിസ്ഥാന അവകാശങ്ങൾപോലും നിഷേധിക്കാനുമുള്ള അനുമതി യുഎപിഎ അധികാരികൾക്ക് നൽകുന്നുണ്ടോ? പ്രതികൾ കുറ്റം ചെയ്തു എന്ന് തെളിയിക്കപ്പെട്ടിട്ടില്ല. പിന്നെ എന്തിനാണ് അവരെ തടവുശിക്ഷക്ക് വിധിക്കപ്പെട്ട പ്രഖ്യാപിത കുറ്റവാളികളെപ്പോലെ കൈകാര്യം ചെയ്യുന്നത്? എവിടെയാണ് പിന്നെ നിയമത്തിന്റെയും മര്യാദയുടെയും മുറകൾ. ചാർജ്ഷീറ്റ് ഫയൽ ചെയ്യുന്നതിന് കേവലം ഒരു ദിവസം മുമ്പാണ് സ്വാമിയെ എൻഐഎ അറസ്റ്റ് ചെയ്യുന്നത്. കസ്റ്റഡിയിലെടുത്ത് ചോദ്യം ചെയ്യേണ്ട ആവശ്യം പോലും അദ്ദേഹത്തെക്കൊണ്ട് അവർക്ക് ഉണ്ടായിരുന്നില്ലെന്നാണ് ഇത് കാണിക്കുന്നത്. അപ്പോൾ സ്വാമിക്ക് ജാമ്യം കിട്ടിയാലും അന്വേഷണത്തിന്റെ പുരോഗതിയെ അത് തടസ്സപ്പെടുത്തില്ലായിരുന്നു. പക്ഷേ, ഗുരുതരമായ ആരോഗ്യപ്രശ്നങ്ങളുള്ള, കോവിഡ് മഹാമാരി ആളിപ്പടരുമ്പോൾ തടവിലാക്കപ്പെട്ട ഈ 84 വയസ്സുകാരന്റെ ജാമ്യാപേക്ഷയെ എൻഐഎ അതിശക്തമായി എതിർക്കുകയാണ് ഉണ്ടായത്. ഇത് കൊടിയ അനീതിയല്ലേ?

കേസ് കേൾക്കുന്ന ജഡ്ജിയാണ് ജാമ്യം നൽകുന്നത് തീരുമാനിക്കേണ്ടത് എന്ന തത്വം നിലനിൽക്കുന്നു. തത്ഫലമായി, ക്രിമിനൽ നീതിന്യായസംവിധാനത്തിന്റെ പരിഷ്കൃത സ്വഭാവത്തിന്റെ അടയാളമായി ജാമ്യം മാറുന്നു. രോഗിയും അവശനുമായ ഒരു എൺപതുകാരന് തുടർച്ചയായി ജാമ്യം നിഷേധിക്കുന്ന ഒരു സംവിധാനം അതിന്റെതന്നെ അപരിഷ്കൃതസ്വഭാവമല്ലേ വെളിവാക്കുന്നത്? ഒരു മാധ്യമം കൃത്യമായി നിരീക്ഷിച്ചതുപോലെ, "പ്രോസിക്യൂട്ടർമാർക്കും ജഡ്ജിമാർക്കും തങ്ങളുടെതന്നെ മനുഷ്യത്വം ഉപേക്ഷിക്കുന്നതിനുള്ള തൊടുന്യായമാവരുത് ജാമ്യത്തിനു മേലുള്ള നിയമം. നിർഭാഗ്യവശാൽ, നീതിന്യായസംവിധാനത്തിലെ കാലതാമസം സാധാരണ സംഭവമാക്കിത്തീർക്കാൻ അത്യുത്സാഹമുള്ള പ്രോസിക്യൂഷനും ഭീരുത്വമുള്ള ജുഡീഷ്യറിയും ഉദാസീനമായ പൗരസമൂഹവും ഉള്ളപ്പോൾ, കൃത്യമായും സംഭവിക്കുക ഇതുതന്നെയാണ്. അദ്ദേഹം എന്തെങ്കിലും കുറ്റം ചെയ്തോ ഇല്ലയോ എന്നതിന്റെ ഉത്തരം എന്തു തന്നെയുമാകട്ടെ, അത് ഇനിമേലിൽ തെളിയിക്കപ്പെടാൻ പോകുന്നില്ല. ഇതിലും സൗമ്യമായി ഇക്കാര്യം പറയാൻ സാധിക്കുകയില്ല."

ഈ കേസിൽ ഇതുവരെയുള്ള നിയമപരമായ നടപടിക്രമങ്ങളെ സംബന്ധിച്ചിടത്തോളം, നീതിന്യായത്തിന്റെ യാതൊരു വ്യവസ്ഥാപിത രീതികളും പാലിക്കപ്പെട്ടിട്ടില്ല. ശരിയായ അന്വേഷണത്തിന് സ്വാമിയെ വിധേയനാക്കിയില്ല, ചാർജ്ഷീറ്റ് ഫയൽ ചെയ്തില്ല, അറസ്റ്റ് ചെയ്യുന്നതിനുമുമ്പ് കുറ്റം ചെയ്തതിന്റെ തെളിവുകളും ഹാജരാക്കിയില്ല. രാജ്യത്തിനും അതിന്റെ എക്സിക്യൂട്ടീവ് ഭരണകർത്താക്കൾക്കും അതു പോലെതന്നെ നീതിന്യായസംവിധാനത്തിനും സംഭവിച്ച അപചയത്തെയാണ് ഇതെല്ലാം കാണിക്കുന്നത്. ബൂർഷ്വാ സർക്കാർ എപ്പോഴും ആവർത്തിക്കുന്ന ഒരു കാര്യമുണ്ട്; സ്വതന്ത്ര നീതിന്യായ സംവിധാനവും ലംഘനങ്ങൾ നിരീക്ഷിക്കുന്നതിനായി ദേശീയതലത്തിലും സംസ്ഥാനതലത്തിലുമുള്ള മനുഷ്യാവകാശ കമ്മീഷനുകളും സ്വതന്ത്രമാധ്യമങ്ങളും ഒപ്പം ഊർജ്ജസ്വലവും ശബ്ദമുയർത്തുന്നതുമായ പൊതുസമൂഹവും ഇന്ത്യയുടെ ജനാധിപത്യ-ഭരണഘടന രാഷ്ട്രസംവിധാനത്തിന് പരിപൂരകമാണ് എന്നതാണത്. പക്ഷേ എന്നിട്ടുപോലും ഫാദർ സ്വാമിക്കുണ്ടായ ദുര്യോഗം രാജ്യത്ത് ഇനിയാർക്കും ഉണ്ടാവില്ല എന്നുറപ്പാക്കാൻ സാധിക്കുന്നില്ല.

ഝാർഖണ്ഡിൽ ആദിവാസികളെ സംഘടിപ്പിച്ച് അദാനിക്കെതിരെ സമരം ചെയ്തു എന്നതാണ് ഭരണകൂടത്തെപ്രകോപിപ്പിച്ചത്. ഭരണകൂടത്തിന്റെ ഏകാധിപത്യനയങ്ങൾക്കെതിരേ സാധ്യമായ പ്രതിരോധം തീർക്കുവാൻ മനഃസാക്ഷിയുള്ള പൗരന്മാർ തീരുമാനമെടുത്തെങ്കിൽമാത്രമേ, ഇത്തരം സംഭവങ്ങളുടെ ആവർത്തനം നമുക്ക് തടയാൻ സാധിക്കൂ. ■

## പെട്രോൾ-ഡീസൽ നികുതിവർദ്ധനയിലൂടെ സർക്കാർ വരുമാനത്തിൽ കഴിഞ്ഞ വർഷം ഉണ്ടായിരിക്കുന്നത് വൻവർദ്ധന

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഖജനാവിൽ കഴിഞ്ഞ സാമ്പത്തികവർഷമെത്തിയത് 6,71,461 കോടി രൂപ. 2020-21 വർഷം കേന്ദ്രത്തിന് 4,53,812 കോടിയും സംസ്ഥാന സർക്കാരുകൾക്ക് 2,17,650 കോടിയും വരുമാനം ലഭിച്ചു. 2019-20 കാലത്ത് ഇത് യഥാക്രമം 3,34,315 കോടി, 2,21,056 കോടി എന്നിങ്ങനെയായിരുന്നു.

കഴിഞ്ഞ സാമ്പത്തികവർഷം പൊതുമേഖലാ എണ്ണക്കമ്പനികളുടെ ലാഭവും മുൻവർഷത്തെക്കാൾ എട്ടിരട്ടിയോളം കൂടി. ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ(21,836 കോടി), ഭാരത് പെട്രോളിയം കോർപ്പറേഷൻ(19,042 കോടി), ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ(10,664 കോടി) എന്നിവമാത്രം ചേർന്ന് നേടിയ അറ്റാദായം 51,542 കോടി രൂപ. 2019-20 വർഷം മൂന്നുകമ്പനികളും ചേർന്ന് നേടിയത് 6633 കോടി രൂപയായിരുന്നു. 2018-19 കാലത്ത് അംസ്കൃത എണ്ണവില വീപ്പയ്ക്ക് 69.88 ഡോളർ എന്നത് ഏതാണ്ട് അതേനിലയിൽ(68.78ഡോളർ) നിൽക്കുമ്പോഴാണ് ഈ വരുമാന വ്യത്യാസം. നികുതിയിലെ വർദ്ധനയാണ് ഇതിനുകാരണമെന്ന് കേന്ദ്രസർക്കാർ കണക്കുകൾ വ്യക്തമാക്കുന്നു.

അന്തർദ്ദേശീയ മാർക്കറ്റിൽ ക്രൂഡ് ഓയിലിന്റെ വില ഏതാനും ആഴ്ചകളായി ബാരലിന് 70ഡോളറിൽ താഴെനിൽക്കുമ്പോൾ പെട്രോളിന്റെയും ഡീസലിന്റെയും വില കുറയ്ക്കുന്നില്ല എന്നുമാത്രമല്ല, പാചകവാതകത്തിന്റെ സബ്സിഡി നിർത്തലാക്കുകയും വില ഉയർത്തുകയും ചെയ്തിരിക്കുന്നുവെന്നത് അപലപനീയമാണ്. ■



ഇന്ത്യ എഗയ്ൻസ്റ്റ് ഫ്യുവൽ പ്രൈസ് ഹൈക്കിന്റെ നേതൃത്വത്തിൽ ആഗസ്റ്റ് 6ന് കോട്ടയത്ത് നടന്ന പ്രതിഷേധ പരിപാടി

# എട്ട് മാസം പിന്നിട്ട കർഷക പ്രക്ഷോഭണം കൂടുതൽ കരുത്തോടെ പാർലമെന്റിന് മുന്നിലേയ്ക്ക്

'**മേ**രേ പ്യാരേ ദേശ് വാസിയോം!'രാജ്യത്തെപ്രധാനമന്ത്രിയുടെ ഈ വ്യാജ അഭിസംബോധന നാം ഏറെ കേട്ടതാണ്. രാജ്യത്തെ ജനങ്ങളെ പൊതുവെയും കർഷകരെ പ്രത്യേകിച്ചും തീരാദുരിതത്തിലേയ്ക്ക് തള്ളിവിടാൻ അറിഞ്ഞുകൊണ്ട് കരുക്കൾ നീക്കിയ, അല്ലയോ പ്രധാനമന്ത്രി, താങ്കൾക്കെങ്ങനെ "എന്റെ പ്രീയപ്പെട്ട ജനങ്ങളെ" എന്ന് വിളിക്കാൻ കഴിയുന്നു? കാർഷിക മേഖല പൂർണ്ണമായും വൻകിട കോർപ്പറേറ്റുകളുടെ നിയന്ത്രണത്തിലാക്കുവാൻലക്ഷ്യം വച്ച് കൊണ്ടുവന്ന മൂന്ന് കർഷക വിരുദ്ധ നിയമങ്ങളും വൈദ്യുതി (ഭേദഗതി) ബിൽ 2020ഉം പിൻവലിക്കുവാൻ ആവശ്യപ്പെട്ട് എട്ട് മാസം പിന്നിട്ട കർഷക സമരത്തോട് എന്തിനാണിത്ര അസഹിഷ്ണുത പ്രകടിപ്പിക്കുന്നത്? കോർപ്പറേറ്റ് ഭീമൻമാരുടെ ചെറിയ കുടുംബ വിശേഷങ്ങളിൽപോലും അതിഥിയായി എത്താൻ സമയം കണ്ടെത്തുന്ന താങ്കൾക്ക് കർഷക നേതാക്കളുമായി മുഖാമുഖം ഇരുന്ന് മുൻവിധിയില്ലാതെ ഒരു ചർച്ചനടത്തുവാൻ എന്തേ ഇനിയും കഴിയാത്തത്?

താങ്കളെയും താങ്കളുടെ സംഘടനയുടേതുൾപ്പെടെ രാജ്യത്തെ മുഴുവൻ ജനങ്ങളെയും തീറ്റിപ്പോറ്റുവാൻ അഹോരാത്രം പണിയെടുക്കുന്നവരുടെ നിലനിൽക്കുവാനുള്ള അവകാശത്തെ ചവിട്ടിമെതിക്കുവാൻ ആരാണ് താങ്കൾക്ക് അധികാരം നൽകിയത്? ശത്രുരാജ്യത്തെ സൈന്യത്തോടെന്നപോലെ നാടിന്റെ അന്നദാതാക്കളോട് പെരുമാറുന്ന താങ്കൾ യഥാർത്ഥത്തിൽ ആരുടെ പ്രധാനമന്ത്രിയാണ്?

### ഡൽഹി വീണ്ടും സമരച്ചൂടിൽ

പാർലമെന്റിന്റെ മൺസൂൺ സെഷൻ ആരംഭിച്ച ജൂലൈ 22ന് കർഷകരുടെ പാർലമെന്റ് മാർച്ച് നടത്തുവാനും തുടർന്ന് സമ്മേളനം തീരുന്നതുവരെ (ആഗസ്റ്റ് 13)




കർഷക സമര ഐക്യദാർഢ്യ സമിതി തൊടുപുഴയിൽ സംഘടിപ്പിച്ച 'കിസാൻ പാർലമെന്റി'ൽ സുകുമാർ അരിക്കുഴ പ്രസംഗിക്കുന്നു

എല്ലാ ദിവസവും പ്രതിഷേധ സമരം നടത്തുവാനും തയ്യാറെടുത്ത് ഡൽഹി അതിർത്തികളിൽ ട്രാക്ടറുകളുമായി കർഷകർ ആയിരങ്ങളായി വന്നുകൊണ്ടേയിരുന്നു. എന്നാൽ കർഷക സമരത്തെ ഭയപ്പെടുന്ന ഭരണാധികാരികൾ എവ്വിധവും പാർലമെന്റ് മാർച്ച് തടയുവാനുള്ള നീക്കം നടത്തി. പോലീസുമായി നിരവധി വട്ടം നടത്തിയ ചർച്ചകൾക്കൊടുവിൽ ദിവസേന 200 കർഷകരെ വീതം മാത്രം ജന്തർമന്തറിൽ സമരം ചെയ്യാൻ അനുവദിച്ചു. എന്നാൽ ജൂലൈ22എത്തിയപ്പോൾ ഡൽഹി പൂർണ്ണമായും പോലീസ് നിയന്ത്രണത്തിലായി. 200 കർഷക സമരക്കാരെ നേരിടാൻ മുപ്പതിമായിരം പോലീസ്-അർദ്ധസൈനിക വിഭാഗങ്ങളെ വിന്യസിച്ചു. ഏഴ് സ്ഥലങ്ങളിൽ കർഷകരെ തടഞ്ഞുവച്ച് നടത്തിയ പരിശോധനകൾ നേരിട്ട ശേഷമാണ് ആദ്യദിനം ജന്തർമന്തറിൽ സമരഭടൻമാർക്ക് എത്തുവാൻ കഴിഞ്ഞത്. അതിനാൽ മൂന്ന് മണിക്കൂർ വൈകിയാണ് സമരം ആരംഭിച്ചത്.

കർഷക വിരുദ്ധ നിയമങ്ങളും വൈദ്യുതിബില്ലും അനുബന്ധ വിഷയങ്ങളും ഇഴകീറി പരിശോധിക്കുന്ന 'കിസാൻ പാർലമെന്റ്' തെരുവിൽ സംഘടിപ്പിച്ചുകൊണ്ടാണ് സംയുക്ത കിസാൻ മോർച്ച കർഷകരുടെ പ്രതിഷേധത്തിന് രൂപംനൽകിയത്. എപിഎംസികളിൽ വില നിശ്ചയിക്കുമ്പോൾ, കർഷക കുടുംബത്തിലെ സ്ത്രീകളുടെ, വീടുകളിലെ അദ്ധ്വാനംകൂടി വിലമതിക്കണമെന്ന് വനിതാ പാർലമെന്റ് ആവശ്യപ്പെട്ടു. ജൂലൈ 22ന് നടന്ന കിസാൻ പാർലമെന്റിനെ എഐകെകെഎംഎസ് പ്രസിഡന്റ് സഖാവ് സത്യവാൻ അഭിസംബോധന ചെയ്തു.



ഡൽഹി ജന്തർമന്ദറിൽ നടന്ന 'കിസാൻ പാർലമെന്റി'ൽ സംയുക്ത കിസാൻ മോർച്ച നേതാവ് രാകേഷ് ടികായത്ത് പ്രസംഗിക്കുന്നു

കർഷക വിരുദ്ധ നിയമങ്ങളെല്ലാം കിസാൻ പാർലമെന്റ് വോട്ടിനിട്ട് തള്ളി. തെരുവിൽതന്നെ ഭക്ഷണം കഴിച്ചും മുദ്രാവാക്യം വിളിച്ചും സമരം മുന്നേറുകയാണ്. എല്ലാ സംസ്ഥാനങ്ങളിൽനിന്നും എല്ലാ കർഷക സംഘടനകളിൽ നിന്നും പ്രാതിനിധ്യം ഉണ്ടാകത്തക്കവിധമാണ് പങ്കാളിത്തം ക്രമീകരിച്ചത്. അടുത്ത ലക്ഷ്യം യുപി തെരഞ്ഞെടുപ്പാണെന്നും ബിജെപിയെ അവിടെ പരാജയപ്പെടുത്തുകയാണ് ലക്ഷ്യമെന്നും സംയുക്ത കിസാൻമോർച്ച പ്രഖ്യാപിച്ചു കഴിഞ്ഞു. അതിനായി സെപ്തംബറിൽ ആയിരക്കണക്കിന് കർഷകർ പങ്കെടുക്കുന്ന കിസാൻ മഹാപഞ്ചായത്തുകൾ യുപിയിൽ സംഘടിപ്പിക്കുവാനുള്ള നീക്കത്തിലാണ് സംയുക്ത കിസാൻ മോർച്ച.

കർഷകരുടെ പാർലമെന്റ് മാർച്ചിന്റെ ഭാഗമായും തുടർന്നും കേരളത്തിലും വിവിധ ജില്ലകളിൽ ഓൺലൈനായും ഓഫ്‌ലൈനായും സമരപരിപാടികൾ സംഘടിപ്പിക്കപ്പെട്ടു. ജൂലൈ 22ന് കേരളത്തിലുടനീളം ഡൽഹി ചോലോ കർഷക സമര എക്യദാർഢ്യ സമിതികളുടെ ആഭിമുഖ്യത്തിലും എഐകെകെഎംഎസ്, കർഷക പ്രതിരോധ സമിതി തുടങ്ങിയ സംഘടനകളുടെ ആഭിമുഖ്യത്തിലും പാർലമെന്റ് മാർച്ചിന് ഐക്യദാർഢ്യം രേഖപ്പെടുത്തി. കേന്ദ്ര സർക്കാർ ഓഫീസുകൾക്കുമുന്നിൽ ധർണ്ണകളും യോഗങ്ങളും നടത്തി. അഞ്ച് മാസം തുടർച്ചയായി ഐക്യദാർഢ്യ സമരങ്ങൾ സംഘിപ്പിച്ച ആലപ്പുഴയിൽ ഹെഡ് പോസ്റ്റ് ഓഫീസിനുമുന്നിൽ നടന്ന ധർണ്ണ കോ-ഓർഡിനേറ്റർ ടി.മുരളി ഉദ്ഘാടനം ചെയ്തു. കണ്ണൂർ ഹെഡ് പോസ്റ്റ് ഓഫീസിനുമുന്നിൽ നടന്ന ധർണ്ണ ഡോ.ഡി.സുരേന്ദ്രനാഥ് ഉദ്ഘാടനം ചെയ്തു. തൊടുപുഴ ബിഎസ്എൻഎൽഓഫീസിനുമുന്നിൽ നടന്ന ധർണ്ണ മദ്യവിരുദ്ധ ജനകീയ സമരസമിതി സംസ്ഥാന പ്രസിഡന്റ് ഡോ.വിൻസന്റ് മാളിയേക്കൽ ഉദ്ഘാടനം ചെയ്തു. മാവേലിക്കരയിൽ നടന്ന ധർണ്ണ ജനകീയ പ്രതിരോധ സമിതി ജില്ലാ പ്രസിഡന്റ് അഡ്വ.മാത്യു വേളങ്ങാടൻ ഉദ്ഘാടനം ചെയ്തു. ചാലക്കുടിയിൽ നടന്ന ധർണ്ണ കർഷക കൂട്ടായ്മ നേതാവ് സി.എൽ.ആന്റോ ഉദ്ഘാടനം ചെയ്തു. കൊടുമണിൽ നടന്ന ധർണ്ണ കർഷക പ്രതിരോധ സമിതി സംസ്ഥാന പ്രസിഡന്റ് ജോർജ് മാത്യു കൊടുമൺ ഉദ്ഘാടനം ചെയ്തു. കോഴിക്കാട്, കൊല്ലം, തിരുവനന്തപുരം ജില്ലകളിലും കർഷകരുടെ പാർലമെന്റ് മാർച്ചിന് ഐക്യദാർഢ്യം പ്രകടിപ്പിച്ച് സമരപരിപാടികൾ സംഘടിപ്പിച്ചു. ■

## തൊഴിൽ രഹിതർ ഡിമാന്റ് ഡേ ആചരിച്ചു

**തൊ**ഴിൽ രഹിതരുടെ അഖിലേന്ത്യാ സമരവേദിയായ ആൾ ഇന്ത്യാ അൺ എംപ്ലോയ്ഡ് യൂത്ത് സ്ട്രഗിൾ കമ്മിറ്റി (AIUYSC) ആഹ്വാനം ചെയ്ത ആൾ ഇന്ത്യാ ഡിമാൻറ് ഡേ യുടെ ഭാഗമായി വിവിധ ജില്ലകളിൽ പ്രത്യക്ഷ സമരപരിപാടികൾ നടന്നു.തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, കണ്ണൂർ ജില്ലകളിൽ നടന്ന പരിപാടികളിൽ നിരവധി യുവാക്കൾ പങ്കെടുത്തു.തിരുവനന്തപുരം സെക്രട്ടേറിയറ്റിനു മുന്നിൽ സംഘടിപ്പിച്ച ധർണ്ണ AIUYSC അഖിലേന്ത്യാ വൈസ് പ്രസിഡൻറ് ഇ.വി.പ്രകാശ് ഉദ്ഘാടനം ചെയ്തു. AIDYO ജില്ലാക്കമ്മിറ്റിയംഗം എ.ഷൈജു അധ്യക്ഷത വഹിച്ചു.പി.എസ്. ഗോപകുമാർ, ടി.ഷിജിൻ, അജിത് മാത്യു എന്നിവർ സംസാരിച്ചു. കൊല്ലത്ത് നടന്ന പരിപാടി AIDYO സംസ്ഥാന വൈസ് പ്രസിഡൻറ് പി.പി.പ്രശാന്ത് കുമാർ ഉദ്ഘാടനം ചെയ്തു.AIDYO ജില്ലാ സെക്രട്ടറി മഹേഷ് അധ്യക്ഷത വഹിച്ചു.സതീശൻ ആയൂർ, രാഹുൽ കെ എന്നിവർ പ്രസംഗിച്ചു.കോട്ടയത്ത് കളക്ടേറ്റിനു മുന്നിൽ സംഘടിപ്പിച്ച ധർണ്ണ AIDYO സംസ്ഥാന പ്രസിഡൻറ് എൻ.കെ. ബിജു ഉദ്ഘാടനം ചെയ്തു. AIDYO ജില്ലാ പ്രസിഡൻറ് രജിത ജയറാം അധ്യക്ഷത വഹിച്ചു. അനില ബോസ്, അരവിന്ദ്. വി എന്നിവർ പ്രസംഗിച്ചു. മാന്നാറിൽ നടന്ന പ്രതിഷേധ ധർണ്ണ AIDYO ജില്ലാ പ്രസിഡൻറ് കെ.ബിമൽജി ഉദ്ഘാടനം ചെയ്തു. പ്രവീൺ കുമാർ, സുനിൽ എന്നിവർ സംസാരിച്ചു. കണ്ണൂർ കളക്ടേറ്റിനു മുന്നിൽ നടന്ന ധർണ്ണ AIUYSC വർക്കിംഗ് കമ്മിറ്റി അംഗം പി.സി.വിവേക് ഉദ്ഘാടനം ചെയ്തു. ഇ.സന്ദീപ് അധ്യക്ഷതവഹിച്ചു.ആർ.അപർണ്ണ പ്രസംഗിച്ചു. തൊഴിലില്ലായ്മയെ മുൻനിർത്തിയുള്ള തെരുവ് നാടകവും AIUYSC പ്രവർത്തകർ രണ്ടു സ്ഥലങ്ങളിൽ അവതരിപ്പിച്ചു. ഗൗതം പിണറായി, സുഹൈൽ, അകിൽ മുരളി എന്നിവർ നേതൃത്വം നൽകി. പത്തനംതിട്ടയിൽ എസ്‌യുസിഐ(സി) ജില്ലാ സെക്രട്ടറി സഖാവ് എസ്.രാജീവൻ ഉദ്ഘാടനം ചെയ്തു. ലക്ഷ്മി ആർ. ശേഖർ, ശരണ്യ രാജ് എന്നിവർ പ്രസംഗിച്ചു. ■



കോട്ടയം കളക്ട്രേറ്റിന് മുന്നിൽ എഐയുവൈഎസ്‌സിയുടെ ആഭിമുഖ്യത്തിലുള്ള പ്രതിഷേധയോഗം എഐഡിവൈഒ സംസ്ഥാന പ്രസിഡന്റ് സഖാവ് എൻ.കെ.ബിജു ഉദ്ഘാടനം ചെയ്യുന്നു



കണ്ണൂർ ടൗണിൽ ഡിമാന്റ് ഡേ ആചരണത്തിന്റെ ഭാഗമായി എഐയുവൈഎസ്‌സിയുടെ ആഭിമുഖ്യത്തിൽ അവതരിപ്പിച്ച തെരുവുനാടകം



# അമേരിക്കൻ പിന്തുണയോടെ ക്യൂബയിൽ അട്ടിമറിശ്രമം

**ക്യൂബ അമേരിക്കയിൽനിന്ന് കഷ്ടിച്ച് 90 മൈൽ അകലെ സ്ഥിതിചെയ്യുന്ന രാജ്യമാണ്. ഫിദൽ കാസ്ട്രോയുടെ നേതൃത്വത്തിൽ 1959ൽ വിപ്ലവത്തിലൂടെ സോഷ്യലിസം സ്ഥാപിതമായത് മുതൽ ആ രാജ്യം അമേരിക്കയുടെ കണ്ണിലെ കരടാണ്. ഈ വിപ്ലവത്തിന്റെ നേട്ടങ്ങളെ തകർക്കാൻ തുറന്ന യുദ്ധം ഒഴികെയുള്ള മാർഗ്ഗങ്ങളൊക്കെ അവർ അവലംബിച്ചുകൊണ്ടേയിരിക്കുന്നു. സാമ്പത്തിക അട്ടിമറി, വ്യാപാര ഉപരോധം, ജൈവായുധ പ്രയോഗം, ഫിദൽ കാസ്ട്രോയെ വകവരുത്താനുള്ള തുടർച്ചയായ പദ്ധതികൾ തുടങ്ങിയവയൊക്കെ ഇതിൽ പെടും. സാമ്പത്തിക ഉപരോധം മൂലം 70 ബില്യൺ യൂറോയുടെ നഷ്ടമാണ് ക്യൂബയ്ക്ക് ഉണ്ടായിട്ടുള്ളത്.**



**കാ**സ്ട്രോ ഗവൺമെന്റിനെ അട്ടിമറിക്കാനായി ഒരുപറ്റം ക്യൂബൻ അഭയാർത്ഥികൾക്ക് ആയുധവും ആയുധ പരിശീലനവും നൽകുന്ന ഒരു പദ്ധതിക്ക് സിഐഎയ്ക്ക് 1960 മാർച്ചിൽ അന്നത്തെ അമേരിക്കൻ പ്രസിഡന്റ് ഐസൻഹോവർ അനുമതി നൽകിയിരുന്നു.1961 ഏപ്രിലിൽ ജോൺ എഫ് കെന്നഡി പ്രസിഡൻറ് ആയിരുന്നപ്പോഴാണ് ബേ ഓഫ് പിഗ്സ് ഇൻവേഷൻ എന്ന ഈ അതിക്രമിച്ചുകയറൽ പദ്ധതി അരങ്ങേറുന്നത്. ക്യൂബയിൽ നിന്ന് നാടുകടത്തപ്പെട്ട 140 പേരാണ് ഇതിൽ പങ്കെടുത്തത്. എന്നാൽ ഇവരുടെ അട്ടിമറി ശ്രമം പരാജയപ്പെട്ടു. സോഷ്യലിസത്തിന്റെ അന്തസ്സും വിപ്ലവത്തിന്റെ നേട്ടങ്ങളും കാത്തുപുലർത്താൻ ക്യൂബക്കാർ സർവ്വവും സമർപ്പിച്ച് പൊരുതി.കാസ്ട്രോയ്ക്ക് ശേഷവും അടിസ്ഥാന വർഗ്ഗ സ്വഭാവത്തിൽ ക്യൂബ സോഷ്യലിസ്റ്റ് ആയി തുടരുകയാണ്. സോഷ്യലിസത്തോടുള്ള ജനങ്ങളുടെ വൈകാരികാഭിമുഖ്യവും ശക്തമാണ്. അതുകൊണ്ടാണ് ക്യൂബയെ തകർക്കാൻ അമേരിക്കൻ സാമ്രാജ്യത്വവും കൂട്ടാളികളും നിരന്തരം ശ്രമിച്ചിട്ടും വിജയം കാണാത്തത്.

ക്യൂബയ്ക്കുമേലുള്ള കിരാതമായ അമേരിക്കൻ ഉപരോധത്തിന് ആറു പതിറ്റാണ്ടിലേറെ പഴക്കമുണ്ടെന്ന് അറിയാമല്ലോ. ടോറിസെല്ലി ആക്ട്, ഹെംസ് ബട്ടൺ ആക്ട് തുടങ്ങിയ നിയമങ്ങളിലൂടെ ഇത് പലതവണ കൂടുതൽ കടുപ്പിക്കുകയും ചെയ്തിട്ടുണ്ട്. കോവിഡ് പകർച്ചവ്യാധിക്കിടയിലും ട്രംപ് ഭരണം ഉപരോധം കർക്കശമാക്കുന്ന നിലപാടെടുക്കുകയുണ്ടായി. ക്യൂബയെയും അതിന്റെ സോഷ്യലിസ്റ്റ് പുനർനിർമാണത്തെയും ഇല്ലായ്മ ചെയ്യുക എന്ന ലക്ഷ്യം വെച്ചുള്ള യുദ്ധം തന്നെയാണ് സാമ്പത്തിക ഉപരോധമെന്ന പേരിൽ അമേരിക്ക നടത്തിക്കൊണ്ടിരിക്കുന്നത്. ഉപരോധത്തിൽ ജോ ബൈഡൻ ഗവൺമെൻറും ഒട്ടും ഇളവ് വരുത്തുന്നില്ല. അമേരിക്കയുമായി വ്യാപാരബന്ധം ആഗ്രഹിക്കുന്ന രാജ്യങ്ങളെ, ക്യൂബയുമായി വ്യാപാരം നടത്തുന്നതിൽനിന്ന് ഈ ഉപരോധം വിലക്കുന്നു. കോവിഡ് വ്യാപനംരൂക്ഷമായിരുന്നില്ലെങ്കിലും യാത്രാ വിലക്കുകൾ ക്യൂബയുടെ പ്രധാന സാമ്പത്തിക ചാലകങ്ങളിൽ ഒന്നായ ടൂറിസം മേഖലയെ തകർത്തുകളഞ്ഞു. കോവിഡ് പകർച്ചവ്യാധി കൂടുതൽ വഷളാക്കുകയും ചെയ്തു. ക്യൂബയുടെ പ്രധാന കയറ്റുമതി ചരക്കുകളിൽ ഒന്നാണ് പഞ്ചസാര. കരിമ്പ് കൃഷിയുടെ തകർച്ച ഇതിനെയും ബാധിച്ചു. ഇതുമൂലം ഭക്ഷ്യവസ്തുക്കളുടെയും മരുന്നിന്റെയും മറ്റ് അത്യാവശ്യ വസ്തുക്കളുടെയും ശേഖരത്തിലും കുറവ് വന്നു. വൈദ്യുതോല്പാദനംപോലും ഇടിഞ്ഞു.

ദീർഘകാലത്തെ അമേരിക്കൻ ഉപരോധംമൂലം സമ്പദ്ഘടനയിൽ വലിയ നാശം സംഭവിച്ചിട്ടുണ്ടെങ്കിലും ഡോക്ടർമാരും സൗജന്യ ചികിത്സാ സംവിധാനവും ലോകത്തെ ഏതൊരു സമ്പന്നരാജ്യത്തെക്കാൾ മികച്ചതായിരുന്നു. മറ്റ് രാജ്യങ്ങൾക്ക് വൈദ്യസഹായം നൽകുന്നതിനും ഡോക്ടർമാരെ ലഭ്യമാക്കുന്നതിനും ക്യൂബയ്ക്ക് ദീർഘകാലത്തെ വീരോചിതമായ പാരമ്പര്യമുണ്ട്. കോവിഡ് പടർന്നുപിടിക്കാനാരംഭിച്ച 2020 മാർച്ച് അവസാനംതന്നെ രോഗബാധിതമായ 59 രാജ്യങ്ങളിലേയ്ക്കാണ് ക്യൂബ മെഡിക്കൽ സംഘത്തെ അയച്ചത്. കോവിഡിന്റെ പടുകുഴിയായി മാറിയ ഇറ്റലിയിലെ ലൊംബാർഡി മേഖലയും ഇതിലുൾപ്പെടും. ഉപരോധംമൂലം അമേരിക്കൻ മരുന്നുകമ്പനികൾ ക്യൂബയ്ക്ക് മരുന്ന് വിൽക്കുന്നതിനും വിലക്കുണ്ട്. എന്നാൽ 90% ഫലദായകമായ വാക്സിനുകൾ ക്യൂബ വികസിപ്പിച്ചെടുത്തു. ക്യൂബയുടെ സോഷ്യലിസ്റ്റ് ആരോഗ്യ പരിപാലന സംവിധാനം ഒരു രൂപ പോലും ലാഭം ഉണ്ടാക്കാതെയാണ് പൊതുനന്മയ്ക്കുവേണ്ടി ഇതെല്ലാം ചെയ്തത്. പക്ഷേ വാക്സിൻ നൽകാൻ സിറിഞ്ച് വേണമല്ലോ. ഉപരോധംമൂലം അതും അമേരിക്കയിൽ, നിന്ന് ഇറക്കുമതി ചെയ്യാനാവില്ല. രണ്ടുകോടി സിറിഞ്ചുകൾക്ക് ആവശ്യമായ പണം സ്വരൂപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അമേരിക്കയിലെയും കാനഡയിലെയും ക്യൂബൻ ഐക്യദാർഢ്യ പ്രവർത്തകർ നടത്തുകയുണ്ടായി. ഭക്ഷണം, മരുന്ന്, കാലാവസ്ഥാവ്യതിയാനത്തെ നേരിടൽ തുടങ്ങി ജീവിതത്തിന്റെ സർവ്വമാനമേഖലകളിലും സാമ്പത്തിക ഉപരോധം നാശം വിതച്ചിട്ടുണ്ട്. കോവിഡ് മഹാമാരി സാഹചര്യം കൂടുതൽ വഷളാക്കി. മറ്റെല്ലായിടത്തെയും പോലെ ക്യൂബയിലും തൊഴിൽ മേഖലകളിലൊക്കെ അരക്ഷിതാവസ്ഥ നിലനിൽക്കുന്നുണ്ട്.

ഉപരോധം അവസാനിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ക്യൂബ അവതരിപ്പിച്ച പ്രമേയം ഇപ്രകാരം പറയുന്നു: 'കഴിഞ്ഞ നാല് വർഷത്തിനിടയിൽ ക്യൂബൻ ജനതയ്ക്കും അവരുടെ ഗവൺമെന്റിനുമെതിരെ 240ലേറെ പ്രതികാര നടപടികളാണ് അമേരിക്കൻ ഗവൺമെൻറ് കൈക്കൊണ്ടത്. ഇന്നും തുടരുന്ന ഈ നടപടികൾ നിലവിലുള്ള ഉപരോധം ശക്തിപ്പെടുത്തുക മാത്രമല്ല പുതിയ സാമ്പത്തിക ആക്രമണപദ്ധതികൾക്ക് രൂപം കൊടുക്കുകയും ചെയ്തിട്ടുണ്ട്. ക്യൂബൻ പൗരന്മാരുടെ ദൈനംദിന ജീവിതത്തിൽപോലും പ്രതിസന്ധി സൃഷ്ടിക്കാൻ പോന്നവയാണ് ഇവയിൽ പലതും.' ഉപരോധം അവസാനിപ്പിക്കണമെന്ന പ്രമേയത്തെ 184 രാജ്യങ്ങൾ പിന്തുണച്ചപ്പോൾ അമേരിക്കയും സയണിസ്റ്റ് ഇസ്രയേലും മാത്രമാണ് എതിർത്തത്. അങ്ങനെ 29-ാം തവണയും ഈ വിഷയത്തിൽ അമേരിക്ക ഒറ്റപ്പെട്ടു. എന്നിട്ടും അമേരിക്കൻ ഭരണകൂടം ഉപരോധം പിൻവലിക്കാൻ തയാറായിട്ടില്ല.

ക്യൂബയിലെ സോഷ്യലിസ്റ്റ് ഭരണകൂടത്തെ അട്ടിമറിക്കാൻ നിരന്തരമായി ശ്രമിച്ചുകൊണ്ടിരിക്കുന്ന അമേരിക്ക ഇക്കുറി പുതിയൊരു വിഷയവുമായി ചാടിവീണിരിക്കുകയാണ്. അവശ്യസാധനങ്ങളുടെ ദൗർലഭ്യവും സ്വാതന്ത്ര്യനിഷേധവുമൊക്കെ ക്യൂബയിൽ നടമാടുന്നു എന്ന പേരിൽ ഒരു കോലാഹലം ഉണ്ടാക്കാനാണ് അവർ ശ്രമിച്ചത്. ഇത് ഒരു ബഹളത്തിനിടയാക്കും എന്നാണ് അവർ കണക്ക് കൂട്ടിയത്. മറ്റു രാജ്യങ്ങളിൽ ഇടങ്കോലിടാനും ഭരണ വ്യവസ്ഥകളെ അട്ടിമറിക്കാനുമൊക്കെ അമേരിക്കൻ സാമ്രാജ്യത്വം ഉപയോഗപ്പെടുത്തുന്ന കുപ്രസിദ്ധമായ സിഐഎ എന്ന ഏജൻസിയെ തന്നെയാണ് ഇവിടെയും കാര്യങ്ങൾ ഏൽപ്പിച്ചത്. ക്യൂബൻ വിമതൻമാരായ കലാകാരന്മാരുടെ കൂട്ടായ്മയിലും നാടുകടത്തപ്പെട്ട വലതുപക്ഷ ഗ്രൂപ്പായ ക്യൂബലെക്സിലുമൊക്കെ അംഗങ്ങളായവരും റിബലുകളായി വളർത്തിയെടുക്കപ്പെട്ടവരും അമേരിക്കയുടെ പിന്തുണയും പരിശീലനവും നേടിയവരുമൊക്കെയായ ചിലർ അസംതൃപ്തരെന്ന പേരിൽ ക്യൂബൻ സർക്കാരിനെതിരെ പ്രതിഷേധിക്കുകയുണ്ടായി. വലിയ ജനപിന്തുണയുള്ള പ്രക്ഷോഭമായി വ്യാഖ്യാനിച്ചുകൊണ്ട് മാധ്യമങ്ങൾ ഇതിന് പിന്തുണ നൽകി. കഴിഞ്ഞ ജൂലൈ 11ന് റിബലുകളുടെ വേഷം കെട്ടിയ ഏതാനും ആയിരങ്ങൾ സംഘടിച്ച് സോഷ്യലിസത്തിനെതിരെ മുദ്രാവാക്യങ്ങൾ മുഴക്കുകയും അക്രമങ്ങൾ നടത്തുകയും ചെയ്തു. ഉടൻ തന്നെ അമേരിക്കൻ ഭരണകർത്താക്കളും അവരുടെ ചങ്ങാതിമാരായ ബ്രസീലിന്റെ പ്രസിഡൻറ് ബോൾസനാരോയെ പോലുള്ളവരും ഇവരുടെ പ്രക്ഷോഭത്തിന് "ഐക്യദാർഢ്യം" പ്രഖ്യാപിച്ചു.

ക്യൂബ "ക്രൂരമായ സ്വേച്ഛാധിപത്യത്തിലാണ്" എന്നും അവർ ഉദ്ഘോഷിച്ചു. ക്യൂബയിലെ 'ദുരിതമനുഭവിക്കുന്നവരും അസംതൃപ്തരുമായ' ആളുകളെ സഹായിക്കാനും അമേരിക്കയിലെ അധികാരവർഗ്ഗം തയ്യാറായി. ആസൂത്രണം ചെയ്യപ്പെട്ട ഈ പ്രതിഷേധത്തെ ചൂണ്ടികാണിച്ചുകൊണ്ട് അമേരിക്ക വിഷയത്തിൽ നേരിട്ടിടപെടണമെന്നും അവർ ആവശ്യപ്പെട്ടു. മിയാമി മേയർ ഫ്രാൻസിസ് സുവാരസ് ഇക്കാര്യത്തിൽ തുറന്ന നിലപാടെടുത്തു: "ക്യൂബൻ ജനതയ്ക്ക് അന്തർദേശീയ സഹായം ആവശ്യമുണ്ടെന്നും അത് ഏതെങ്കിലും വിധത്തിലുള്ള നേരിട്ടുള്ള അമേരിക്കൻ ഇടപെടലാകാമെന്നും അത് മരുന്നിന്റെയോ ആഹാരത്തിന്റെയോ സൈനികമോ ആയ സഹായകമാകുമെന്നും" അദ്ദേഹം പറഞ്ഞു. ഇടപെടൽ എന്നുപറഞ്ഞാൽ അത് ഒരു പ്രതിവിപ്ലവ പ്രക്ഷോഭത്തെ തുടർന്ന് വരുന്ന ഒരു സൈനിക അട്ടിമറി തന്നെയാണെന്ന് മനസ്സിലാക്കാൻ ബുദ്ധിമുട്ടില്ല.

അമേരിക്കൻ ഇടപെടൽ കാര്യങ്ങൾ വഷളാക്കാതെ നല്ല ഫലം ഉളവാക്കുന്നത് ആയിരിക്കും എന്ന് പ്രതീക്ഷിക്കുന്നവർ യാഥാർഥ്യങ്ങളുമായി ബന്ധം ഇല്ലാത്തവരാണ് എന്നേ പറയാൻ കഴിയൂ. അയൽരാജ്യമായ ഹെയ്ത്തിയുടെ കാര്യമെടുത്താൽതന്നെ ഇത് വ്യക്തമാകും. 2004ലെ ഹെയ്ത്തിയിലെ അമേരിക്കൻ ഇടപെടൽ അവരുടെ പ്രസിഡണ്ടിനെ നീക്കം ചെയ്യുന്നതിലാണ് കലാശിച്ചത്. ക്യൂബയിൽ അമേരിക്ക ഇടപെട്ടാൽ സുസ്ഥിരവും അഭിവൃദ്ധികരവും ഉദാരവും ആയ ജനാധിപത്യം ഉറപ്പാക്കുമെന്ന് കരുതുന്നവർ, ഹെ

(ശേഷം 15–ാം പേജിൽ)

## 2021 ജൂലൈ 13ന് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷ് പുറപ്പെടുവിച്ച പ്രസ്താവന

**അ**മേരിക്കൻ സാമ്രാജ്യത്വം സോഷ്യലിസ്റ്റ് ക്യൂബയിൽ കുത്തിത്തിരിപ്പുകാരെ തിരുകിക്കയറ്റി ആശയക്കുഴപ്പവും അസ്വസ്ഥതയും കുത്തിപ്പൊക്കിയ നടപടിയെ ഞങ്ങൾ ശക്തമായി അപലപിക്കുന്നു. ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളിൽ അമേരിക്കയുടെ മേധാവിത്വത്തെയും കൊള്ളയെയും ചെറുക്കാൻ പ്രചോദനം നൽകുന്ന സോഷ്യലിസ്റ്റ് ക്യൂബയെ അമേരിക്കൻ സാമ്രാജ്യത്വം ഒരു വിപത്തായാണ് കാണുന്നത്. സൈനിക ഇടപെടലിലൂടെയും സാമ്പത്തിക ഉപരോധത്തിലൂടെയും സോഷ്യലിസ്റ്റ് ക്യൂബയെ ഇല്ലായ്മ ചെയ്യാൻ അവർ പലവട്ടം ഗൂഢാലോചന നടത്തി. ഈ ഗൂഢനീക്കങ്ങളെയെല്ലാം ചെറുത്ത് പരാജയപ്പെടുത്തിയ ക്യൂബൻ ജനതയെ അനുമോദിക്കുന്നതോടൊപ്പം, ത്യാഗപൂർണമായ പോരാട്ടങ്ങളിലൂടെ സ്ഥാപിച്ചെടുത്ത സോഷ്യലിസ്റ്റ് വ്യവസ്ഥയെ സംരക്ഷിക്കുന്നതിനായി ജാഗ്രൂകരായിരിക്കാൻ അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

ഒരു സോഷ്യലിസ്റ്റ് രാജ്യത്തെ അസ്ഥിരപ്പെടുത്താനുള്ള സാമ്രാജ്യത്വ സന്നാഹത്തിനെതിരെ ഒറ്റക്കെട്ടായി പ്രതിഷേധം ഉയർത്താനും ക്യൂബൻ ജനതയ്ക്ക് ഐക്യദാർഢ്യം പ്രകടിപ്പിച്ച് ശക്തമായി നിലകൊള്ളാനും ലോകമെമ്പാടുമുള്ള സാമ്രാജ്യത്വ വിരുദ്ധരും സമാധാനപ്രേമികളും ജനാധിപത്യവിശ്വാസികളുമായ ജനങ്ങളോട് ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ജൂലൈ പതിനാലിന് ഇന്ത്യയിലെ എല്ലാ സംസ്ഥാന തലസ്ഥാനങ്ങളിലും പ്രതിഷേധ പ്രകടനങ്ങൾ നടത്തുന്നതാണെന്നും സഖാവ് പ്രൊവാഷ് ഘോഷ് പ്രഖ്യാപിച്ചു. ■

# അമേരിക്കയ്ക്ക് ക്യൂബൻ ജനതയോട് സഹാനുഭൂതി ഉണ്ടെങ്കിൽ ഉപരോധം പിൻവലിക്കുകയാണ് വേണ്ടത്

(14–ാം പേജിൽ നിന്ന്)

യ്യിയിൽ എന്തുകൊണ്ടാണ് കട്ടത്ത ദാരിദ്ര്യവും അസമത്വവും അഴിമതിയും രാഷ്ട്രീയഅക്രമങ്ങളുമൊക്കെ നടമാടുന്നത് എന്ന ചോദ്യത്തിന് ഉത്തരം പറയേണ്ടതുണ്ട്. അഫ്ഗാനിസ്ഥാനിൽ അമേരിക്ക നടത്തുന്ന യുദ്ധം രണ്ടുപതിറ്റാണ്ട് കഴിഞ്ഞിട്ടും തുടരുകയാണ്. 2003ലെ അമേരിക്കയുടെ ഇറാഖ് അധിനിവേശം സൃഷ്ടിച്ച രക്തച്ചൊരിച്ചിലും അനിശ്ചിതത്വവും നമുക്കുമുന്നിലുണ്ട്. സിറിയക്കുമേൽ നടത്തിയ ആക്രമണം മറ്റൊരുദാഹരണമാണ്. അപ്പോൾപ്പിന്നെ ഈ 2021ൽ ക്യൂബയിലെ അമേരിക്കൻ ഇടപെടൽ ഗുണകരമാകും എന്നത് ഫാസിസ്റ്റ് ആശയപ്രചാരണമല്ലാതെ മറ്റൊന്നുമല്ല. അമേരിക്കൻ ഗവൺമെൻറിന് ക്യൂബൻ ജനതയെ സഹായിക്കണമെന്നുണ്ടെങ്കിൽ നിസ്സാരമായി ചെയ്യാവുന്ന ഒരു കാര്യമുണ്ട്; ക്യൂബക്കുമേലുള്ള ഉപരോധം അവസാനിപ്പിക്കുക. പ്രതിഷേധക്കാർ ഉയർത്തിക്കാട്ടുന്ന ഇല്ലായ്മകളുടെയും പരാധീനതകളുടെയുമൊക്കെ പ്രധാന കാരണം അമേരിക്കഏർപ്പെടുത്തിയ ഉപരോധം തന്നെയാണ്.

ഇന്ന് ക്യൂബയിൽ കത്തിപ്പൊക്കി കൊണ്ടുവരുന്ന അസ്വസ്ഥതകളോട് പ്രതികരിച്ചുകൊണ്ട് ക്യൂബൻപ്രസിഡൻറ്മിഗ്വേൽഡയസ് കാനൽ നടത്തിയ ടെലിവിഷൻ പ്രഭാഷണത്തിൽ ജനങ്ങളോട് പറഞ്ഞത് എല്ലാ കുഴപ്പങ്ങൾക്കും ഉത്തരവാദി അമേരിക്ക തന്നെയാണ് എന്നത്രെ. "ക്യൂബയെ ശ്വാസം മുട്ടിച്ചുകൊല്ലുന്ന സാമ്പത്തിക ഉപരോധത്തിലൂടെ രാജ്യത്ത് അസ്വസ്ഥത വിതയ്ക്കാനാണ് അമേരിക്ക ശ്രമിക്കുന്ന"തെന്ന് അദ്ദേഹം വ്യക്തമായി പറഞ്ഞു. ഒരു ചെറിയ വിഭാഗം വരുന്ന പ്രതിവിപ്ലവകാരികൾ ഇതിൽ കരുക്കൾ ആകുന്നു. രാജ്യത്തെ അസ്ഥിരപ്പെടുത്താൻ ഇവരെ ചാവേറുകളായി ഉപയോഗിക്കുകയാണ് അമേരിക്ക. കമ്മ്യൂണിസ്റ്റ് ഭരണം സ്ഥാപിച്ച 1959ലെ ജനകീയ ഉയർത്തെഴുന്നേൽപ്പ് ഓർമ്മിപ്പിച്ചുകൊണ്ട് സോഷ്യലിസത്തെ സംരക്ഷിക്കാനായി മുന്നോട്ടുവരാൻ അദ്ദേഹം ജനങ്ങളോട് ആഹ്വാനം ചെയ്തു. "വിപ്ലവകാരികളായ ജനങ്ങൾ പ്രതിവിപ്ലവ ശക്തികളെ നേരിടുന്നുണ്ട്. നമ്മുടെ രാജ്യത്ത് അരാജകത്വം സൃഷ്ടിക്കാൻ അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ കൂലിപട്ടാളക്കാരെയോ വാടകക്കൊലയാളികളെയോ നമ്മൾ അനുവദിക്കില്ല" എന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഇന്നത്തെ കുഴപ്പങ്ങൾക്കെല്ലാം കാരണം അമേരിക്കയുടെ പണം പറ്റി പ്രവർത്തിക്കുന്ന വരാണ് എന്ന് വിദേശകാര്യമന്ത്രി ബ്രൂണോ റോഡ്രിഗസും പറഞ്ഞു. ക്യൂബയുമായി സൗഹൃദം പുലർത്തുന്ന വെനസ്വേലയുടെ പ്രസിഡൻറ് നിക്കോളാസ് മഡുറോയ്ക്കെതിരേ 2019 ൽ അമേരിക്കൻ ഒത്താശയോടെനടന്നപ്രതിഷേധത്തോടാണ് ഈ നീക്കങ്ങളെ, ക്യൂബൻ കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ ഒരു ഉന്നതനായ റൊഗേലിയോ പൊളാൻകോ ഫ്യൂവന്റസ് ഉപമിച്ചത്.

ക്യൂബയിലെ ഗവൺമെൻറ് വിരുദ്ധ പ്രതിഷേധങ്ങളെ മുതലാളിത്ത മാധ്യമങ്ങൾ ഉയർത്തിക്കാട്ടുന്ന എന്നതും ശ്രദ്ധേയമാണ്. 11 മില്യൺ ജനങ്ങൾ ഉള്ള രാജ്യത്ത് "ആയിരങ്ങൾ" പ്രതിഷേധിക്കുന്നു എന്ന് അവകാശപ്പെട്ടത് ന്യൂയോർക്ക് ടൈംസ് ആണ്. എത്ര ആയിരങ്ങൾ എന്ന് വ്യക്തമാക്കുകയോ അത് വ്യക്തമാക്കുന്ന വീഡിയോ ദൃശ്യങ്ങൾ കാണിക്കുകയോ ചെയ്തിട്ടില്ലതാനും. എന്നാൽ "ഈ തെരുവുകൾ ഫിദലിന്റേതാണ്" എന്ന് വിളിച്ചോതിക്കൊണ്ട് ഗവൺമെന്റിന് പിന്തുണയുമായി ജനങ്ങൾ പ്രകടനം നടത്തുന്ന വീഡിയോ ക്യൂബൻസർക്കാർപുറത്തുവിട്ടിട്ടുണ്ട്. ക്യൂബൻവിരുദ്ധ മനോഭാവം മറ്റൊരു തരത്തിലും മാധ്യമങ്ങൾ പ്രകടിപ്പിക്കുന്നുണ്ട്. ക്യൂബൻ ജനത അഭിമുഖീകരിക്കുന്ന ദൗർലഭ്യത്തിന്റെയുംമറ്റും യഥാർത്ഥ കാരണമെന്ത് എന്ന വിഷയം അവരാരും ചർച്ചചെയ്യുന്നില്ല. കഴിഞ്ഞ ജൂലൈ 11ന് ആയിരക്കണക്കിന് ക്യൂബൻ വിപ്ലവകാരികൾ തലസ്ഥാനമായ ഹവാനയിൽ "ഞാൻ ഫിദലാണ്" എന്ന മുദ്രാവാക്യവുമായി പ്രകടനം നടത്തുന്ന വീഡിയോ ദൃശ്യങ്ങൾ ട്വിറ്ററിൽ പോസ്റ്റ് ചെയ്തിട്ടുണ്ട്.

ഉജ്ജ്വലമായ സാമ്രാജ്യത്വവിരുദ്ധ സമരപാരമ്പര്യമുള്ള മുഴുവൻ ഇന്ത്യക്കാരും ക്യൂബൻ ജനതയോടും ക്യൂബൻ സോഷ്യലിസത്തോടും ഐക്യദാർഢ്യവും സാഹോദര്യവും പ്രഖ്യാപിച്ചുകൊണ്ട് നിലകൊള്ളുകയാണ്. അമേരിക്കൻ സാമ്രാജ്യത്വം ക്യൂബയെ തൊട്ടുപോകരുത്. ■

## പ്ലസ് വൺ പരീക്ഷ റദ്ദാക്കി, മിനിമം പഠനം ഉറപ്പാക്കി പ്ലസ് ടു പരീക്ഷ നടത്തുക

# ഹയർസെക്കൻഡറി വിദ്യാർത്ഥികൾ സമരത്തിൽ

**സെ**പ്റ്റംബർ 6 മുതൽ നടത്താൻ തീരുമാനിച്ചിരിക്കുന്ന പ്ലസ് വൺ പരീക്ഷകൾ ഒഴിവാക്കണമെന്നും ഓൺലൈനായി രാവിലെ +1 ക്ലാസുകളും ഉച്ചയ്ക്ക് ശേഷം +2 ക്ലാസുകളും നടത്തി വിദ്യാർത്ഥികളെ മാനസികമായി പീഡിപ്പിക്കുന്ന അശാസ്ത്രീയമായ പരിപാടി ഉടൻ നിർത്തണമെന്നും ആവശ്യപ്പെട്ടുകൊണ്ട് കേരളത്തിലെ പ്ലസ് വൺ വിദ്യാർത്ഥികൾ സംസ്ഥാന വ്യാപകമായ പ്രക്ഷോഭത്തിലാണ്.




സെക്രട്ടേറിയറ്റിന് മുമ്പിൽ നടന്ന പ്രതിഷേധത്തിൽ എഐഡിഎസ്ഒ ജില്ലാ പ്രസിഡന്റ് ഗോവിന്ദ് ശശി പ്രസംഗിക്കുന്നു




മലപ്പുറത്ത് നടന്ന ഹയർ സെക്കന്ററി വിദ്യാർത്ഥികളുടെ പ്രതിഷേധം എഐഡിഎസ്ഒ സംസ്ഥാന സെക്രട്ടറി പി.കെ.പ്രഭാഷ് ഉദ്ഘാടനം ചെയ്യുന്നു

മലപ്പുറത്ത് നടന്ന ഹയർ സെക്കന്ററി വിദ്യാർത്ഥികളുടെ പ്രതിഷേധം എഐഡിഎസ്ഒ സംസ്ഥാന സെക്രട്ടറി പി.കെ.പ്രഭാഷ് ഉദ്ഘാടനം ചെയ്തു. ഉന്നത വിദ്യാഭ്യാസ രംഗത്തേക്കുള്ള ചവിട്ടുപടിയാണ് ഹയർ സെക്കന്ററി. എന്നാൽ ഗൗരവത്തോടെ ഈ ബാച്ചിനെ സർക്കാർ പരിഗണിച്ചില്ല. വലിയൊരു വിഭാഗം വിദ്യാർത്ഥികൾക്കും പുസ്തകങ്ങൾ ലഭിച്ചിട്ടില്ല. കഴിഞ്ഞ വർഷം പല വിഷയങ്ങൾക്കും അധ്യാപകർ ഉണ്ടായിരുന്നില്ല. സിലബസിന്റെ പത്ത് ശതമാനംപോലും ഓൺലൈൻ ക്ലാസ്സിലൂടെ ലഭ്യമായിട്ടില്ല. ഓൺലൈൻ ക്ലാസ്സുകളിലൂടെ വിദ്യാർത്ഥികൾക്ക് യാതൊന്നും മനസ്സിലാകുന്നില്ല എന്ന് പറയുമ്പോഴും സർക്കാരോ ഹയർ സെക്കന്ററി ബോർഡോ അത് പരിഗണിക്കാൻ തയ്യാറാകുന്നില്ല. മറിച്ച് പരീക്ഷ നടത്തുമെന്ന ഏകപക്ഷീയമായ പ്രഖ്യാപനം ആണ് സർക്കാർ നടത്തിയിരിക്കുന്നത്. ഹയർ സെക്കന്ററിയിലൂടെ നൽകേണ്ട മിനിമം അറിവ് നൽകുവാനുള്ള കൃത്യമായ മാർഗങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ട് ശരിയാംവണ്ണം പ്ലസ് ടു പരീക്ഷ നടത്തുവാനാണ് സർക്കാർ തയാറാകേണ്ടത്. കോവിഡ് വ്യാപനം അനിയന്ത്രിതമായി തുടരുന്ന സാഹചര്യവും സർക്കാർ കണക്കിലെടുക്കണമെന്നും പി.കെ.പ്രഭാഷ് ആവശ്യപ്പെട്ടു. എസ്.അലീന അദ്ധ്യക്ഷത വഹിച്ചു. കെ.റഹീം, കോർ കമ്മിറ്റി അംഗം ലസിൻ, സൽമാൻ തുടങ്ങിയവർ പ്രസംഗിച്ചു.




എറണാകുളത്ത് നടന്ന പ്രതിഷേധ പരിപാടി എഐഡിഎസ്ഒ ജില്ലാ സെക്രട്ടറി നിലീന മോഹൻകുമാർ ഉദ്ഘാടനം ചെയ്യുന്നു

ആഗസ്റ്റ് 5ന് എറണാകുളം ഹൈക്കോടതി ജംഗ്ഷനിൽ നടന്ന പ്രതിഷേധ പരിപാടി എഐഡിഎസ്ഒ ജില്ലാ സെക്രട്ടറി നിലീന മോഹൻകുമാർ ഉദ്ഘാടനം ചെയ്തു. പ്ലസ് വൺ സ്റ്റുഡന്റ്സ് കളക്ടീവ് അംഗം എസ്.കൃഷ്ണ, അധ്യക്ഷത വഹിച്ചു. ജില്ലാ കോർഡിനേറ്റർ എം.നിള, എഐഡിഎസ്ഒ ജില്ലാ വൈസ് പ്രസിഡന്റ് അഞ്ജലി സുരേന്ദ്രൻ, പ്ലസ് വൺ സ്റ്റുഡൻസ് കളക്ടീവ് അംഗങ്ങളായ അമൽ ഗോവിന്ദ്, ഫായിസ്, ഭരത്, അക്ഷിത്, ദേവിക എന്നിവരും പ്രസംഗിച്ചു.




കണ്ണൂർ ടൗണിൽ നടന്ന പ്രതിഷേധ പ്രകടനം

കണ്ണൂർ കലക്ടേറ്റിന് മുന്നിൽ നടന്ന പ്രതിഷേധ ധർണ്ണ എഐഡിഎസ്ഒ സംസ്ഥാന കമ്മിറ്റിയംഗം എമിൽ ബിജു ഉദ്ഘാടനം ചെയ്തു. ജില്ലാ കമ്മിറ്റിയംഗം കെ.എസ്.സഞ്ജയ് അദ്ധ്യക്ഷത വഹിച്ചു. അർജ്ജുൻ സുരേഷ്, പി.പ്രണവ്, കെ.വി.അർജ്ജുൻ, എം.അഷിനാദ്, കെ.രമിത്, അനവിന്ദ് എന്നിവർ പ്രസംഗിച്ചു. ജില്ലാ സെക്രട്ടറി അകിൽ മുരളി സ്വാഗതവും ആർ.അപർണ്ണ നന്ദിയും പറഞ്ഞു.

കോട്ടയം ടൗണിൽ നടന്ന പരിപാടി എഐഡിഎസ്ഒ സംസ്ഥാന കമ്മിറ്റിയംഗം ആർ.മീനാക്ഷി ഉദ്ഘാടനം ചെയ്തു. പ്ലസ് വൺ വിദ്യാർത്ഥിനി ബിയാ ചെറിയാൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ എഐഡിഎസ്ഒ സംസ്ഥാന കമ്മിറ്റിയംഗം എമിൽ ബിജു, പ്ലസ് വൺ വിദ്യാർത്ഥിനിയായ നിള കൃഷ്ണ തുടങ്ങിയവർ പ്രസംഗിച്ചു.

സോഷ്യൽമീഡിയയിലൂടെവളർന്നുവന്ന പ്രതിഷേധം തെരുവിലേക്ക്വ്യാപിപ്പിക്കുകയാണെന്ന് സമരനേതാക്കൾ പ്രഖ്യാപിച്ചു. നിരവധി വിദ്യാർത്ഥികളും എഐഡിഎസ്ഒ ഭാരവാഹികളും പൊതുജനങ്ങളും സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് മുന്നോട്ട് വന്നുകൊണ്ടിരിക്കുന്നു. ■

REGISTERED.
R.N. 24773/1992

UNITY Malayalam Monthly

2021 August
Vol.48 No.4 Price: Rs. 5.00

# ആഗസ്റ്റ് 5 : സഖാവ് ശിബ്ദാസ് ഘോഷ് അനുസ്മരണ ദിനം ആചരിച്ചു

മഹാനായ തൊഴിലാളിവർഗ്ഗ ആചാര്യനും എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ സ്ഥാപക ജനറൽ സെക്രട്ടറിയുമായ സഖാവ് ശിബ്ദാസ് ഘോഷിന്റെ 45-ാം ചരമവാർഷിക ദിനം രാജ്യമെമ്പാടും സമുചിതംആചരിക്കപ്പെട്ടു.കോവിഡ് മഹാമാരിമൂലം ബഹുജന പങ്കാളിത്തത്തോടെയുള്ള പൊതുപരിപാടികൾ നടത്താൻ കഴിഞ്ഞില്ലെങ്കിലും ഓൺലൈൻ മീറ്റിംഗുകൾ വ്യാപകമായി സംഘടിപ്പിക്കപ്പെട്ടു. പാർട്ടി ഓഫീസുകളും സെന്ററുകളും കേന്ദ്രീകരിച്ച് നടന്ന ആഴമാർന്ന പഠന പരിപാടികളിലും ഗൗരവാവഹമായ ആചരണ പരിപാടികളിലും നേതാക്കളും പ്രവർത്തകരും സജീവമായി പങ്കെടുത്തു.

ആഗസ്റ്റ് 5ന് രാവിലെ നടന്ന സംസ്ഥാനതല ഓൺലൈൻ അനുസ്മരണ യോഗത്തിൽ പാർട്ടി പൊളിറ്റ് ബ്യൂറോ മെമ്പർ സഖാവ് കെ. രാധാകൃഷ്ണ മുഖ്യപ്രഭാഷണം നടത്തി. ജനങ്ങളുടെ ജീവിത ദുരിതങ്ങൾ നാൾക്കുനാൾ വർദ്ധിക്കുകയാണെന്നും കോവിഡ് മഹാമാരി അത് കൂടുതൽ രൂക്ഷമാക്കിയിരിക്കുന്നുവെന്നും സൂചിപ്പിച്ചുകൊണ്ടാണ് സഖാവ് രാധാകൃഷ്ണ പ്രസംഗം ആരംഭിച്ചത്. ദീർഘകാലം രാജ്യം ഭരിച്ച കോൺഗ്രസ് ഗവൺമെന്റുകൾക്കോ ബിജെപി ഗവൺമെന്റുകൾക്കോ ജനങ്ങളുടെ പ്രശ്നങ്ങൾക്കൊന്നും പരിഹാരമുണ്ടാക്കാൻ കഴിയാതെപോയത് നിലനിൽക്കുന്ന മുതലാളിത്ത വ്യവസ്ഥയാണ് പ്രശ്നങ്ങളുടെ മൂലകാരണം എന്നതിനാലാണ്. അധികാരമേൽക്കുന്നവർ മുതലാളിവർഗ്ഗ താല്പര്യം സംരക്ഷിക്കുന്നതിൽമാത്രം വ്യാപൃതരാകുന്നു. കോവിഡ് കാലവും ഈ യാഥാർത്ഥ്യം സുവ്യക്തമാക്കിത്തിരികയുണ്ടായി. മുതലാളിത്ത വ്യവസ്ഥയെ മാറ്റിത്തീർക്കാതെ ജീവിത പ്രശ്നങ്ങൾക്ക് ശാശ്വാത പരിഹാരം കണ്ടെത്താനാവില്ല എന്നും ഇതിലൂടെ വ്യക്തമാണ്.



ജനാധിപത്യ-മതേതര രാഷ്ട്രം കെട്ടിപ്പടുക്കുന്നതിനായി രാജ്യത്തെ ജനങ്ങൾ ത്യാഗോജ്ജ്വലമായ പോരാട്ടങ്ങൾ നടത്തിയെങ്കിലും അതെല്ലാം വ്യഥാവിലായി. മോദി ഗവൺമെന്റാകട്ടെ ജനാധിപത്യ-മതേതര ഘടനയെത്തന്നെ തകർക്കുന്ന പദ്ധതിയാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഈ ഫാസിസ്റ്റ് നയങ്ങൾ മോദിയുടെമാത്രം സവിശേഷതയല്ലെന്നും മരണാസന്ന മുതലാളിത്ത വ്യവസ്ഥയുടെ വർഗ്ഗപരമായ ആവശ്യകതയിൽനിന്ന് ഉടലെടുത്തതാണെന്നും സഖാവ് രാധാകൃഷ്ണ ചൂണ്ടിക്കാണിച്ചു. അതുകൊണ്ടുതന്നെ മുഴുവൻ മുതലാളിത്ത രാജ്യങ്ങളുടെയും പൊതുപ്രവണതയായി ഫാസിസം പ്രത്യക്ഷപ്പെട്ടിരിക്കുന്നു. സാമ്പത്തിക-രാഷ്ട്രീയ-സാംസ്കാരിക മേഖലകളെയാകെ ഉൾക്കൊള്ളുന്ന സമഗ്രമായ പ്രതിവിപ്ലവ പദ്ധതിയാണ് ഫാസിസമെന്നും അത് ഒരു ജനതയെയാകെ ഫാസിസ്റ്റ് മനോഭാവത്തിനും അഭിരുചികൾക്കും അടിമപ്പെടുത്തുമെന്നും സഖാവ് ഘോഷ് വിശകലനം ചെയ്തിട്ടുണ്ട്. മുഴുവൻ ബൂർഷ്വ- പെറ്റിബൂർഷ്വ പാർട്ടികളും കപട ഇടതുപക്ഷ പാർട്ടികൾപോലും ഇന്ന് ഈ നയങ്ങളുടെ നടത്തിപ്പുകാരായി മാറിയിരിക്കുന്നു. തൊഴിലാളിവർഗ്ഗ സമരങ്ങളും പൊതുജന മുന്നേറ്റങ്ങളും വളർത്തിയെടുത്തുകൊണ്ടേ ഈ സാഹചര്യത്തെ മറികടക്കാനാകൂ. അതിന് ശരിയായ കമ്മ്യൂണിസ്റ്റ് പാർട്ടിയെ ശക്തിപ്പെടുത്തേണ്ടതുണ്ട്.

ആഗസ്റ്റ് 5 അനുസ്മരണ വേള ഉൾപാർട്ടി സമരത്തെയും വ്യക്തിജീവിതത്തിലെ സമരത്തെയും ശക്തിപ്പെടുത്താനുള്ള വേളകൂടിയാണെന്ന് ഓർമ്മിപ്പിച്ചുകൊണ്ടാണ് സഖാവ് രാധാകൃഷ്ണ പ്രസംഗം അവസാനിപ്പിച്ചത്.

സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം സഖാവ് ജയ്സൺ ജോസഫ് അദ്ധ്യക്ഷത വഹിച്ചു. വർത്തമാനകാല ദേശീയ, അന്തർദ്ദേശീയ സാഹചര്യങ്ങൾ ഹ്രസ്വമായി പ്രതിപാദിച്ച സഖാവ് ജയ്സൺ ജോസഫ് അടിയന്തരമായി ഏറ്റെടുക്കേണ്ട കർത്തവ്യങ്ങൾ സഖാക്കളെ ഓർമ്മിപ്പിച്ചു. ശിബ്ദാസ് ഘോഷ് ഗാനം ആലപിച്ചുകൊണ്ട് ആരംഭിച്ച യോഗം തൊഴിലാളിവർഗ്ഗ സാർവ്വദേശീയ ഗാനാലാപനത്തോടെ സമാപിച്ചു. ■

# കരുവന്നൂർ സഹകരണ ബാങ്ക് തട്ടിപ്പ്: കുറ്റവാളികളെയും കൂട്ടുനിന്നവരെയും ഉടൻ അറസ്റ്റ് ചെയ്യുക, നിക്ഷേപകർക്കുണ്ടായ മുഴുവൻ നഷ്ടവും ഉടൻ നികത്തുക

കരുവന്നൂർ സഹകരണ ബാങ്കിൽനിന്നും 100 കോടിയുടെ തട്ടിപ്പ് നടത്തിയവരെ ഉടൻ നിയമത്തിന്റെ മുന്നിൽ കൊണ്ടുവന്ന് ശിക്ഷിക്കണം എന്നത് സ്വാഭാവികനീതിനടത്തിപ്പ് ആവശ്യപ്പെടുന്ന മിനിമം കാര്യമാണ്. ജനങ്ങൾ വിയർപ്പൊഴുക്കി ഉണ്ടാക്കിയ നിക്ഷേപങ്ങളാണ് ജീവനക്കാരിൽ ചിലരും ഭരണസമിതിയും സഹകരണവകുപ്പിലെ അധികാരികളും ചേർന്ന് പങ്കിട്ടെടുത്തിരിക്കുന്നത്. ഓഡിറ്റ് റിപ്പോർട്ടുകളും പരിശോധനകളും പല തരത്തിലുള്ള പരാതികളുമൊക്കെ പ്രതികളെ സ്പർശിക്കാതെ 20 വർഷക്കാലം കൊള്ളക്ക് സംരക്ഷണമൊരുക്കിക്കൊണ്ട് ഔദ്യോഗിക സംവിധാനങ്ങൾ തന്നെ പ്രവർത്തിച്ചു എന്നത് അക്ഷന്തവ്യമാണ്. അതുകൊണ്ട് ഈ കൊള്ളയ്ക്ക് കൂട്ടുനിന്നവരെക്കൂടി പ്രതി ചേർത്ത് വേണം അന്വേഷണം നടത്തേണ്ടത്. 40 വർഷമായി ഒരേ മുന്നണിതന്നെ ഭരണം നടത്തിയ ബാങ്കിൽ, തട്ടിപ്പിന്റെ ഉത്തരവാദിത്തം മറ്റാരുടെയും തലയിൽ കെട്ടിവച്ച് രക്ഷപ്പെടാൻ കഴിയില്ല. ബാങ്കിലെ മുൻ ജീവനക്കാരും ജില്ലാ രജിസ്ട്രാറും പല തരത്തിലുള്ള ശുപാർശകളും പരാതികളും നൽകിയിട്ടും അതെല്ലാം മൂടിവക്കുകയാണ് സംസ്ഥാന സർക്കാർ ചെയ്തുവന്നത്. ഭരണ പാർട്ടികളുടെ ആളുകൾ തന്നെയാണ് തട്ടിപ്പ് നടത്തിയിരിക്കുന്നത് എന്ന വസ്തുത, അന്വേഷണത്തെ പ്രതികൂലമായി ബാധിക്കുമോ എന്ന സംശയവും ന്യായമാണ്. ഈ സംശയം ദൂരീകരിക്കാനുള്ള ഉത്തരവാദിത്തം സംസ്ഥാന സർക്കാരിനുണ്ട്. പോലീസ് അന്വേഷണത്തോടൊപ്പം ഭരണസംവിധാനത്തിൽനിന്ന് സ്വതന്ത്രമായ അന്വേഷണവും ഇക്കാര്യത്തിൽ നടക്കേണ്ടിയിരിക്കുന്നു. നൂറിലേറെ ബാങ്കുകളിൽനിന്ന് സമാനസ്വഭാവത്തിൽ തട്ടിപ്പിന്റെ വാർത്തകൾ ഇതിനകം പുറത്തുവന്നുകഴിഞ്ഞു.

ഈ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ മുഴുവൻ സഹകരണ ബാങ്കുകളിലും പ്രത്യേക പരിശോധനകൾ നടത്തണമെന്ന് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ആവശ്യപ്പെടുന്നു. അതോടൊപ്പം, സംസ്ഥാന ഭരണവും സഹകരണ വകുപ്പും ബാങ്ക് ഭരണസമിതിയും ജീവനക്കാരും എല്ലാം ഒരു കേന്ദ്രത്തോട് വിധേയപ്പെട്ട് നിൽക്കുന്ന തരത്തിലുള്ള സഹകരണ ബാങ്കുകളുടെ ഇന്നത്തെ ഘടനാപരമായ പരിമിതിയും അന്വേഷണ വിധേയമാക്കേണ്ടതുണ്ട്. കൂടുതൽ സുതാര്യത ഈ രംഗത്ത് കൊണ്ടുവരാൻ ആവശ്യമായ പരിഷ്കാരങ്ങൾ എന്തൊക്കെയെന്ന വിഷയത്തിൽ ഒരു പൊതുവായ ചർച്ചയും ഇന്ന് ആവശ്യമായിരിക്കുന്നു. ■

# കെ റെയിൽ സിൽവർ ലൈൻ വിരുദ്ധ സമരം ശക്തമാകുന്നു

സംസ്ഥാന സർക്കാർ നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിരിക്കുന്ന കാസർകോട്-തിരുവനന്തപുരം അർദ്ധ അതിവേഗ പാതക്കെതിരെ സംസ്ഥാന വ്യാപകമായി സമരം ശക്തമാകുന്നു. കേരളത്തിന്റെ പരിസ്ഥിതിയെയും ആവാസവ്യവസ്ഥയെയും തകർക്കുന്ന, ഒരു ലക്ഷത്തിലേറെ ജനങ്ങളെ കുടിയൊഴിപ്പിക്കുന്ന, തലമുറകളെ കടക്കെണിയിലാക്കുന്ന, കേരളത്തെ ഭീകരമായ ദുരന്തത്തിലേക്ക് നയിക്കുന്ന കെ റെയിൽ പദ്ധതി ഉപേക്ഷിക്കണമെന്ന് ആവശ്യപ്പെട്ട് സംസ്ഥാന കെ റെയിൽ വിരുദ്ധ ജനകീയ സമിതിയുടെ ആഭിമുഖ്യത്തിൽ ക്വിറ്റിന്ത്യാ ദിനമായ ആഗസ്റ്റ് 9 മുതൽ സ്വാതന്ത്ര്യ ദിനമായ ആഗസ്റ്റ് 15 വരെ 'ക്വിറ്റ് സിൽവർലൈൻ, സേവ് കേരള' മുദ്രാവാക്യം ഉയർത്തിക്കൊണ്ട് വാരാചരണം പ്രഖ്യാപിച്ചു.

ആഗസ്റ്റ് 9ന് വാരാചരണത്തിന്റെ ഔപചാരികമായ ഉദ്ഘാടനം ഓൺലൈനായി പ്രശസ്ത ശാസ്ത്ര-സാമൂഹിക പ്രവർത്തകനായ ആർ.വി.ജി. മേനോൻ നിർവഹിച്ചു. സാമൂഹികമായും സാമ്പത്തികമായും പാരിസ്ഥിതികമായും കേരളത്തിന് നിരക്കാത്ത ഒരു പദ്ധതി വളരെ ദുരൂഹമായ രീതിയിൽ ജനാധിപത്യവിരുദ്ധമായി നടപ്പിലാക്കാൻ ശ്രമിക്കുന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നതെന്നും വേഗതാപ്രശ്നം പരിഹരിക്കാൻ നിലവിലുള്ള ഇന്ത്യൻ റെയിൽവേയുടെ സംവിധാനങ്ങൾ പരിഷ്കരിക്കുന്നതിലൂടെ കഴിയുമെന്നും അദ്ദേഹം പറഞ്ഞു. പദ്ധതിക്കെതിരെ ശക്തമായ ബഹുജന മുന്നേറ്റം വളർത്തിയെടുക്കേണ്ടതാണെന്നും അതിനായി പൊതുസമൂഹം മുന്നോട്ട് വരണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു. സമിതി പ്രസിഡണ്ട് എം.പി.ബാബുരാജിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഡോ.എം.വി.മത്തായി, എൻഎപിഎം സംസ്ഥാന കോ-ഓർഡിനേറ്റർ പ്രൊഫസർ കുസുമം ജോസഫ് സമിതി രക്ഷാധികാരികളായ എം.ടി. തോമസ്, കെ.എസ്.ശിവപ്രസാദ്, സംസ്ഥാന സമിതി അംഗം കെ. എസ്.ഹരികുമാർ തുടങ്ങിയവർ പ്രസംഗിച്ചു.



മാടപ്പള്ളിയിലെ റിലേ സത്യാഗ്രഹത്തെ ഡോ.ഗീവർഗ്ഗീസ് മാർ കൂറിലോസ് മെത്രാപോലീത്ത അഭിസംബോധന ചെയ്യുന്നു

സംസ്ഥാന സമിതി ജനറൽ കൺവീനർ എസ്. രാജീവൻ തുടർ സമരപരിപാടികൾ വിശദീകരിച്ചു. പദ്ധതി കടന്നുപോകുന്ന 135 തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ മുന്നിൽ സെപ്റ്റംബർ മാസത്തിൽ പ്രതിഷേധ പരിപാടികൾ നടത്തും. പ്രചണ്ഡമായ പ്രചാരണ പ്രവർത്തനങ്ങൾക്ക് ശേഷം ഒക്ടോബർ 27ന് ആയിരങ്ങളെ അണിനിരത്തി സെക്രട്ടേറിയറ്റ് മാർച്ച് നടത്തും. പദ്ധതി നടപ്പിലാക്കാനുള്ള കെ റെയിൽ നീക്കത്തെ ചെറുത്ത് പരാജയപ്പെടുത്തുവാൻ ഇരകളാക്കപ്പെടുന്നവർ മാത്രമല്ല മറ്റെല്ലാ ജനവിഭാഗങ്ങളെയും ഉൾപ്പെടുത്തി സങ്കുചിത കക്ഷിരാഷ്ട്രീയത്തിനും ജാതി-മത പരിഗണനകൾക്കും അതീതമായ ജനകീയ മുന്നേറ്റം വളർത്തിയെടുക്കുമെന്നും സംസ്ഥാന കെ.റെയിൽ വിരുദ്ധ ജനകീയ സമിതി പ്രഖ്യാപിച്ചു. ■

Edited & Published by V.Venugopal, SUCI(C) Office, T.C. 12/1242, Law College Jn, Kunnukuzhy, Trivandrum - 695 035. Ph: 0471-2307151;
E-mail: unitymagazine@gmail.com; Website: www.kerala.sucicommunist.org on behalf of Kerala State Committee, SUCI(C).